بِسْمِ اللهِ الرَّحْمٰنِ الرَّحِيْمِ نَحْمَدُهٗ وَنُصَلِّيْ عَلٰى رَسُوْلِهِ الْكَرِيْمِ وَعَلٰى عَبْدِهِ الْمَسِيْحِ الْمَوْعُوْدِ

وَلَقَدْ نَصَرَكُمُ اللّٰهُ بِبَدْرٍ وَّاَنْتُمْ اَذِلَّةٌ

# ബദർ

വീക്കിലി ഖാദിയാൻ

Weekly
BADAR Qadian
Malayalam

വാള്യം 6

ലക്കം 3

വാർഷിക വരിസംഖ്യ 500 രൂപ

പത്രാധിപർ എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ മുഹമ്മദ് ഇസ്മായീൽ

www.akhbarbadrqadian.in

2021ജനുവരി 21/ഹി.ശം. 1400 സ്വുൽഹ് 21/1442 ജമാദുൽ ആഖർ 07

## അല്ലാഹുവിന്റെ വചനം

يٰۤاَيُّهَا الَّذِيْنَ اٰمَنُوْۤا اٰمِنُوْا بِاللّٰهِ وَرَسُوْلِهٖ وَالْكِتٰبِ الَّذِيْ نَزَّلَ عَلٰى رَسُوْلِهٖ وَالْكِتٰبِ الَّذِيْۤ اَنْزَلَ مِنْ قَبْلُ ؕ (النساء:137)

'വിശ്വസിച്ചവരേ! അല്ലാഹുവിലും അവന്റെ ദൂതനിലും അവന്റെ ദൂതന് അവൻ ഇറക്കിയിട്ടുള്ള ഗ്രന്ഥത്തിലും ഇതിനുമുമ്പേ അവൻ ഇറക്കിക്കഴിഞ്ഞിട്ടുള്ള ഗ്രന്ഥത്തിലും വിശ്വസിക്കുക.'

(4:137)

## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ് സയ്യിദുനാ അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലാഹ് അല്ലാഹുവിന്റെ അനുഗ്രഹത്താൽ സുഖത്തിലും ക്ഷേമത്തിലുമാണ്. സ്നേഹിതന്മാർ അമീറുൽ മുഅ്മിനീന്റെ പൂർണാരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ദീർഘായുസ്സിനും ഉന്നതലക്ഷ്യങ്ങളിൽ വിജയവും പ്രത്യേകകാവലും ഉണ്ടാകുന്നതിനും ദുആ ചെയ്യുക. അല്ലാഹു എപ്പോഴും അമീറുൽ മുഅ്മിനീന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. ആമീൻ

## നബി(സ)യുടെ സാരോപദേശം:

(955) ഹദ്റത്ത് ബറാഅ്(റ) നിവേദനം. അദ്ദേഹം പറഞ്ഞു: 'ഒരു ബലിപ്പെരുന്നാൾ ദിവസം നബി(സ)തിരുമേനി നമസ്കാരശേഷം ഞങ്ങളോടു പ്രസംഗിച്ചു. അങ്ങനെ നബി(സ)തിരുമേനി പറഞ്ഞു: 'വല്ലവനും നാം നമസ്കരിക്കുന്നതുപോലെ നമസ്കരിക്കുകയും നാം ബലിയറുക്കുംപോലെ ബലിയറുക്കുകയും ചെയ്തുവെങ്കിൽ അവന്റെ ബലി ശരിയായ മാർഗത്തിലാണ് നടന്നത്. എന്നാൽ, വല്ലവനും നമസ്കാരത്തിനുമുമ്പേ ബലി കഴിച്ചെങ്കിൽ ആ ബലി നമസ്കാരത്തിനു മുമ്പേയുള്ളതാണ്. ശരിയായ ബലിയല്ല. അപ്പോൾ അബൂ ബുർദ (റ)പറഞ്ഞു: അദ്ദേഹം ബറാഅ്ന്റെ അമ്മാവനാണ്. 'അല്ലാഹുവിന്റെ ദൂതരേ, ഞാൻ എന്റെ ആടിനെ നമസ്കാരത്തിനു മുമ്പേ ബലിയറുത്തു. ഇന്നത്തെ ദിവസം തിന്നുകയും കുടിക്കുകയും ചെയ്യുന്ന ദിവസമാണെന്ന് ഞാൻ മനസ്സിലാക്കി. അതനുസരിച്ച് എന്റെ വീട്ടിൽ അറുക്കപ്പെടുന്ന ആദ്യത്തെ ആട് എന്റെ ആടായിരിക്കണമെന്നും ഞാനാഗ്രഹിച്ചു. എന്റെ ആടിനെ ഞാൻ അറുത്തു. പെരുന്നാൾ നമസ്കാരത്തിനു പുറപ്പെടും മുമ്പേ അതുംകൊണ്ട് ഞാൻ പ്രാതൽ കഴിക്കുകയും ചെയ്തു. നബി(സ)തിരുമേനി പറഞ്ഞു: 'നിന്റെ ആട് മാംസത്തിന്റെ ആടു മാത്രമാണ്.' അബൂ ബുർദ പറഞ്ഞു: 'പ്രവാചകരേ! ഞങ്ങളുടെ അടുത്ത് ഒരു വയസായ ഒരു ആട്ടിൻകുട്ടിയുണ്ട്. രണ്ടാടിനെക്കാൾ എനിക്കിഷ്ടപ്പെട്ടതാണ്. എനിക്കുവേണ്ടി അതിനെ ബലി അറുക്കാൻ പറ്റുമോ? നബി(സ)തിരുമേനി പറഞ്ഞു: 'അതേ, മതിയാകും. എന്നാൽ, നിനക്കു ശേഷം അത് മറ്റാർക്കുംവേണ്ടി മതിയാകുകയില്ല.' (സ്വഹീഹ് ബുഖാരി വാള്യം 2, കിതാബുൽ യീദയ്ൻ, പ്രസാധനം ഖാദിയാൻ 2006)

## ഈ ലക്കത്തിൽ


ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വെല്ലുവിളി

ഖുത്വ്ബ ജുമുഅ 2020 ഡിസംബർ 4 (സമ്പൂർണ തർജമ)

പര്യടന റിപ്പോർട്ട് ഹുദൂർ അയ്യദഹുല്ലാഹ്


**ദുആചെയ്യുക. അല്ലാഹു ഈ വർഷം ജമാഅത്തിനും ലോകത്തിനും മനുഷ്യത്വത്തിനും അനുഗൃഹീതമാക്കിതീർക്കുമാറാകട്ടെ.**

**നമ്മളും നമ്മുടെ ഉത്തരവാദിത്വങ്ങൾ നിറവേറ്റിക്കൊണ്ട് മുമ്പേയുള്ളതിനെക്കാളുരി അല്ലാഹുവിന്റെ മുമ്പിൽ പ്രണമിക്കുന്നവരും ആരാധനാകർമങ്ങളുടെ നിലവാരങ്ങൾ ഉയർത്തുന്നവരുമായിത്തീരട്ടെ.**

**ലൗകികരായ ആളുകളും തങ്ങളുടെ സൃഷ്ടിയുദ്ദേശ്യലക്ഷ്യം മനസ്സിലാക്കിക്കൊണ്ട് അല്ലാഹുവിനോടുള്ള കടമകൾ നിർവഹിക്കുന്നവരായിത്തീരുമാറാകട്ടെ.**

**ഓരോ അഹ്മദിയേയും വളരെ വലിയൊരു ജോലിയാണ് ഏല്പിക്കപ്പെട്ടിട്ടുള്ളത്. അതു നടപ്പിൽ വരുത്തുന്നതിന് ആദ്യം തന്റെ ഉള്ളിൽ സ്നേഹത്തിന്റേയും സൗഹാർദത്തിന്റേയും സാഹോദര്യത്തിന്റേയും അന്തരീക്ഷം ഉണ്ടാക്കേണ്ടതാണ്; സ്വന്തം സമൂഹത്തിൽ, അഹ്മദി സമൂഹത്തിൽ! പിന്നീട് അല്ലാഹുവിന്റെ തൗഹീദിന്റേയും ഹദ്റത്ത് മുഹമ്മദു മുസ്തഫാ(സ) ഉയർത്തിയതുമായ പതാകയ്ക്കു കീഴിൽ ലോകത്തെ കൊണ്ടുവരിക. അപ്പോഴാണ് നമുക്ക് നമ്മുടെ ബയ്അത്തിന്റെ ഉദ്ദേശ്യത്തിൽ വിജയിക്കാൻ സാധിക്കുന്നത്. അപ്പോഴാണ് നമുക്ക് ബയ്അത്തിന്റെ കടമ നിർവഹിക്കുന്നവരായി തീരാൻ കഴിയുന്നത്. നമുക്ക് അല്ലാഹുവിന്റെ കൃപാതിരേകങ്ങളുടെ അനന്തരാവകാശിയാകാൻ കഴിയുന്നത്. അപ്പോഴാണ് നമുക്ക് പുതുവർഷത്തിന്റെ ആശംസകൾ കൊടുക്കാനും വാങ്ങാനും അർഹരാകാൻ കഴിയുന്നത്.**

**ഇക്കാര്യം മനസ്സിലാക്കിക്കൊണ്ട് ഈ വർഷം ഞാൻ ലോകത്ത് ഒരു വിപ്ലവം സൃഷ്ടിക്കുന്നതിനുവേണ്ടി എന്റെ എല്ലാതരം കഴിവുകളും ഉപയോഗിക്കുന്നതായിരിക്കുമെന്ന് പുരുഷനും സ്ത്രീയും യുവാവും കുട്ടിയും വൃദ്ധനും എല്ലാവരും പ്രതിജ്ഞ ചെയ്യുക.**

## സയ്യിദുനാ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലായുടെ ഉദാത്തമായ ഉപദേശങ്ങൾ

ഇന്ന് പുതുവർഷത്തിന്റെ ആദ്യ ദിവസമാകുന്നു. ആദ്യത്തെ ജുമുഅ ആകുന്നു. ദുആചെയ്യുക. അല്ലാഹു ഈ വർഷം ജമാഅത്തിനും ലോകത്തിനും മനുഷ്യത്വത്തിനും അനുഗൃഹീതമാക്കിതീർക്കുമാറാകട്ടെ. നമ്മളും നമ്മുടെ ഉത്തരവാദിത്വങ്ങൾ നിറവേറ്റിക്കൊണ്ട് മുമ്പേയുള്ളതിനെക്കാളുപരി അല്ലാഹുവിന്റെ മുമ്പിൽ പ്രണമിക്കുന്നവരും ആരാധനാകർമങ്ങളുടെ നിലവാരങ്ങൾ ഉയർത്തുന്നവരുമായിത്തീരട്ടെ. ലൗകികരായ ആളുകളും തങ്ങളുടെ സൃഷ്ടിയുദ്ദേശ്യലക്ഷ്യം മനസ്സിലാക്കിക്കൊണ്ട് അല്ലാഹുവിനോടുള്ള കടമകൾ നിർവഹിക്കുന്നവരായിത്തീരുമാറാകട്ടെ. തമ്മിൽത്തമ്മിൽ അവകാശങ്ങൾ ധ്വംസിക്കുന്നതിനു പകരം അല്ലാഹുവിന്റെ കൽപ്പനകൾ നിറവേറ്റിക്കൊണ്ട് പരസ്പരം അവകാശങ്ങൾ നിറവേറ്റുന്നവരായിത്തീരട്ടെ. ഇല്ലെങ്കിൽ അല്ലാഹു അവന്റേതായ രീതിയിൽ ലൗകികരായവരുടെ നിർബന്ധകടമകളിലേക്ക് ശ്രദ്ധതിരിക്കുന്നുണ്ട്. നമ്മളും ലോകത്തിലെ ജനങ്ങളും ഈ പ്രധാനപ്പെട്ട പോയന്റ് മനസ്സിലാക്കുകയും നമ്മുടെ ദുൻയാവും ആഖിബത്തും സുവർണമാക്കുകയും ചെയ്തിരുന്നെങ്കിൽ എത്ര നന്നായിരുന്നു.

അതിനാൽ നമ്മൾ നമ്മുടെ നിർബന്ധ കടമകളെ ഈ മാർഗത്തിൽ നിറവേറ്റുന്നവരാകുമ്പോഴാണ് ഈ വർഷം ആശംസകൾ നേരുന്ന വർഷമായിത്തീരുന്നത്. ആളുകൾക്ക് മനസ്സിലാക്കിക്കൊടുക്കുക. ലോകത്തിന് മനസ്സിലാക്കിക്കൊടുക്കുക. ഇതെല്ലാം ചെയ്യുന്നതിന് നമുക്ക് നമ്മുടെ അവസ്ഥകളെ വിലയിരുത്തേണ്ടി വരുമെന്നത് പ്രകടമാണ്. നമ്മൾ കാലഘട്ടത്തിന്റെ ഇമാമായ മസീഹ് മൗഊദിനേയും മഹ്ദി മഅ്ഹൂദിനേയും വിശ്വസിക്കുന്നവരാണ്. നമ്മുടെ സ്വന്തം അവസ്ഥകൾ അങ്ങനെയായി കഴിഞ്ഞിട്ടുണ്ടോ? അതായത് നമ്മൾ അല്ലാഹുവിനോടുള്ള കടമകൾ നിറവേറ്റുന്നതോടൊപ്പം അല്ലാഹുവിനുവേണ്ടിമാത്രം അവന്റെ ദാസരോടുള്ള കടമകളും നിറവേറ്റുന്നവരാണോ? അല്ലെങ്കിൽ ഇപ്പോൾ നമുക്ക് നമ്മുടെ പരിഷ്കരണം നടത്തേണ്ടതിന്റേയും പരസ്പരമുള്ള സ്നേഹത്തിന്റേയും പ്രീതിയുടേയും വികാരങ്ങളെ അസാധാരണമായ നിലവരെ കൊണ്ടുവരേണ്ടതിന്റേയും ആവശ്യമുണ്ടോ? അതുകൊണ്ട് എല്ലാ അഹ്മദികളും ചിന്തിക്കേണ്ടതാണ്. അവനെ വളരെ വലിയൊരു ജോലിയാണ് ഏല്പിക്കപ്പെട്ടിട്ടുള്ളത്. അതു നടപ്പിൽ വരുത്തുന്നതിന് ആദ്യം തന്റെ ഉള്ളിൽ സ്നേഹത്തിന്റേയും സൗഹാർദത്തിന്റേയും സാഹോദര്യത്തിന്റേയും അന്തരീക്ഷം ഉണ്ടാക്കേണ്ടതാണ്; സ്വന്തം സമൂഹത്തിൽ, അഹ്മദി സമൂഹത്തിൽ! പിന്നീട് അല്ലാഹുവിന്റെ തൗഹീദിന്റേയും ഹദ്റത്ത് മുഹമ്മദു മുസ്തഫാ(സ)ഉയർത്തിയതുമായ പതാകയ്ക്കു കീഴിൽ ലോകത്തെ കൊണ്ടുവരിക. അപ്പോഴാണ് നമുക്ക് നമ്മുടെ ബയ്അത്തിന്റെ ഉദ്ദേശ്യത്തിൽ വിജയിക്കാൻ സാധിക്കുന്നത്. അപ്പോഴാണ് നമുക്ക് ബയ്അത്തിന്റെ കടമ നിർവഹിക്കുന്നവരായി തീരാൻ കഴിയുന്നത്. നമുക്ക് അല്ലാഹുവിന്റെ കൃപാതിരേകങ്ങളുടെ അനന്തരാവകാശിയാകാൻ കഴിയുന്നത്. അപ്പോഴാണ് നമുക്ക് പുതുവർഷത്തിന്റെ ആശംസകൾ കൊടുക്കാനും വാങ്ങാനും അർഹരാകാൻ കഴിയുന്നത്. അല്ലാഹു അതിനു നമുക്ക് സൗഭാഗ്യം നല്കുമാറാകട്ടെ. ഇക്കാര്യം മനസ്സിലാക്കിക്കൊണ്ട് ഈ വർഷം ഞാൻ ലോകത്ത് ഒരു വിപ്ലവം സൃഷ്ടിക്കുന്നതിനുവേണ്ടി എന്റെ എല്ലാതരം കഴിവുകളും ഉപയോഗിക്കുന്നതായിരിക്കുമെന്ന് പുരുഷനും സ്ത്രീയും യുവാ

(ശേഷം പേജ് 9ൽ)

പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദ്ർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്രാൻ ബദ്ർ ബോർഡ്,ഖാദിയാൻ

لَا إِلٰهَ إِلَّا اللّٰهُ مُحَمَّدٌ رَّسُوْلُ اللّٰهِ

# ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വെല്ലുവിളി

മുമ്പിൽവരാൻ എതിരാളികളെല്ലാവരേയും നാം വിളിച്ചു.

**ഇന്നസ്സുമൂമ ലശർറു മാഫിൽ ആലമി – ശർറസ്സുമൂമി അദാവത്തുസ്സുലഹാഉ**

## ‘നൂറുൽഹഖ്’ എന്ന ഗ്രന്ഥത്തിന് തത്തുല്യമായ ഗ്രന്ഥം കൊണ്ടുവന്നാൽ പാതിരി യിമാദുദ്ദീന് 5000 രൂപ ഇനാം.

സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഈ വെല്ലുവിളി ഞങ്ങൾ അവിടത്തെ ഗ്രന്ഥമായ ‘നൂറുൽഹഖിൽ’(റൂഹാനീ ഖസാഇൻ വാള്യം 8 ൽ)നിന്നാണ് അവതരിപ്പിക്കുന്നത്. അറബിഭാഷയിൽ സാഹിത്യസമ്പൂർണമായ നിലയിൽ 1894–ൽ രചിച്ചിട്ടുള്ള ഗ്രന്ഥമാണിത്.1893 മെയ് മാസം 22 മുതൽ 1893 ജൂൺ 5 വരെ സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ഉം പാതിരി അബ്ദുല്ലാഹ് ആഥിമും തമ്മിൽ അമൃതസറിൽ വാദപ്രതിവാദം നടന്ന കാര്യം കഴിഞ്ഞ ലേഖനങ്ങളിൽ ഞങ്ങൾ പറഞ്ഞിരുന്നു. ഈ വാദപ്രതിവാദം സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ഉം പാതിരി അബ്ദുല്ലാഹ് ആഥിമും തമ്മിലായിരുന്നില്ല. പ്രത്യുത ഇസ്ലാമും ക്രൈസ്തവമതവും തമ്മിൽ നടന്ന ഒരു മഹത്തായ യുദ്ധമായിരുന്നു. ഇതിൽ ഇസ്ലാമിന് വ്യക്തമായ വിജയം കരസ്ഥമാകുകയും ക്രൈസ്തവ മതത്തിന് വ്യക്തമായ പരാജയമുണ്ടാകുകയും ചെയ്തു. ഈ നിന്ദാപരമായ പരാജയത്താൽ ലോകമെമ്പാടുമുള്ള ക്രൈസ്തവ മതത്തിൽ ഒരു അലമുറയുണ്ടായി. അതിന്റെ മുഴക്കം ദൂരദൂരവരെ കേൾക്കാൻ തുടങ്ങി. ഇതിലൂടെ ഇന്ത്യയിലെ പാതിരിമാർ മാത്രമല്ല പരിഭ്രമചിത്തരായത് പ്രത്യുത ഇന്ത്യയിലേക്ക് മിഷണറിമാരെ കയറ്റി അയച്ചിരുന്ന യൂറോപ്യൻ മിഷണറി സൊസൈറ്റികളും ഭാവിയിൽ ഇസ്ലാമിനെ എങ്ങനെ നേരിടുമെന്നോർത്ത് ചിന്താകുലരായി.(തആറുഫെ നൂറുൽഹഖ് ഭാഗം 1, ഹദ്റത്ത് മൗലാനാ ജലാലുദ്ദീൻ ശംസ് സാഹിബ്, റൂഹാനീ ഖസാഇൻ വാള്യം 8, പേജ് V). അവർക്കുണ്ടായ നിന്ദ്യതയും നാണക്കേടും മായിക്കുന്നതിനുവേണ്ടി പാതിരി യിമാദുദ്ദീൻ ‘തൗസീനുൽ അഖ്വാൽ’ എന്ന ഗ്രന്ഥമെഴുതി. അതിൽ അയാൾ ഇസ്ലാംമത സ്ഥാപകരായ സയ്യിദുനാ ഹദ്റത്ത് മുഹമ്മദു മുസ്തഫാ(സ)യുടെ പരിപവിത്രവും പരിശുദ്ധവുമായ സത്തയിൽ അവിശുദ്ധ ആക്രമണം നടത്തി. വിശുദ്ധ ഖുർആനിന്റെ സാഹിത്യത്തിലും വാഗ്വിലാസത്തിലും ആക്ഷേപങ്ങൾ ഉന്നയിച്ചു. സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ സർക്കാറിനെ ധിക്കരിക്കുന്നവൻ എന്ന് പ്രഖ്യാപിച്ചു. നഊദുബില്ലാഹി മിൻ ദാലിക്. സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ) പാതിരി യിമാദുദ്ദീന്റെ ആക്ഷേപങ്ങൾക്ക് മറുപടിയായി സാഹതീയസൗന്ദര്യം ഉൾക്കൊള്ളുന്നതും വാഗ്വിലാസഭരിതവുമായ അറബിഭാഷയിൽ ‘നൂറുൽഹഖ്’ എന്ന ഗ്രന്ഥം രചിക്കുകയുണ്ടായി.

സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ) ഈ ഗ്രന്ഥം അറബി ഭാഷയിൽ രചിക്കാൻ കാരണം യിമാദുദ്ദീനും അയാളെപ്പോലെ ഇസ്ലാമിൽനിന്ന് മുർത്തദ്ദായി ക്രൈസ്തവമതം സ്വീകരിച്ച് മൗലവി പട്ടത്തിൽത്തന്നെ നിലകൊണ്ട ആളുകൾ, തങ്ങളെ ആലിമെന്ന നിലയിൽ പ്രചരിപ്പിക്കുകയും അവരുടെ സ്ഥാനമാനങ്ങളിൽ കുറവൊന്നും വരാതിരിക്കാൻ വിശുദ്ധ ഖുർആനുമേൽ ആക്ഷേപം ഉന്നയിക്കുകയും ചെയ്തത് കൊണ്ടായിരുന്നു. സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ) അറബിസാഹിത്യഭാഷയിലാണ് ഈ ഗ്രന്ഥമെഴുതി യിമാദുദ്ദീനെ, അയാൾ യഥാർഥത്തിൽ അറബിഭാഷ അറിയുന്ന ആളാണെങ്കിൽ സാഹിത്യഭാഷയും സാഹിത്യമില്ലാത്ത ഭാഷയും തമ്മിൽ വിവേചിച്ചറിയാൻ കഴിവുള്ളയാളാണെങ്കിൽ, അയാൾ യഥാർഥത്തിൽ അറബിഭാഷാ പണ്ഡിതനാണെന്ന് മനസ്സിലാക്കാനും വിശുദ്ധ ഖുർആനിന്റെമേൽ ആക്ഷേപം ഉന്നയിക്കാൻ അർഹതപ്പെട്ടവനാണെന്ന് അറിയാനും ഇതുപോലെ ഗ്രന്ഥമെഴുതി കാണിക്കാൻ വെല്ലുവിളിച്ചു. ഇതുപോലെ ഗദ്യവും പദ്യവുമടങ്ങിയ ഗ്രന്ഥമെഴുതി കാണിക്കുകയാണെങ്കിൽ അയാൾക്ക് 5000 രൂപയുടെ കനപ്പെട്ട ഒരു ഇനാം നല്കപ്പെടുന്നതായിരിക്കുമെന്നും പറഞ്ഞു. ഇതിന്റെ വിശദീകരണം ഇൻശാഅല്ലാഹ് ഞങ്ങൾ വരും ലക്കങ്ങളിൽ നല്കുന്നതായിരിക്കും.

പാതിരി യിമാദുദ്ദീന്റെ ഗ്രന്ഥങ്ങൾ രാജ്യത്ത് കുഴപ്പവും കലഹവും ഉണ്ടാക്കാൻവേണ്ടി മാത്രം എഴുതപ്പെട്ടിട്ടുള്ളതാണ്. യിമാദുദ്ദീന്റെ ഗ്രന്ഥങ്ങളെ സംബന്ധിച്ചുള്ള ചില ഹിന്ദു–ക്രൈസ്തവ പത്രങ്ങളുടെ അഭിപ്രായങ്ങൾ വായിച്ചാലും: അമൃതസറിലെ ഹിന്ദുക്കൾ പ്രസിദ്ധീകരിക്കുന്ന പത്രമായ ‘ഹിന്ദു പ്രകാശ് വാള്യം 2, നമ്പർ 4, പ്രസിദ്ധീകരിച്ചത് 1874 ഒക്ടോബർ 12, പേജ് 10–11 ൽ എഴുതി:

‘പാതിരി യിമാദുദ്ദീന്റെ ഗ്രന്ഥങ്ങളായ താരീഖെ മുഹമ്മദീ തുടങ്ങിയ (തുടങ്ങിയവകൊണ്ടുള്ള ഉദ്ദേശ്യം ‘ഹിദായത്തിൽമുസ്ലിമീ’നാണ്) ഗ്രന്ഥം പ്രകോപനപരമായതിൽനിന്ന് ഒട്ടും കുറവല്ല. ഈ ഗ്രന്ഥം കാരണത്താൽ മുംബയിലെ മുസ്ലിമീങ്ങളുടേയും പാർസികളുടേയും നൂറ്റാണ്ടുകളായുള്ള ഐക്യത്തേയും സ്നേഹത്തേയും ശത്രുതയിലും കപടതയിലുമാക്കിമാറ്റുകയും ഇരുവരേയും ഒറ്റയടിക്ക് നാശത്തിന്റെ മുഖം കാണിക്കുകയുമാണ് ചെയ്തിരിക്കുന്നത്. അതിന്റെ ഉദ്ധരണി മുകളിൽ രേഖപ്പെടുത്തിയിട്ടുണ്ട്. അത് രാജ്യത്തിന്റെ സമാധാനത്തിലും വിള്ളലുണ്ടാക്കുമെന്നതിൽ സംശയമില്ല. വിസ്മയകരമായ രീതിയിലാണ് അത് ക്രമീകരിച്ചിട്ടുള്ളത്. അവയിലെ ഓരോ വരിയും ദ്രോഹപരവും എന്നല്ല ദ്രോഹമുണ്ടാക്കുന്നതാണെന്ന് പറഞ്ഞാൽ അന്യായമാകുകയില്ല........ഹിന്ദുസ്താനിലെ ക്രൈസ്തവ എഴുത്തുകാരിലുള്ള എല്ലാവരും പാതിരി യിമാദുദ്ദീനെത്തന്നെ മാർഗദർശിയാക്കുന്നവരാണ്. അയാൾ ആഗ്രഹിക്കുന്നതും അതുതന്നെയെന്നതാണ് അതിനു കാരണം; അതായത് തന്റെ ഗ്രന്ഥംകൊണ്ട് പൊതുജനങ്ങൾ മതപരമായ ആവേശത്താൽ കോപത്തിന്നടിപ്പെട്ട് കലഹമുണ്ടാക്കുകയും സർക്കാരിന്റെ മുമ്പിൽ കുറ്റവാളികളിൽപെടുകയും ചെയ്യുക.”

ലഖ്നൗയിൽ നിന്ന് പ്രസിദ്ധീകരിച്ചിരുന്ന ക്രൈസ്തവ പത്രമായ‘ശംസുൽ അഖ്ബാർ’ (പ്രസാധകർ അമേരിക്കൻ മിഷൻ പ്രസ്സ് 1875 ഒക്ടോബർ 15, നമ്പർ 15, വാള്യം 7, പാതിരി കർയൂൺ സാഹിബിന്റെ മേൽനോട്ടത്തിൽ പ്രസിദ്ധീകരിച്ചത്, പേജ് 9)ൽ എഴുതി:‘നിയാസ് നാമ’ –ഇതിന്റെ കർത്താവ് മധ്യഭാരതത്തിലെ, സാഗർ മലിക് ജില്ലയിലെ എക്സ്ട്രാ അസിസ്റ്റന്റ് കമ്മീഷണറായിരുന്ന സ്വഫ്ദർ അലി സാഹിബ് ബഹാദുർ മസീഹിയാണ്–ചീത്തകൾ എഴുതിയിട്ടുള്ള യിമാദുദ്ദീന്റെ ഗ്രന്ഥങ്ങളെപ്പോലെ വെറുപ്പ് ഉളവാക്കുന്നതല്ല. 1857 ലെ പോലെ വീണ്ടും ലഹളയുണ്ടായാൽ അതേ വ്യക്തിയുടെ ചീത്ത പറയലുകളിലും അസഭ്യം പറയലുകളിലും നിന്നുള്ളവനായിരക്കും.’(നൂറുൽഹഖ് അൽഹിസ്സത്തിൽഊലാ, റൂഹാനീ ഖസാഇൻ വാള്യം 8, പേജ് 140–141)

യിമാദുദ്ദീന്റെ സുഹൃത്തായിരുന്നു മുകളിൽ പറഞ്ഞ സ്വഫ്ദർ അലി. ഇവരിരുവരും ആഗ്രയിൽ പഠിക്കുകയായിരുന്നു. പിന്നീട് യിമാദുദ്ദീൻ ലാഹോറിൽ വന്നപ്പോൾ അയാൾക്ക് സ്വഫ്ദർ അലി ക്രിസ്ത്യാനിയായ വിവരം കിട്ടി. അതിനു കുറച്ചു കാലം കഴിഞ്ഞപ്പോൾ യിമാദുദ്ദീനും ക്രിസ്ത്യാനിയായി. പാതിരി റജബ് അലി–ഇയാളുടെ പ്രസ്സിലാണ് ഹദ്റത്ത് മസീഹ് മൗഊദ്(അ)ബറാഹീനെ അഹ്മദിയ്യ അച്ചടിപ്പിച്ചതും അതിന്റെ പ്രൂഫ് നോക്കുന്നതിനുവേണ്ടി അമൃതസറിൽ പോകാറുണ്ടായിരുന്നതും–യിമാദുദ്ദീന്റെ പുസ്തകങ്ങളെ കുറിച്ചെഴുതി: ‘നമ്മുടെ സഹോദരൻ ഇസ്ലാമിനെ ഖണ്ഡിച്ച് എഴുതാൻ തുടങ്ങിയതുമുതൽ ത്രിയേകത്വത്തിനുള്ള തെളിവുകൾ പ്രസിദ്ധീകരിക്കുകയും ചെയ്തു. ആ തെളിവുകളെല്ലാം മൊത്തത്തിൽ നിരർഥങ്ങളായിരുന്നു. അവയിലൊന്നും സത്യമായ തെളിവുണ്ടായിരുന്നില്ല. അതുകാരണം ഞങ്ങൾക്ക് ലജ്ജിതരാകേണ്ടിവന്നു. ശകാരത്തിന് കുറിമാനമാകുകയും ചെയ്തു. അതിനുശേഷം നാണക്കേടുകൊണ്ട് മുസ്ലിമീങ്ങൾക്ക് മുഖം കാണിക്കാൻ പറ്റാത്തവരായി.’(നൂറുൽഹഖ് അൽഹിസ്സത്തിൽഊലാ, റൂഹാനീ ഖസാഇൻ വാള്യം 8, പേജ് 139)

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: ‘ഇപ്പോൾ ബ്രിട്ടീഷ് ഇന്ത്യയിലുള്ള ധാരാളം പാതിരിമാരുടെ രാവും പകലുമുള്ള തൊഴിൽ നമ്മുടെ നബിയും നമ്മുടെ നേതാവും യജമാനരുമായ നബി(സ)തിരുമേനിയെ ചീത്തപറയുക എന്നതാണ്. ഇവരിൽ ചീത്തകൾ പറയുന്നതിൽ പാതിരി യിമാദുദ്ദീൻ അമൃതസരിയുടെ സ്ഥാനമാണ് മുമ്പിൽ.’(കിതാബുൽബരിയ്യ, റൂഹാനീ ഖസാഇൻ വാള്യം 13 പേജ് 120)

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ്(റഹ്) പറയുന്നു: ‘പാതിരി യിമാദുദ്ദീൻ സാഹിബ് ഒരിക്കൽ അജ്മീർ ശരീഫിലെ ജാമിഅ മസ്ജിദിലെ ഖതീബായിരുന്നു. ഇവിടെനിന്ന് പിന്തിരിഞ്ഞ് പിന്നീട് ക്രിസ്ത്യാനിയായി. പിന്നെ ഇസ്ലാമിന്നെതിരിൽ അയാളുടെ വെറുപ്പ് എത്രമാത്രം വർധിച്ചുവെന്നാൽ തുടർന്നുള്ള മുഴുവൻ ജീവിതവും ഇസ്ലാമിന്നെതിരിലുള്ള പ്രവർത്തനത്തിൽ അർപിച്ചു.’(സ്വവാനിഹെ ഫള്ലെ ഉമർ വാള്യം 1, പേജ് 11)

പാതിരിമാർ പ്രത്യേകമായ നിലയിൽ ഇസ്ലാമിന്റെമേലും വിശുദ്ധ ഖുർആനിന്റെ മേലും സയ്യിദുനാ ഹദ്റത്ത് മുഹമ്മദു മുസ്തഫാ(സ) യുടെമേലും മൃഗങ്ങളെപ്പോലെ എന്തിനാണ് ആക്രമണം നടത്തുന്നത്? ഇതിലേക്ക് വെളിച്ചം വീശിക്കൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു:‘ക്രിസ്ത്യാനി വിശുദ്ധ ഖുർആനെ അങ്ങേയറ്റം വെറുക്കുന്നു. വിശുദ്ധ ഖുർആൻ ക്രിസ്തുമതത്തിന്റെ എല്ലാ ചിറകും മുടിയും പറിച്ചെടുത്തിരിക്കുന്നുവെന്നതാണ് വെറുക്കാനുള്ള കാരണം. ഒരു മനുഷ്യനെ ദൈവമാക്കുന്നത് അത് നിരർഥമാക്കികാണിച്ചു. കുരിശു വിശ്വാസത്തെ അത് കഷണം കഷണമാക്കി. ക്രിസ്ത്യാനികൾക്ക് അഭിമാനമായിരുന്ന ഇഞ്ചീലിലെ അധ്യാപനങ്ങൾ അങ്ങേയറ്റം അപൂർണ

(ശേഷം പേജ് 12ൽ)

# ഖുത്ബ ജുമുഅ

നിനക്ക് പരിചാരകനെ ലഭിക്കുന്നതിനെക്കാൾ ഉത്തമമായ കാര്യം പറഞ്ഞു തരട്ടെയോ? രാത്രി നിങ്ങൾ കിടക്കാൻ പോകുമ്പോൾ 33 പ്രാവശ്യം സുബ്ഹാനല്ലാഹ്, 33 പ്രാവശ്യം അൽഹംദുലില്ലാഹ് 34 പ്രാവശ്യം അല്ലാഹു അക്ബർ എന്ന് പറയുക.

നബി(സ)തിരുമേനിയുടെ ഉന്നതസ്ഥാനീയനായ ഖലീഫയെ റാശിദും ജാമാതാവുമായ അബൂ തുറാബ് ഹദ്റത്ത് അലിയുൽമുർത്തളാ(റ)യുടെ സ്തുത്യർഹമായ ജീവിതത്തിന്റെ ചർച്ച.

ഹദ്റത്ത് അലിയും ഹദ്റത്ത് ഫാത്വിമയും തങ്ങളുടെ കഷ്ടപ്പാടിലും നിർധനതയിലും സ്വാത്മ പരിത്യാഗത്തിന്റേയും ഉള്ളതിൽ തൃപ്തിപ്പെടുന്നതിന്റേയും മാതൃക കാഴ്ചവെച്ചിരുന്നു.

ഹദ്റത്ത് അലി(റ)പറയുന്നു:'യുദ്ധം ചെയ്തുകൊണ്ടിരിക്കുമ്പോൾ എനിക്ക് നബി(സ)തിരുമേനിയെ ഓർമ വരുമായിരുന്നു. ഞാൻ അവിടത്തെ കൂടാരത്തിലേക്ക് ഓടിപ്പോകുമായിരുന്നു. ഞാൻ പോകുമ്പോഴെല്ലാം അവിടന്ന് സുജൂദിൽ ഏങ്ങലടിക്കുന്നതാണ് കണ്ടത്. **യാ ഹയ്യു യാ ഖയ്യൂം** എന്ന ശബ്ദം എനിക്കു കേൾക്കാമായിരുന്നു. ജീവിച്ചിരിക്കുന്നവനായ എന്റെ അല്ലാഹുവേ! ജീവിതം പ്രദാനം ചെയ്യുന്നവനായ എന്റെ യജമാനനായുള്ളോവേ!

കമാന്റർ ചൗദ്രി മുഹമ്മദ് അസ്‌ലം സാഹിബ് (കാനഡ), നഌാറത്ത് ഉൽയാ(റബ്വ)ഡ്രൈവർ ഖമർ അഹ്മദ് ശഫീഖ് സാഹിബിന്റെ ഭാര്യ ശാഹിന ഖമർസഹിബ, അവരുടെ മകൻ  ഥമർ അഹ്മദ് ഖമർ, സയീദ അഫ്ളൽ ഘോഖർ സാഹിബ എന്നിവരെ കുറിച്ചുള്ള അനുസ്മരണവും ജനാസ ഗാഇബും.

**ഖുത്ബ ജുമുഅ 2020 ഡിസംബർ 04/1399 നുബുവ്വത്ത് 04**
**മസ്ജിദ് മുബാറക് ഇസ്‌ലാമാബാദ്, ടിൽഫോർഡ്, (സർറെ)യു.കെ**

**ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് അയ്യദഹുല്ലാഹുത്തആല ബിനസ്‌രിൽ അസീസ്**

أَشْهَدُ أَنْ لَّا إِلٰهَ إِلَّا اللّٰهُ وَحْدَهُ لَا شَرِيكَ لَهُ وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهُ وَرَسُولُهُ

أَمَّا بَعْدُ فَأَعُوذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيمِ- بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيمِ-

اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِينَ- الرَّحْمٰنِ الرَّحِيمِ- مٰلِكِ يَوْمِ الدِّينِ- إِيَّاكَ نَعْبُدُ وَإِيَّاكَ نَسْتَعِينُ-

اِهْدِنَا الصِّرَاطَ الْمُسْتَقِيمَ- صِرَاطَ الَّذِينَ أَنْعَمْتَ عَلَيْهِمْ غَيْرِ الْمَغْضُوبِ عَلَيْهِمْ وَلَا الضَّالِّينَ-

കഴിഞ്ഞ ഖുത്ബ മുതൽ ഹദ്റത്ത് അലി(റ)നെ സംബന്ധിച്ച അനുസ്മരണമാണ് നടക്കുന്നത്. ഇന്നും ഇതുസംബന്ധിച്ച് തന്നെയാണ് വിവരിക്കുന്നത്. ഹദ്റത്ത് അലിയുമായുണ്ടാക്കിയ സാഹോദര്യബന്ധത്തെപ്പറ്റി നിവേദനങ്ങളുണ്ട്. നബി(സ)തിരുമേനി ഹദ്റത്ത് അലിയെ രണ്ടുതവണ തന്റെസഹോദരനാക്കി. ഒരിക്കൽ അവിടന്ന് മക്കയിൽ മുഹാജിരീങ്ങൾക്കിടയിൽ സാഹോദര്യബന്ധമുണ്ടാക്കി. പിന്നൊരിക്കൽ മദീനയിൽ ഹിജ്റത്തിനുശേഷം മുഹാജിരീങ്ങൾക്കും അൻസ്വാറിനുമിടയിൽ സാഹോദര്യബന്ധമുണ്ടാക്കി. രണ്ടുപ്രാവശ്യവും ഹദ്റത്ത് അലിയോട് അവിടന്ന് പറഞ്ഞു: **അൻത അഖീ ഫിദ്ദുൻയാ വൽആഖിറ** താങ്കൾ ഇഹലോകത്തും പരലോകത്തും എന്റെ സഹോദരനാകുന്നു.(ഉസുദുൽഗാബ ലി മഅ്രിഫത്തിസ്സ്വഹാബ ലി ഇബ്നി അഥീർ വാല്യം 4, പേജ് 88, ദിക്റു അലി ബിൻ അബീത്വാലിബ്, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റൂത്ത് 2016)

ഒരു നിവേദനമനുസരിച്ച് നബി(സ)തിരുമേനി, ഹദ്റത്ത് അലി ബിൻ അബൂത്വാലിബും ഹദ്റത്ത് സഹ്ൽ ബിൻ ഹുനയ്ഫും തമ്മിലാണ് സാഹോദര്യബന്ധമുണ്ടാക്കിയത്. (അത്ത്വബഖാത്തുൽകുബ്റാ ലിഇബ്നി സഅ്ദ്, ഭാഗം 3, പേജ് 16, ബാബു ദിക്റു അലി ബിൻ അബീത്വാലിബ്(റ), പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റൂത്ത് ലബ്നാൻ 2017)

ഈ സാഹോദര്യബന്ധങ്ങളെല്ലാം എപ്പോഴൊക്കെയാണ് ഉണ്ടായതെന്നതിനെ പറ്റി ചരിത്രത്തിൽ പരാമർശിച്ചിട്ടുണ്ട്. രണ്ട് തവണയാണ് സാഹോദര്യ ബന്ധമുണ്ടാക്കിയത്. ബുഖാരിയുടെ ഒരു വ്യാഖ്യാതാവായ അല്ലാമ ഖിസ്തലാനി വിവരിക്കുന്നു: 'സാഹോദര്യബന്ധമുണ്ടാക്കിയത് രണ്ടു തവണയാണ്. ആദ്യം ഹിജ്റത്തിനുമുമ്പേ മക്കയിൽ മുഹാജിരീങ്ങൾക്കിടയിൽ നബി(സ)തിരുമേനി ഹദ്റത്ത് അബൂബക്റും ഹദ്റത്ത് ഉമറും തമ്മിലും ഹദ്റത്ത് ഉഥ്മാനും ഹദ്റത്ത് അബ്ദുർ റഹ്മാൻ ബിൻ ഔഫും തമ്മിലും ഹദ്റത്ത് സുബയ്റും ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ മസ്ഊദും തമ്മിലും ഹദ്റത്ത് അലിയും താനും തമ്മിലും സാഹോദര്യബന്ധമുണ്ടാക്കി. പിന്നീട് നബി(സ) തിരുമേനി മദീനയിലെത്തിയപ്പോൾ മുഹാജിരീങ്ങളും അൻസ്വാറും തമ്മിൽ ഹദ്റത്ത് അനസ് ബിൻ മാലിക്കിന്റെ ഭവനത്തിൽ സാഹോദര്യബന്ധമുണ്ടാക്കി. ഇബ്നുസഅ്ദ് വിവരിക്കുന്നു:'നബി(സ)തിരുമേനി നൂറു സ്വഹാബാത്തിന്നിടയിൽ സാഹോദര്യബന്ധമുണ്ടാക്കി. അതായത് 50 മുഹാജിരീങ്ങളും 50 അൻസ്വാറും തമ്മിൽ സാഹോദര്യമുണ്ടാക്കി.(ഇർശാദുസ്സാരി ശറഹ് സ്വഹീഹ് ബുഖാരി, ഭാഗം 8, പേജ് 410 –411, ഹദീഥ് നമ്പർ 3937, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റൂത്ത് 1996)

ഹദ്റത്ത് അലി(റ) ബദ്ർ യുദ്ധമുൾപ്പെടെ എല്ലാ യുദ്ധങ്ങളിലും നബി(സ)തിരുമേനിയോടൊപ്പം പങ്കെടുത്തിരുന്നു; തബൂക്കിലല്ലാതെ. തബൂക് യുദ്ധത്തിൽ നബി(സ)തിരുമേനി അദ്ദേഹത്തെ കുടുംബക്കാരുടെമേൽനോട്ടത്തിനായി നിശ്ചയിച്ചിരുന്നു. (ഉസുദുൽഗാബ ലി മഅ്രിഫത്തിസ്സ്വഹാബ ലി ഇബ്നി അഥീർ വാല്യം 4, പേജ് 92, ദിക്റു അലി ബിൻ അബീത്വാലിബ്, ദാറുൽഫിക്റി ലിത്വബാഅത്തി വന്നശ്രിത്തൗസീയി ബെയ്റൂത്ത് 2003)

ഹദ്റത്ത് ഥഅ്ലബ ബിൻ അബൂമാലിക്(റ) വിവരിക്കുന്നു: ഹദ്റത്ത് സഅ്ദ് ബിൻ ഉബാദ(റ) എല്ലാ സന്ദർത്തിലും നബി(സ)തിരുമേനിയുടെ പതാക വാഹകനായിരുന്നു. എന്നാൽ, യുദ്ധനേരം വരുമ്പോൾ ഹദ്റത്ത് അലി ബിൻ അബൂത്വാലിബ് പതാക ഏറ്റെടുക്കുമായിരുന്നു. (ഉസുദുൽഗാബ ഫീ മഅ്രിഫത്തിസ്സ്വഹാബ, വാല്യം 4, പേജ് 93, ദിക്റു അലി ബിൻ അബീത്വാലിബ്, ദാറുൽഫിക്രി ലിത്വബാഅത്തി വന്നശ്രിത്തൗസീയി ബെയ്റുത്ത് 2003).

ഉശയ്റ യുദ്ധം ഹിജ്റ രണ്ടാംവർഷം ജമാദുൽ അവ്വലിലാണ് നടന്നത്. ചരിത്രഗ്രന്ഥങ്ങളിലും ജീവിതചരിത്രഗ്രന്ഥങ്ങളിലും ഈ യുദ്ധത്തിന്റെ പേര് ഉശയ്റ എന്നതിനു പുറമെ ദുൽഉശയ്റ, ദാത്തുൽഉശയ്റ, ഉസയ്റ എന്നിങ്ങനെയും വന്നിട്ടുണ്ട്. ഉശയ്റ ഒരു കോട്ടയുടെ പേരാകുന്നു. അത് ഹിജാസിൽ 'യൻബഇ'നും 'ദുൽമർറ'ക്കും ഇടയിൽ സ്ഥിതിചെയ്യുന്നു. ഇത് വിവരിച്ചുകൊണ്ട് ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ്(റ) എഴുതുന്നു: 'ഹിജ്റ രണ്ടാംവർഷം ജമാദുൽ അവ്വൽ മാസത്തിൽ മക്കയിലെ ഖുറയ്ശികളിൽനിന്നു ഒരു വാർത്ത കേട്ടതിനെ തുടർന്ന് നബി(സ)തിരുമേനി, മുഹാജിരീങ്ങളുടെ ഒരു സംഘത്തോടൊപ്പം മദീനയിൽനിന്ന് പുറപ്പെട്ടു. തന്റെ അഭാവത്തിൽ, തന്റെ മുലകുടി ബന്ധത്തിലുള്ള സഹോദരൻ അബൂസൽമാ ബിൻ അബ്ദുൽ അസദിനെ അമീറായി നിയമിച്ചു. ഈ സൈനിക നീക്കത്തിൽ നബി(സ)തിരുമേനി പലതവണ ചുറ്റിക്കറങ്ങി അവസാനം സമുദ്ര തീരത്തിനടുത്ത് 'യൻബഅ്' എന്ന സ്ഥലത്തിനു സമീപത്തുള്ള ഉശയ്റ എന്ന സ്ഥലത്തെത്തി. ഇവിടെ ഖുറയ്ശികളുമായി ഏറ്റുമുട്ടുണ്ടായില്ല. പക്ഷേ, നബി(സ)തിരുമേനി, ബനൂ മുദ്ലജ് ഗോത്രവുമായി ഒരു ഉടമ്പടി ചെയ്യുകയും പിന്നീട് തിരിച്ചുവരികയും ചെയ്തു. (സീറത്തു ഖാത്തമുന്നബിയ്യീൻ, ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ് (റ) പേജ് 329)(ലുഗാത്തുൽഹദീഥ്, വാല്യം 3, പേജ് 110–111, ഉശയ്റ എന്ന പദം)(അസ്സീറത്തുൽഹൽബിയ്യ, വാല്യം 2, പേജ് 3175, ബാബു ദിക്റ മഗാസിയ, ഗസവത്തുൽ ഉശയ്റ, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ, ബെയ്റുത്ത് 2002)(അദ്ദലാഇലുന്നുബുവ്വ ലിൽബയ്ഹഖ്ഖി, വാല്യം 5, പേജ് 460, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ, ബെയ്റുത്ത് 1988)

ഹദ്റത്ത് അലി ഈ സൈനിക നീക്കത്തിൽ

പങ്കെടുത്തിരുന്നു. ഇതേപ്പറ്റി മുസ്നദ് അഹ്മദ് ബിൻ ഹമ്പലിലുള്ള നിവേദനം ഇപ്രകാരമാകുന്നു. 'ഹദ്റത്ത് അമ്മാർ ബിൻ യാസിർ (റ) നിവേദനം. അദ്ദേഹം പറഞ്ഞു: ദാത്തുൽ ഉശയ്റ യുദ്ധനീക്കത്തിൽ ഹദ്റത്ത് അലിയും ഞാനും സഹയാത്രികരായിരുന്നു. നബി(സ) തിരുമേനി ഈ സ്ഥലത്തെത്തി അവിടെത്തന്നെ തങ്ങുകയുണ്ടായി. അപ്പോൾ ബനൂമുദ്ലജിലെ ആളുകൾ ഈന്തപ്പനത്തോട്ടങ്ങളിലെ ഒരു അരുവിയിൽ ജോലി ചെയ്യുന്നത് ഞങ്ങൾ കണ്ടു. ഹദ്റത്ത് അലി എന്നോട് പറഞ്ഞു: 'അബൂ യഖ്ളാൻ! അവരുടെയടുക്കൽപോയി അവരെന്താണ് ചെയ്യുന്നതെന്ന് നോക്കിവന്നാലോ? എന്തു പറയുന്നു? അങ്ങനെ ഞങ്ങൾ അവരുടെ അടുക്കലെത്തി. അവർ ചെയ്യുന്നത് കുറച്ചു നേരം കണ്ടു. പിന്നെ ഞങ്ങൾക്ക് ഉറക്കം വന്നുതുടങ്ങിയപ്പോൾ ഞാനും ഹദ്റത്ത് അലിയും അവിടെനിന്നുപോയി ഈന്തപ്പനകൾക്കിടയിൽ നിലത്തുതന്നെ കിടന്നുറങ്ങി. അല്ലാഹുവാണെ! ഞങ്ങളെ നബി(സ)തിരുമേനി അല്ലാതെ മറ്റാരും ഉണർത്തിയില്ല. അവിടന്ന് ഞങ്ങളെ കാലുകൊണ്ട് തട്ടിയുണർത്തി. ഞങ്ങളുടെ ദേഹത്ത് മണ്ണ് ആയിട്ടുണ്ടായിരുന്നു. ആ ദിവസം നബി(സ)തിരുമേനി ഹദ്റത്ത് അലിയുടെ ദേഹത്ത് മണ്ണ് കണ്ടപ്പോൾ പറഞ്ഞു: 'അബൂതുറാബേ!' തുടർന്ന് പറഞ്ഞു: 'നിർഭാഗ്യവാന്മാരായ രണ്ടുപേരെ പറ്റി ഞാൻ താങ്കൾക്ക് പറഞ്ഞുതരട്ടയോ?' അബൂതുറാബ് എന്നതിനെ പ്പറ്റികഴിഞ്ഞ തവണയും ഞാൻ ഖുത്ബയിൽ പരാമർശിച്ചിരുന്നു. അതായത് അദ്ദേഹം മസ്ജിദിൽ കിടക്കുകയായിരുന്നു. അപ്പോൾ ശരീരത്തിൽ മണ്ണ് പറ്റി. നബി(സ)തിരുമേനി പറഞ്ഞു: 'അബൂതുറാബേ!' അബൂ തുർറാബ് എന്ന പേരിൽ വിളിച്ചു. ആ സമയം മുതൽ അദ്ദേഹത്തിന് ഈ വിളിപ്പേരുമുണ്ടായി. അല്ലെങ്കിൽ അപ്പറഞ്ഞ സമയംമുതൽ ആ പേര് വന്നതായിരിക്കാം. അതായത് പിന്നീട് അല്ലെങ്കിൽ രണ്ട് സന്ദർഭത്തിലും അങ്ങനെ പറഞ്ഞതായിരിക്കാം. എന്താണെങ്കിലും ഇതാണ് ആദ്യത്തെ സംഭവം എന്ന് തോന്നുന്നു. നബി(സ)തിരുമേനി പറഞ്ഞു: ഞാൻ, നിർഭാഗ്യരായ രണ്ട് ആളുകളെ പറ്റി താങ്കൾക്ക് പറഞ്ഞുതരട്ടയോ?' ഞങ്ങൾ പറഞ്ഞു: 'പറഞ്ഞുതന്നാലും യാ റസൂലല്ലാഹ്!' അവിടന്ന് പറഞ്ഞു: ആദ്യത്തെയാൾ ഹദ്റത്ത് സ്വാലിഹ്(അ)ന്റെ ഒട്ടകത്തിന്റെ കാലു വെട്ടിയ സമൂദ് ഗോത്രക്കാരനായ ഉഹയ്മിർ ആകുന്നു. രണ്ടാമത്തെയാൾ അല്ലയോ അലി! താങ്കളുടെ ശിരസ്സിൽ ആക്രമണം നടത്തുന്ന ആളാണ്. എത്രത്തോളമെന്നാൽ രക്തത്താൽ ഈ താടി കുതിർന്നുപോകുന്നതായിരിക്കും.' (മുസ്നദ് അഹ്മദ് ബിൻ ഹമ്പൽ, വാള്യം 6, പേജ് 261, മുസ്നദ് അമ്മാർ ബിൻ യാസിർ(റ), ഹദീഥ് 18511, ആലമുൽകുതുബ് ദാറുൽഫിക്രി ലിത്വബാഅത്തി വന്നശ്രിത്തൗസീയി ബെയ്റുത്ത് 1998)

സഫ്വാൻയുദ്ധം, ഒന്നാം ബദ്ർ യുദ്ധം ഹിജ്റ രണ്ടാംവർഷം ജമാദുൽആഖർ മാസത്തിലാണുണ്ടായത്. ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ്(റ) ഇതുസംബന്ധമായി എഴുതുന്നു: നബി(സ)തിരുമേനി ഉശയ്റ യുദ്ധനടപടിയിൽ നിന്നുതിരിച്ചു മദീനയിലെത്തി 10 ദിവസംപോലും ആയിട്ടുണ്ടായിരുന്നില്ല, മക്കയിലെ ഒരു നേതാവ് കുർസ് ബിൻ ജാബിർ ഫിഹ്രി, ഖുറയ്ശികളുടെ ഒരു സൈനിക സംഘവുമായി വളരെ ജാഗ്രതയോടെ മദീനയിലെ (മൃഗങ്ങളുടെ) മേച്ചിൽസ്ഥലത്ത് അപ്രതീക്ഷിത ആക്രമണം നടത്തി. ഇത് പട്ടണത്തിൽനിന്ന് കേവലം മൂന്നുമൈൽ അകലെയാണ്. അയാൾ മുസ്‌ലിമീങ്ങളുടെ ഒട്ടകങ്ങളും മറ്റും കൊള്ളയടിച്ചുകൊണ്ടുപോകുകയായിരുന്നു. നബി(സ) തിരുമേനി ഇതേക്കുറിച്ച് അറിഞ്ഞ ഉടനെതന്നെ സയ്ദ് ബിൻ ഹാരിഥയെ തന്റെ അഭാവത്തിൽ അമീറായി നിശ്ചയിക്കുകയും മുഹാജിരീങ്ങളുടെ ഒരു സംഘവുമായി അവരെ പിന്തുടരുകയും ചെയ്തു. ബദ്റിന് അടുത്തുള്ള സ്ഥലമായ സഫ്വാൻ വരെ അവരെ പിന്തുടർന്നു. പക്ഷേ, അവർ രക്ഷപ്പെട്ടു കടന്നുകളഞ്ഞിരുന്നു. ഈ യുദ്ധ നടപടി ഒന്നാം ബദ്ർ യുദ്ധമെന്നും അറിയപ്പെടുന്നുണ്ട്. (സീറത്തു ഖാത്തമുന്നബിയ്യീൻ, ഹദ്റത്ത് മിർസാ ബശീർ അഹ്മദ്(റ) പേജ് 330)

ഈ യുദ്ധാവസരത്തിൽ നബി(സ)തിരുമേനി, ഹദ്റത്ത് അലിക്ക് ഒരു ധവള പതാക നൽകുകയുണ്ടായി.(അത്ത്വബഖാത്തുൽ കുബ്റാ ലി ഇബ്നി സഅ്ദ്, ഭാഗം 2, പേജ് 253, ദിക്റു അദദു മഗാസി റസൂലുല്ലാഹി (സ), പ്രസാധകർ ദാറു അഹ്‌യാഉത്തുറാഥ് ബെയ്റുത്ത് ലബ്നാൻ 1996)

ബദ്ർ യുദ്ധം ഹിജ്റ രണ്ടാംവർഷം അതായത് ക്രിസ്ത്വാബ്ദം 623–ലാണുണ്ടായത്. ഇതിന്റെ വിവരണവും അതിൽ അലിയെസംബന്ധിച്ച പരാമർശം ഇങ്ങനെ ലഭിക്കുന്നുണ്ട്: 'ഹദ്റത്ത് അലി(റ), ഹദ്റത്ത് സുബയ്ർ(റ), ഹദ്റത്ത് സഅ്ദ് ബിൻ അബീവഖാസ്(റ), ഹദ്റത്ത് ബസ്ബസ് ബിൻ അംറ്(റ) എന്നിവരെ മുശ്രിക്കീങ്ങളെ സംബന്ധിച്ച് അന്വേഷിക്കാൻ ബദ്ർ അരുവിയിലേക്ക് നബി(സ)തിരുമേനി പറഞ്ഞയച്ചു. ഖുറയ്ശികൾ തങ്ങളുടെ മൃഗങ്ങൾക്ക് വെള്ളംകുടിപ്പിക്കുന്നത് അവർ കണ്ടു. മുശ്രിക്കീങ്ങളുടെ ഈ സംഘത്തെ പിടികൂടി നബി(സ)തിരുമേനിയുടെ സന്നിധിയിൽ അവതരിപ്പിച്ചു. അത്ത്വബഖാത്തുൽകുബ്റാ ലിഇബ്നി സഅ്ദ്, ഭാഗം 2, പേജ് 256, ഗസ്‌വത്തു ബദ്ർ, പ്രസാധകർ ദാറു അഹ്‌യാഉത്തുറാഥ് അൽഅറബി, ബെയ്റുത്ത് ലബ്നാൻ 1996)(സീറത്തു ഖാത്തമുന്നബിയ്യീൻ, ഹദ്റത്ത് മിർസാ ബശീർ അഹ്മദ്(റ) പേജ് 349)

ബദ്ർ യുദ്ധത്തിൽ ഇരുസൈന്യങ്ങളും മുഖാമുഖം വന്നപ്പോൾ ഏറ്റവുമാദ്യം റബീഅയുടെ രണ്ട് മക്കൾ ശെയ്ബയും വലീദ് ബിൻ ഉത്ബയും മുന്നോട്ടുവന്ന് പോരാടാൻ ക്ഷണിച്ചു. അപ്പോൾ ബനൂ ഹാരിഥ് ഗോത്രത്തിലെ മൂന്ന് അൻസ്വാർ അതായത് 'അഫ്റാഅ്'യുടെ മക്കളായ മുആദ്, മഊദ്, ഔഫ് എന്നിവർ യുദ്ധത്തിന് തയ്യാറായി. എന്നാൽ, മുസ്‌ലിമീങ്ങളും മുശ്രിക്കീങ്ങളുമായുള്ള ആദ്യ ഏറ്റുമുട്ടലിൽ അൻസ്വാർ പങ്കെടുക്കുന്നത് നബി(സ)തിരുമേനി ഇഷ്ടപ്പെട്ടില്ല. തന്റെ പിതൃവ്യപുത്രന്മാരും തന്റെ ഗോത്രവും മുഖേന ഈ പ്രതാപം വെളിപ്പെടണമെന്നാണ് അവിടന്ന് ആഗ്രഹിച്ചത്. അതുകൊണ്ട് അവിടന്ന് കൽപ്പിച്ചതനുസരിച്ച് അവർ അണികളിലേക്ക് തിരിച്ചുവന്നു. നബി(സ)തിരുമേനി അവർക്കുവേണ്ടി നല്ല വാക്കുകൾ പറയുകയുംചെയ്തു. തുടർന്ന് മുശ്രിക്കീങ്ങൾ പറഞ്ഞു: 'മുഹമ്മദേ! ഞങ്ങളെ നേരിടാൻ ഞങ്ങളുടെ ഗോത്രത്തിലുള്ള സമശീർഷരായ ആളുകളെ അയക്കൂ. അപ്പോൾ നബി(സ)തിരുമേനി പറഞ്ഞു: ബനുഹാശിമേ! എഴുന്നേൽക്കുക! നിങ്ങളുടെ അവകാശങ്ങൾക്കായി, അതുമായിട്ടാണ് അല്ലാഹു നിങ്ങളുടെ നബിയെ അയച്ചിട്ടുള്ളത്, പോരാടുവിൻ! അവരാകട്ടെ തങ്ങളുടെ വ്യാജവുമായി വന്ന് അല്ലാഹുവിന്റെ പ്രകാശത്തെ അണയ്ക്കാൻ ശ്രമിക്കുകയാണ്.' തുടർന്ന് ഹദ്റത്ത് ഹംസത്ത് ബിൻ അബ്ദുൽമുത്വലിബ്, ഹദ്റത്ത് അലി ബിൻ അബൂത്വാലിബ്, ഹദ്റത്ത് ഉബയ്ദ ബിൻ ഹാരിഥ് എന്നിവർ എഴുന്നേറ്റു. അങ്ങനെ ശത്രുനിരയിലേക്ക് നീങ്ങിയപ്പോൾ ഉത്ബ പറഞ്ഞു: 'എന്തെങ്കിലും പറയുക! ഞങ്ങൾ നിങ്ങളാരൊക്കെയാണെന്ന് മനസ്സിലാക്കട്ടെ.' മുഖകവചം അണിഞ്ഞിരുന്നതുകൊണ്ട് മുഖം മറഞ്ഞിരിക്കുകയായിരുന്നു. ഹദ്റത്ത് ഹംസ(റ) പറഞ്ഞു: 'ഞാൻ ഹംസ ബിൻ അബ്ദുൽ മുത്വലിബാകുന്നു. അല്ലാഹുവിന്റേയും അവന്റെ റസൂലിന്റേയും സിംഹമാകുന്നു.' ഉത്ബ പറഞ്ഞു: 'നല്ല എതിരാളിതന്നെ, ഞാൻ എതിർ ഭാഗത്തെ സിംഹമാകുന്നു. നിന്നോടൊപ്പമുള്ളവർ ആരൊക്കെയാണ്?' ഹദ്റത്ത് ഹംസ(റ) പറഞ്ഞു: അലി ബിൻ അബൂത്വാലിബും ഉബയ്ദ ബിൻ ഹാരിഥുമാകുന്നു.' ഉത്ബ പറഞ്ഞു: 'രണ്ടുപേരും നല്ല എതിരാളികൾതന്നെ.' തുടർന്ന് ഉത്ബ തന്റെ മകനോട് പറഞ്ഞു: 'വലീദേ! എഴുന്നേൽക്കൂ! അങ്ങനെ ഹദ്റത്ത് അലിയെ നേരിടാൻ പുറപ്പെട്ടു. തുടർന്ന് അവർ രണ്ടുപേർക്കുമിടയിൽ വാൾപയറ്റ് നടന്നു. ഹദ്റത്ത് അലി അയാളെ വധിച്ചു. പിന്നെ ഉത്ബ എഴുന്നേറ്റു. അയാളെ നേരിടാൻ ഹദ്റത്ത് ഹംസത്ത്(റ) പുറപ്പെട്ടു. അങ്ങനെ അവർക്കിടയിൽ വാൾപയറ്റ് തുടങ്ങി. ഹദ്റത്ത് ഹംസ(റ) അയാളെ വധിച്ചു. തുടർന്ന് ശയ്ബ എഴുന്നേറ്റു. അയാളെ നേരിടാൻ ഹദ്റത്ത് ഉബയ്ദ ബിൻ ഹാരിഥാണ് പുറപ്പെട്ടത്. ഹദ്റത്ത് ഉബയ്ദ അന്ന് നബി(സ) തിരുമേനിയുടെ സ്വഹാബാക്കളിൽ ഏറ്റവും കൂടുതൽ പ്രായമുള്ള ആളായിരുന്നു. ശയ്ബ, ഹദ്റത്ത് ഉബയ്ദയുടെ കാലിൽ വെട്ടി. അത് കണങ്കാലിലെ മാംസത്തിലാണ് കൊണ്ടത്. അത് പിളർന്നു പോയി. തുടർന്ന് ഹദ്റത്ത് ഹംസയും ഹദ്റത്ത് അലിയും ശയ്ബയെ ആക്രമിച്ച് വധിക്കുകയുണ്ടായി. (അത്ത്വബഖാത്തുൽകുബ്റാ ലിഇബ്നി സഅ്ദ്, ഭാഗം 2, പേജ് 257, ഗസ്‌വത്തു ബദ്ർ, പ്രസാധകർ ദാറു അഹ്‌യാഉത്തുറാഥ് അൽഅറബി, ബെയ്റുത്ത് ലബ്നാൻ 1996)

രണ്ടുവർഷം മുമ്പേയും ഈ നിവേദനം വിവരിച്ചതാണ്. ഇവിടെ വീണ്ടും കുറച്ചുഭാഗം വിവരിക്കുകയാണ്; മറ്റൊരു നിവേദനത്തിൽ ഇതേക്കുറിച്ചുള്ള പരാമർശം ഇപ്രകാരം വന്നിരിക്കുന്നു: 'ഹദ്റത്ത് അലി(റ)നിവേദനം. അദ്ദേഹം പറഞ്ഞു: 'ഉത്ബ ബിൻ റബീഅയും തുടർന്ന് അയാളുടെ മകനും സഹോദരനും വന്നു വിളിച്ചു പറഞ്ഞു: 'ഞങ്ങളെ നേരിടാനാരുണ്ട്?' അപ്പോൾ നിരവധി അൻസ്വാർ യുവാക്കൾ അതിനു മറുപടി നൽകി.' ഉത്ബ ചോദിച്ചു: 'നിങ്ങളാരാണ്?' അവർ പറഞ്ഞു: 'ഞങ്ങൾ അൻസ്വാറാകുന്നു.' ഉത്ബ പറഞ്ഞു: 'ഞങ്ങൾക്ക് നിങ്ങളുമായി ഒരു ഇടപാടുമില്ല. ഞങ്ങൾ ഞങ്ങളുടെ പിതൃവ്യപുത്രന്മാരുമായി യുദ്ധം ചെയ്യാനാണ് ആഗ്രഹിക്കുന്നത്.' നബി(സ)തിരുമേനിപറഞ്ഞു: ഹംസേ! എഴുന്നേൽക്കൂ, അലി! പുറപ്പെടൂ, ഉബയ്ദ: ബിൻ ഹാരിഥേ! മുന്നോട്ട് നീങ്ങൂ. ഹംസ, ഉത്ബക്കു നേരെ പുറപ്പെട്ടു. ഹദ്റത്ത് അലി(റ) പറയുന്നു: ഞാൻ ശയ്ബക്കു നേരേയും കുതിച്ചു. ഉബയ്ദയ്ക്കും വലീദിനുമിടയിൽ ചെറിയ പോരാട്ടമുണ്ടായി. രണ്ടുപേരും പരസ്പരം പരിക്കേൽപ്പിച്ചു. തുടർന്ന് ഞങ്ങൾ വലീദിലേക്ക് തിരിയുകയും അയാളെ വധിക്കുകയും ഉബയ്ദയെ യുദ്ധത്തിൽ നിന്നെടുത്തുകൊണ്ട് വന്നു.(സുനൻ അബൂദാവൂദ്, കിതാബുൽജിഹാദ്, ഹദീഥ് നമ്പർ 2665)

ഹദ്റത്ത് അലി(റ), ബദ്ർ യുദ്ധത്തെ സംബന്ധിച്ച് പറയുന്നു: 'അതിൽ ശത്രുക്കളുടെ എണ്ണം മുസ്‌ലിമീങ്ങളെക്കാൾ എത്രയോ അധികമായിരുന്നു. രാത്രി മുഴുവൻ നബി(സ)തിരുമേനി, ദൈവസവിധത്തിൽ ദുആയിലും അർഥനയിലും ബദ്ധശ്രദ്ധനായിരുന്നു. നിഷേധികളുടെ സൈന്യം ഞങ്ങളുടെ സമീപമെത്തി. ഞങ്ങൾ

മുഖാമുഖം അണിനിരന്നു. അപ്പോൾ ഒരു ചെമന്ന ഒട്ടകത്തിൽ യാത്രചെയ്യുന്ന ഒരാളെ കാണാനിടയായി. ജനങ്ങൾക്കിടയിൽ അയാൾ സഞ്ചരിക്കുകയാണ്. നബി(സ)തിരുമേനി പറഞ്ഞു: 'അലീ! നിഷേധികൾക്ക് അടുത്തുനിൽക്കുന്ന ഹംസയോട് ചെമന്ന ഒട്ടകപ്പുറത്ത് ആരാണെന്നും അയാൾ എന്താണ് പറയുന്നതെന്നും ചോദിക്കൂ!' തുടർന്ന് നബി(സ)തിരുമേനി പറഞ്ഞു: 'അവർക്കിടയിൽ ആരെങ്കിലും നല്ല കാര്യത്തെ സംബന്ധിച്ച് ഉപദേശിക്കുമെങ്കിൽ അത് ആ ചെമന്ന ഒട്ടകക്കാരൻ മാത്രമാണ്.' ഇത്രയുമായപ്പോൾ ഹദ്റത്ത് ഹംസ(റ) എത്തി. അദ്ദേഹം പറഞ്ഞു: അത് ഉത്ബ ബിൻ റബീഅ ആകുന്നു. അയാൾ നിഷേധികളെ യുദ്ധത്തിൽ നിന്ന് തടയുകയാണ്. പക്ഷേ, അതിനു മറുപടിയായി അബൂജഹ്ൽ അയാളോട് പറഞ്ഞു: 'നിങ്ങൾ ഭീരുവാണ്. യുദ്ധത്തെ ഭയക്കുന്നു.' അപ്പോൾ ഉത്ബ ആവേശഭരിതനായി പറഞ്ഞു: 'ആരാണ് ഭീരുവെന്ന് ഇന്ന് കാണാം. (മുസ്നദ് അഹ്മദ്, വാള്യം 1, പേജ് 338-339, ഹദീഥ് 948, മുസ്നദ് അലീ ബിൻ അബീ ത്വാലിബ്(റ), ആലമുൽകുതുബുൽഇൽമിയ്യ, ബെയ്റൂത്ത് 1998)

ഏതായിരുന്നാലും പിന്നെ അയാൾ യുദ്ധത്തിൽ പങ്കെടുത്തു.

ഹദ്റത്ത് അലിയിൽ നിന്നുള്ള നിവേദനം: നബി(സ)തിരുമേനി ബദ്ർ യുദ്ധാവസരത്തിൽ എന്നേയും ഹദ്റത്ത് അബൂബക്റിനേയും പറ്റി പറഞ്ഞു: രണ്ടുപേരിൽ ഒരാളുടെ വലതുഭാഗത്ത് ജിബ്രീലും മറ്റൊരാളുടെ വലതുഭാഗത്ത് മീക്കായീലുമുണ്ട്. ഹദ്റത്ത് അസ്റാഫീൽ മഹാനായ മലക്കാകുന്നു. അവരും യുദ്ധസമയത്ത് സന്നിഹിതനായി യുദ്ധ നിരയിൽ ത്തന്നെയുണ്ട്.'(അൽമുസ്തദർക് അലസ്സ്വഹീഹയ്ൻ, ഭാഗം 3, പേജ് 345, കിതാബു മുഅ്രിഫത്തുസ്സ്വഹാബ, ഹദീഥ് നമ്പർ 4711, പ്രസാധകർ ദാറുൽഫിക്ർ ലബ്നാൻ 2002)

ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ്(റ) ബദ്ർ യുദ്ധത്തെ സംബന്ധിച്ചെഴുതുന്നു: 'ഹദ്റത്ത് അലി പറയുന്നു: 'യുദ്ധം ചെയ്തുകൊണ്ടിരിക്കുമ്പോൾ എനിക്ക് നബി(സ)തിരുമേനിയെ കുറിച്ചു ചിന്ത വരുമ്പോൾ ഞാൻ നബി(സ)തിരുമേനിയുടെ തമ്പിലേക്കോടിപ്പോകുമായിരുന്നു. പക്ഷേ, ഞാൻ പോകുമ്പോഴെല്ലാം നബി(സ)തിരുമേനി സുജൂദിൽക്കിടന്ന് വിലപിക്കുന്നതാണ് കണ്ടത്. നബി(സ)തിരുമേനിയുടെ പരിശുദ്ധ അധരത്തിൽനിന്ന് ഞാൻ ഇപ്രകാരംകേട്ടു: യാ ഹയ്യു യാ ഖയ്യൂം! യാ ഹയ്യു യാ ഖയ്യൂം! എന്റെ ജീവനുള്ള ദൈവമേ! എന്റെ ജീവസന്ദായകനായ നാഥാ!ഹദ്റത്ത് അബൂബക്ർ(റ) നബി(സ)തിരുമേനിയുടെ ഈ അവസ്ഥ കണ്ട് വളരെ അസ്വസ്ഥനായിരുന്നു. ചിലപ്പോൾ അനിയന്ത്രിതമായി പറഞ്ഞു: 'യാ റസൂലല്ലാഹ്! എന്റെ മാതാപിതാക്കൾ അങ്ങേക്ക് ബലിയാണ്! അങ്ങ് പരിഭ്രമിക്കേണ്ടതില്ല. അല്ലാഹു തീർച്ചയായും തന്റെ വാഗ്ദാനം പൂർത്തീകരിക്കുന്നതാണ്.' പക്ഷേ, ഇതൊക്കെയായിട്ടും നബി(സ)തിരുമേനി ദുആകളിൽ വ്യാപൃതനായിരുന്നു. ചിലപ്പോൾ ദൈവിക വാഗ്ദാനത്തിൽ നിബന്ധനകൾ ഉണ്ടായിരിക്കുമെന്ന് അവിടന്ന് പറഞ്ഞിരുന്നു.(സീറത്തു ഖാത്തമുന്നബിയ്യീൻ, ഹദ്റത്ത് മിർസാ ബശീർ അഹ്മദ്(റ) പേജ് 361)

ഹിജ്റ 2-ലാണ് ഹദ്റത്ത് ഫാത്വിമയുടെ വിവാഹം നടന്നത്. ഹദ്റത്ത് അലി, നബി(സ)തിരുമേനിയുടെ സന്നിധിയിൽ ഹദ്റത്ത് ഫാത്വിമയെ സംബന്ധിച്ച് വിവാഹത്തിന് അപേക്ഷിച്ചത് അവിടന്ന് സന്തോഷപൂർവ്വം സ്വീകരിച്ചു. ഹദ്റത്ത് അനസ്(റ) നിവേദനം ചെയ്യുന്നു: ഹദ്റത്ത് അബൂബക്റും ഹദ്റത്ത് ഉമറും നബി(സ) തിരുമേനിയോടു ഹദ്റത്ത് ഫാത്വിമയുടെ വിവാഹത്തിന് അപേക്ഷിച്ചിരുന്നു. എന്നാൽ, നബി(സ) തിരുമേനി മൗനം പാലിച്ചു. അവർക്ക് മറുപടിയൊന്നും കൊടുത്തില്ല. ഹദ്റത്ത് അലി നിവേദനം ചെയ്യുന്നു: 'ഞാൻ നബി(സ)തിരുമേനിയുടെ തിരുസന്നിധിയിലെത്തി. ഹദ്റത്ത് ഫാത്വിമയെ എനിക്ക് വിവാഹംകഴിച്ച് തരണമെന്ന് അപേക്ഷിച്ചു. നബി(സ)തിരുമേനി ചോദിച്ചു: 'താങ്കളുടെ പക്കൽ മഹ്ർ നൽകാൻ എന്തെങ്കിലുമുണ്ടോ?' ഞാൻ പറഞ്ഞു: 'എന്റെ കുതിരയും പടച്ചട്ടയുമുണ്ട്.' നബി(സ)തിരുമേനി പറഞ്ഞു: 'കുതിര താങ്കൾക്ക് ആവശ്യം വരുന്നതാണ്. പക്ഷേ, പടച്ചട്ട വിൽക്കുക.' അങ്ങനെ ഞാൻ എന്റെ പടച്ചട്ട 480 ദിർഹമിന് വിറ്റ്, മഹ്റിനുള്ള ഏർപ്പാട്ചെയ്തു.' മഹ്ർ നിശ്ചയിക്കണമെന്ന് പറയുമ്പോൾ പൊതുവിൽ ആളുകൾ എന്തെങ്കിലുമാകട്ടെ അതെല്ലാം പിന്നെ കൊടുക്കാമെന്നു പറയാറുണ്ട്. ഒരു നിവേദനത്തിൽ വരുന്നു: 'നബി(സ)തിരുമേനി പറഞ്ഞു: 'ആദ്യം മഹ്റിനുള്ള ഏർപ്പാട് ചെയ്യുക. അതായത് അതുടനെ കൊടുക്കേണ്ട അവകാശമാണ്. സ്ത്രീകൾ ആദ്യംതന്നെ മഹ്ർ ചോദിക്കുന്നുവെന്ന് ചിലയാളുകൾ എനിക്കെഴുതാറുണ്ട്. വാസ്തവത്തിൽ ഞങ്ങൾ സുഖത്തിലും സന്തോഷത്തിലുമാണ് കഴിയുന്നത്. അവർ ആവശ്യപ്പെടുന്നുവെങ്കിൽ അത് അവരുടെ അവകാശമാണ്. അപ്പോൾ തന്നെ നൽകണം. അതു കൊടുക്കാത്തതുകൊണ്ട് പിന്നീട് വഴക്കു തുടങ്ങുന്നു. പിന്നീട് ത്വലാഖ്-ഖുലായുടെ നേരത്ത് ഇത് കൊടുക്കേണ്ടതാണ്. വാസ്തവത്തിൽ ഹഖ്മഹ്റിന് ത്വലാഖ്, ഖുലയുമായി ഒരുവിധ ബന്ധവുമില്ല.

ഒരു നിവേദനത്തിൽ പറയുന്നു: 'ഹദ്റത്ത് അലി പടച്ചട്ട, ഹദ്റത്ത് ഉഥ്മാനാണ് വിറ്റത്. ഹദ്റത്ത് ഉഥ്മാൻ പടച്ചട്ടയുടെ തുകയും കൊടുത്തു, പടച്ചട്ടയും തിരികെ കൊടുത്തു. ഹദ്റത്ത് അലി പറയുന്നു: 'ഞാൻ പ്രസ്തുത തുകയുമായെത്തി. നബി(സ)തിരുമേനിയുടെ മടിയിൽ വെച്ചുകൊടുത്തു. നബി(സ)തിരുമേനി അതിൽനിന്ന് ഒരുപിടിയെടുത്ത് ബിലാലിന് കൊടുത്തിട്ട് പറഞ്ഞു: 'ഇതുകൊണ്ട് കുറച്ചു സുഗന്ധം വാങ്ങി വരിക!' കുറച്ചാളുകളോട് ഹദ്റത്ത് ഫാത്വിമക്ക് കൊടുക്കാനുള്ള ഉപഹാരം തയ്യാറാക്കാനും പറഞ്ഞു. അങ്ങനെ ഹദ്റത്ത് ഫാത്വിമക്കുവേണ്ടി ഒരു കട്ടിലും ഈന്തപ്പനച്ചകിരി നിറച്ച ഒരു തലയിണയും തയ്യാറാക്കപ്പെട്ടു. ഒരു നിവേദനത്തിൽ പറയുന്നു: 'ഹദ്റത്ത് അലിയുമായുള്ള ഈ ബന്ധമുണ്ടാക്കുമ്പോൾ നബി(സ)തിരുമേനി പറഞ്ഞു: 'എന്റെ റബ്ബ് എന്നോട് ഇങ്ങനെ ചെയ്യാൻ കൽപ്പിച്ചിരിക്കുന്നു.'

വീടുകൂടലിനു ശേഷം നബി(സ)തിരുമേനി ഹദ്റത്ത് അലിയോട് പറഞ്ഞു: 'ഫാത്വിമ നിന്റെയടുത്ത് വരുമ്പോൾ ഞാൻ എത്തുന്നതുവരെ ഒന്നും സംസാരിക്കരുത്.' അങ്ങനെ ഹദ്റത്ത് ഫാത്വിമ, ഹദ്റത്ത് ഉമ്മു അയ്മനോടൊപ്പമെത്തി. വീട്ടിൽ ഒരു ഭാഗത്തിരുന്നു. ഞാനും ഒരു ഭാഗത്തിരുന്നു. തുടർന്ന് നബി(സ) തിരുമേനിയെത്തി. അവിടന്ന്പറഞ്ഞു: 'എന്റെ സഹോദരൻ ഇവിടെയുണ്ട്.' ഉമ്മു അയ്മൻ പറഞ്ഞു: 'അങ്ങയുടെ സഹോദരനുമായിട്ടാണോ അങ്ങ് മകളുടെ വിവാഹം നടത്തിയത്? നബി(സ)തിരുമേനി പറഞ്ഞു: 'അതേ. നബി(സ)തിരുമേനി അകത്തേക്ക് കടന്നു. ഹദ്റത്ത് ഫാത്വിമയോട് വെള്ളംകൊണ്ടു വരാൻ ആവശ്യപ്പെട്ടു.' ഇത്തരം ബന്ധം അനുവദനീയമാണ്. അദ്ദേഹം നേരെ സഹോദരനല്ല. 'ഹദ്റത്ത് ഫാത്വിമ എഴുന്നേറ്റ് വീട്ടിൽവെച്ചിട്ടുണ്ടായിരുന്ന ഒരു പാത്രത്തിൽവെള്ളംകൊണ്ടുവന്നു. നബി(സ)തിരുമേനി അതുവാങ്ങി. അതിൽ നിന്ന് അല്പം കവിൾകൊണ്ട ശേഷം ഹദ്റത്ത് ഫാത്വിമയോട് പറഞ്ഞു: മുന്നോട്ടു വരിക! അവർ മുന്നോട്ടുവന്നു. നബി(സ)തിരുമേനി അവരുടെ ദേഹത്തും തലയിലും വെള്ളം കുടഞ്ഞിട്ട് ദുആചെയ്തു: *അല്ലാഹുമ്മ ഇന്നീ ഉയീദുഹാബിക്ക വ ദുർരിയ്യത്തഹാ മിനശ്ശയ്ത്വാനിർറജീം.*'അല്ലാഹുവേ! ഇവരേയും ഇവരുടെ സന്താനങ്ങളേയും ശപിക്കപ്പെട്ട പിശാചിന്റെ ഉപദ്രവത്തിൽനിന്ന് ഞാൻ നിന്റെ അഭയത്തിലാക്കുന്നു.' തുടർന്ന് പറഞ്ഞു: 'മറുഭാഗത്തേക്ക് തിരിയുക! അങ്ങനെ മറുഭാഗത്തേക്ക് തിരിഞ്ഞപ്പോൾ നബി(സ)തിരുമേനി ചുമലുകൾക്കിടയിൽ വെള്ളംകുടഞ്ഞു. തുടർന്ന് ഹദ്റത്ത് അലിയോടും അങ്ങനെ തന്നെ ചെയ്തു. ഹദ്റത്ത് അലിയോട് പറഞ്ഞു: 'നിന്റെ കുടുംബത്തിലേക്ക് അല്ലാഹുവിന്റെ നാമത്തിലും അനുഗ്രഹത്തിലും പൊയ്ക്കൊള്ളുക.'

അതേപോലെ, ഹദ്റത്ത് അലിയിൽ നിന്നുള്ള ഒരു നിവേദനത്തിൽ പറയുന്നു: 'നബി(സ) തിരുമേനി ഒരു പാത്രത്തിൽ വുളുചെയ്തു. തുടർന്ന് ആ വെള്ളം ഹദ്റത്ത് അലിയുടേയും ഫാത്വിമയുടേയുംമേൽ തളിച്ചുകൊണ്ട് പറഞ്ഞു: *അല്ലാഹുമ്മ ബാരിക് ഫീഹിമാ വ ബാരിക് ലഹുമാ ഫീ ശംലിഹിമാ* അല്ലാഹുവേ! ഇവർ രണ്ടുപേരിലും അനുഗ്രഹം നൽകേണമേ, അവരുടെ കൂടിചേരലിലും അനുഗ്രഹം ചൊരിയണമേ!

ഹദ്റത്ത് ആഇശയും ഹദ്റത്ത് ഉമ്മു സൽമയും വിവരിക്കുന്നു: 'നബി(സ)തിരുമേനി ഞങ്ങളോട് പറഞ്ഞു: 'ഫാത്വിമയെ ഒരുക്കുക. അങ്ങനെ ഞങ്ങൾ അവരെ, ഹദ്റത്ത് അലിയുടെ അടുക്കലെത്തിച്ചു. ഞങ്ങൾ വീട്ടിലേക്ക് ശ്രദ്ധിച്ചു. ബത്ഹായിലെ ചുറ്റുവട്ടത്തുള്ള മൃദുലമായ മണ്ണുകൊണ്ട് വീട് മെഴുകി. പിന്നെ ഈന്തപ്പന നാരുകൊണ്ട് രണ്ട് തലയിണ നിറച്ചു. അത് ഞങ്ങൾ തന്നെയാണ് തുന്നിയത്. തുടർന്ന് ഞങ്ങൾ ഈന്തപ്പഴവും ഉണക്കമുന്തിരിയും കുടിക്കാൻ മധുര പാനീയവുംവെച്ചു. വസ്ത്രവും വെള്ളക്കുപ്പിയും തൂക്കിയിടുന്നതിനുവേണ്ടി ഒരു തടിക്കഷണമെടുത്ത് അത് മുറിയിൽ ഒരു ഭാഗത്ത് ഉറപ്പിച്ചുനിറുത്തി. അതിൽ വെള്ളം നിറച്ച പാത്രം തൂക്കിയിടുകയും ചെയ്തു. ഹദ്റത്ത് ഫാത്വിമയുടെ വസ്ത്രവും വെള്ളക്കുപ്പിയും തൂക്കിയിടുന്നതിന് ഒരു തടിക്കഷണം വെക്കുകയുണ്ടായി. ഞങ്ങൾ ഹദ്റത്ത് ഫാത്വിമയുടെ വിവാഹത്തേക്കാളും ഉത്തമമായ വിവാഹം കണ്ടിട്ടില്ല. വലീമസൽക്കാരം ഈന്തപ്പഴവും യവവും പനീറും ഹയ്സും അടങ്ങിയതായിരുന്നു. ഈന്തപ്പഴവും നെയ്യും പനീറും മറ്റും ചേർത്ത് തയ്യാറാക്കുന്ന ഭക്ഷണത്തിനാണ് ഹയ്സ് എന്നു പറയുന്നത്. ഹദ്റത്ത് അസ്മാ ബിൻത് ഉമയ്സ്(റ) പറയുന്നു: 'ഇതിനേക്കാൾ നല്ല വലീമ അക്കാലത്ത് വേറെ ഉണ്ടായിട്ടില്ല.'(ശറഹ് അൽഅല്ലാമ അസ്സുർഖാനീ അലൽ മവാഹിബുല്ലദുന്നിയ, വാള്യം 2, പേജ് 357-367, ദാറുൽകുതുബുൽഇൽമിയ്യ ബെയ്റൂത്ത് 1996)(സുനൻ ഇബ്നുമാജ, കിതാബുന്നിക്കാഹ്, ബാബു അൽവലീമ, ഹദീഥ് നമ്പർ 1911)(താരീഖുൽഖുമയ്സ്, ഭാഗം 2, പേജ് 77, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റൂത്ത് 1996)അത്ത്വബഖാത്തുൽ കുബ്റാ, ഭാഗം 8, പേജ് 19, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റൂത്ത് 1990)(ലുഗാത്തുൽഹദീഥ്, വാള്യം 1, പേജ് 172, കിതാബുൽ ഹാഅ്)

ഹദ്റത്ത് ഫാത്വിമയുടേയും ഹദ്റത്ത് അലിയുടേയും വിവാഹത്തെ വിവരിച്ചുകൊണ്ട് സീറത്ത് ഖാത്തമുന്നബിയ്യീൻ എന്ന ഗ്രന്ഥത്തിൽ

ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ് (റ)പറയുന്നു: ഹദ്റത്ത് ഫാത്വിമ, ഹദ്റത്ത് ഖദീജയിൽ നബി(സ)തിരുമേനിക്കു ജനിച്ച ഏറ്റവും ചെറിയ കുട്ടിയായിരുന്നു. നബി(സ) തിരുമേനി തന്റെ മക്കളിൽ ഹദ്റത്ത് ഫാത്വിമയെ ഏറ്റവുമധികം ഇഷ്ടപ്പെട്ടിരുന്നു. മാത്രമല്ല തന്റെ വ്യക്തിപരമായ ശ്രേഷ്ഠതകളാൽ ഈ സവിശേഷസ്നേഹത്തിന് ഏറ്റവും അർഹയായിട്ടുണ്ടായിരുന്നതും അവർ തന്നെയായിരുന്നു. അവർക്ക് ഏകദേശം 15 വയസായപ്പോൾ വിവാഹാഭ്യർഥനകൾ വന്നുതുടങ്ങി. ഏറ്റവുമാദ്യം ഹദ്റത്ത് അബൂബക്റാണ് അപേക്ഷിച്ചത്. പക്ഷേ, നബി(സ)തിരുമേനി ഒഴികഴിവ് പറഞ്ഞു. പിന്നെ ഹദ്റത്ത് ഉമർ(റ) അപേക്ഷിച്ചു. പക്ഷേ, അതും നബി(സ)തിരുമേനി അംഗീകരിച്ചില്ല. അവിടന്ന് ഉദ്ദേശിക്കുന്നത് ഹദ്റത്ത് അലിയേയാണെന്ന് മനസ്സിലാക്കിയ ആ മഹാത്മാക്കളും ഹദ്റത്ത് അലിയോട് ഹദ്റത്ത് ഫാത്വിമയെ സംബന്ധിച്ച് (വിവാഹ) അഭ്യർഥന നടത്താൻ ആവശ്യപ്പെട്ടു. ഒരുപക്ഷേ, ഹദ്റത്ത് അലി, നേരത്തെതന്നെ അത് ആഗ്രഹിച്ചിരുന്നെങ്കിലും ലജ്ജ കാരണം മൗനം പാലിക്കുകയായിരുന്നു. എന്നാൽ, ഇപ്പോൾ ഉടൻതന്നെ നബി(സ)തിരുമേനിയുടെ സവിധത്തിലെത്തി വിവാഹാഭ്യർഥന നടത്തി. മറുഭാഗത്ത് നബി(സ)തിരുമേനിയ്ക്ക് വഹ്യു മുഖേന, ഹദ്റത്ത് ഫാത്വിമയുടെ വിവാഹം ഹദ്റത്ത് അലിയുമായി നടത്തണമെന്ന സൂചനയും ലഭിച്ചിരുന്നു. ഹദ്റത്ത് അലി വിവാഹാഭ്യർഥന നടത്തിയപ്പോൾ അവിടന്ന് പറഞ്ഞു: 'എനിക്ക് ഇതേകുറിച്ച് ദൈവിക സൂചന ലഭിച്ചിട്ടുണ്ടായിരുന്നു.' തുടർന്ന് നബി(സ) തിരുമേനി ഹദ്റത്ത് ഫാത്വിമയോട് ചോദിച്ചപ്പോൾ അവർ ലജ്ജകാരണം മൗനം പാലിച്ചു. ഇതും ഒരു തരത്തിലുള്ള സമ്മതം തന്നെയാണ്. അങ്ങനെ നബി(സ)തിരുമേനി മുഹാജിരീങ്ങളുടേയും അൻസ്വാറിന്റേയും ഒരു സംഘത്തെ ഒരുമിച്ചുകൂട്ടി, ഹദ്റത്ത് അലിയും ഹദ്റത്ത് ഫാത്വിമയും തമ്മിലുള്ള നിക്കാഹ് നടത്തി. ഇത് ഹിജ്റ രണ്ടാം വർഷം ആരംഭത്തിലോ മധ്യത്തിലോ ആണുണ്ടായത്. അതിനുശേഷം ബദ്ർ യുദ്ധം കഴിഞ്ഞപ്പോൾ ഹിജ്റ രണ്ടാം വർഷം ദുൽഹജ്ജു മാസത്തിലാണ് വീട് കൂടലുണ്ടായത്. നബി(സ)തിരുമേനി ഹദ്റത്ത് അലിയെ വിളിച്ചു ചോദിച്ചു: 'നിന്റെ പക്കൽ മഹ്ർ നൽകാൻ എന്തെങ്കിലുംഉണ്ടോ?'

തോട്ടത്തിൽ നടന്ന ഒരു സംഭവം വിവാഹത്തിന് മുമ്പേ ഉണ്ടായതാണെന്ന് ഞാൻ പറഞ്ഞിരുന്നു. അത് ശരിയാണ്. ഹദ്റത്ത് അലിയെ വിളിച്ചു ചോദിച്ചു: മഹ്ർ കൊടുക്കാൻ നിന്റെ പക്കൽ എന്തെങ്കിലുമുണ്ടോ? ഹദ്റത്ത് അലി പറഞ്ഞു: 'യാ റസൂലല്ലാഹ്! എന്റെ പക്കൽ ഒന്നുമില്ല. നബി(സ)തിരുമേനി പറഞ്ഞു: 'ഞാൻ നിനക്ക് ബദ്റിലെ സമരാർജിത മുതലിൽനിന്ന് തന്ന പടച്ചട്ട എവിടെപ്പോയി?' ഹദ്റത്ത് അലി പറഞ്ഞു: 'അത് എന്റെ പക്കലുണ്ട്.' അവിടന്ന് പറഞ്ഞു: 'അതുകൊണ്ടുവരിക!' അങ്ങനെ ആ പടച്ചട്ട 480 ദിർഹമിന് വിറ്റു. നബി(സ)തിരുമേനി ആ തുകകൊണ്ട് വിവാഹത്തിനുള്ള ചെലവ് കണ്ടെത്തി. നബി(സ)തിരുമേനി ഹദ്റത്ത് ഫാത്വിമക്ക് നൽകിയ വിവാഹ ഉപഹാരം ലൈസ് പിടിപ്പിച്ച പുതപ്പും ഈന്തപ്പനയുടെ ഉണങ്ങിയ ഇലകൾ നിറച്ച ഒരു തുകൽകിടക്കയും ഒരു തുകൽ പാത്രവുമായിരുന്നു. ഒരു നിവേദനത്തിൽ ഹദ്റത്ത് ഫാത്വിമയുടെ വിവാഹ സമ്മാനമായി, നബി(സ)തിരുമേനി ഒരു ആട്ടുകല്ലും കൊടുത്തിരുന്നുവെന്ന് വന്നിട്ടുണ്ട്. ഈ സാധനങ്ങളെല്ലാം തയ്യാറായി കഴിഞ്ഞപ്പോൾ വീടിനെ സംബന്ധിച്ച ചിന്തയായി. ഹദ്റത്ത് അലി ഒരുപക്ഷേ, നബി(സ)തിരുമേനിയുടെ കൂടെ മസ്ജിദിലുള്ള ഏതെങ്കിലും മുറിയിലായിരിക്കും താമസിച്ചിട്ടുണ്ടായിരുന്നത്. പക്ഷേ, വിവാഹശേഷം ഭാര്യാഭർത്താക്കന്മാർക്ക് താമസിക്കാൻ വേറെ തന്നെ വീട് അനിവാര്യമായിരുന്നു. നബി(സ) തിരുമേനി ഹദ്റത്ത് അലിയോട് പറഞ്ഞു: 'നിങ്ങൾക്കു രണ്ടുപേർക്കും താമസിക്കാൻ അനുയോജ്യമായ ഒരു വീട് കണ്ടെത്തുക. ഹദ്റത്ത് അലി, താൽക്കാലികമായി ഒരു വീട് ഏർപ്പാടാക്കി. അതിലേക്കാണ് ഹദ്റത്ത് ഫാത്വിമയെ കൊണ്ടുവന്നത്. അന്നേ ദിവസം വിവാഹാനന്തരം നബി(സ)തിരുമേനി അവരുടെ വീട്ടിലെത്തി. കുറച്ചു വെള്ളം ആവശ്യപ്പെട്ടു. അതിൽ ദു:ആചെയ്തുകൊണ്ട് പ്രസ്തുത വെള്ളം ഹദ്റത്ത് ഫാത്വിമയുടേയും ഹദ്റത്ത് അലിയുടേയുംമേൽ തളിച്ചു. എന്നിട്ട് ഇങ്ങനെ ദു:ആചെയ്തു: *അല്ലാഹുമ്മ ബാരിക് ഫീഹിമാ വ ബാരിക് അലയ്ഹിമാ വ ബാരിക്ക ലഹുമാ നസ്‌ലഹുമാ*

അതായത് അല്ലാഹുവേ, ഇവർ രണ്ടു പേരുടേയും കൂടിച്ചേരലിൽ അനുഗ്രഹം ചൊരിയേണമേ. ഇവരിരുവരുടേയും മറ്റുള്ളവരുമായുള്ള ബന്ധത്തിലും അനുഗ്രഹം നൽകേണമേ. ഇവരുടെ സന്താനങ്ങളിലും അനുഗ്രഹം ചൊരിയേണമേ. തുടർന്ന് നബി(സ)തിരുമേനി നവദമ്പതികളെ അവിടെയാക്കി തിരിച്ചുപോയി. അതിനുശേഷം ഒരു ദിവസം നബി(സ)തിരുമേനി ഹദ്റത്ത് ഫാത്വിമയുടെ വീട്ടിൽ പോയപ്പോൾ ഹദ്റത്ത് ഫാത്വിമ നബി(സ)തിരുമേനിയോട് പറഞ്ഞു: 'ഹാരിഥ ബിൻ നുഅ്മാൻ അൻസാരിയുടെ പക്കൽ കുറച്ച് വീടുകളുണ്ട്. അങ്ങ് അദ്ദേഹത്തോട് ഏതെങ്കിലും വീട് ഒഴിഞ്ഞു തരാൻ പറഞ്ഞാലും!' നബി(സ)തിരുമേനി പറഞ്ഞു: 'അദ്ദേഹം നമുക്കുവേണ്ടി നിരവധി വീടുകൾ ഒഴിഞ്ഞ്തന്നിരിക്കുന്നു. ഇനിയും അദ്ദേഹത്തോട് ആവശ്യപ്പെടാൻ എനിക്കു മടിയുണ്ട്.' ഹാരിഥക്ക് ഇതേക്കുറിച്ച് എങ്ങനെയോ അറിവു ലഭിച്ചപ്പോൾ അദ്ദേഹം ധിറുതിപ്പെട്ട് നബി(സ)തിരുമേനിയുടെ സവിധത്തിലെത്തി പറഞ്ഞു: 'യാ! റസൂലല്ലാഹ്! എന്റെ എന്തെല്ലാമുണ്ടോ അതെല്ലാം അങ്ങയുടേതാകുന്നു. അല്ലാഹുവാണ! അങ്ങ് എന്നിൽനിന്ന് എന്തു സ്വീകരിക്കുന്നതും അത് എന്റെ കൈയിൽ ഇരിക്കുന്നതിനേക്കാൾ എനിക്ക് സന്തോഷപ്രദമാണ്. തുടർന്ന് ആ ആത്മാർഥനായ സ്വഹാബി നിർബന്ധപൂർവ്വം തന്റെ വീട് ഒഴിഞ്ഞ് നൽകുകയുണ്ടായി. ഹദ്റത്ത് അലിയും ഹദ്റത്ത് ഫാത്വിമയും അവിടേക്ക് മാറുകയും ചെയ്തു.(സീറത്തു ഖാത്തമുന്നബിയ്യീൻ, ഹദ്റത്ത് മിർസാ ബശീർ അഹ്മദ്(റ) പേജ് 455 –456)

ഹദ്റത്ത് അലിയും ഹദ്റത്ത് ഫാത്വിമയും തങ്ങളുടെ കഷ്ടപ്പാടും ദാരിദ്ര്യവും ഉണ്ടായിട്ടുപോലും ഉള്ളതുകൊണ്ട് തൃപ്തിപ്പെടുന്നതിന്റെ മാതൃകയാണ് കാഴ്ചവെച്ചത്. ഹദീഥുകളിൽ പറയുന്നു: ഹദ്റത്ത് അലി നിവേദനം. അദ്ദേഹം പറഞ്ഞു: 'ഹദ്റത്ത് ഫാത്വിമ ആട്ടുകല്ലിൽ ആട്ടുമ്പോൾ കൈ വേദനിക്കുന്നുവെന്ന് പരാതിപ്പെടുകയും നബി(സ)തിരുമേനിയുടെ അടുക്കൽകുറച്ച് ബന്ദികൾ വന്നപ്പോൾ കാണാൻ പോവുകയും ചെയ്തു. പക്ഷേ, നബി(സ)തിരുമേനിയെ കാണാൻ കഴിഞ്ഞില്ല. അങ്ങനെ ഹദ്റത്ത് ഫാത്വിമ, ഹദ്റത്ത് ആഇശ(റ)യെ കണ്ട് താൻ എന്തിനാണ് വന്നതെന്ന് അറിയിച്ചു. നബി(സ)തിരുമേനി വരുമ്പോൾ തനിക്കൊന്ന് കാണണമെന്ന് പറയണമെന്നും പറഞ്ഞേൽപിച്ചു. ഹദ്റത്ത് അലി പറയുന്നു: നബി(സ)തിരുമേനി ഞങ്ങളുടെ അടുക്കൽവന്നു. അപ്പോൾ ഞങ്ങൾ കിടക്കയിൽ കിടന്നിരുന്നു. ഞാൻ എഴുന്നേൽക്കാൻ തുടങ്ങിയപ്പോൾ അവിടന്ന് പറഞ്ഞു: 'അവിടെത്തന്നെ കിടന്നുകൊള്ളുക.'അങ്ങനെ നബി(സ) തിരുമേനി ഞങ്ങൾക്കിടയിൽ ഇരുന്നു. അവിടത്തെ കാലുകളുടെ തണുപ്പ് എന്റെ നെഞ്ചിൽ തട്ടുന്നുണ്ടായിരുന്നു. അവിടന്ന് പറഞ്ഞു: 'നിങ്ങൾ ആവശ്യപ്പെട്ടതിനേക്കാളും ഉത്തമമായ കാര്യം ആദ്യം ഞാൻ നിങ്ങൾക്ക് പറഞ്ഞുതരട്ടയോ? നിങ്ങൾ കിടക്കയിൽ കിടക്കുമ്പോൾ 34 തവണ അല്ലാഹുഅക്ബർ, 33 തവണ സുബ്ഹാനല്ലാഹ്, 33 തവണ അൽഹംദുലില്ലാഹ് എന്ന് ചൊല്ലുക. ഇത് നിങ്ങൾക്ക് ഭൃത്യനെ കിട്ടുന്നതിനെക്കാൾ ഉത്തമമാകുന്നു.'

ഹദ്റത്ത് അബൂഹുറയ്റ(റ) നിവേദനം. ഹദ്റത്ത് ഫാത്വിമ, നബി(സ)തിരുമേനിയുടെ സവിധത്തിൽ ഭൃത്യൻ വേണമെന്ന അപേക്ഷയുമായെത്തി. തന്റെ ജോലിഭാരത്തെ പറ്റി പറഞ്ഞു. നബി(സ)തിരുമേനി പറഞ്ഞു:'നിനക്ക് എന്റെ പക്കൽനിന്ന് സേവകരെ ലഭിക്കുന്നതല്ല. അതായത് നബി(സ)തിരുമേനി സേവകനെ നൽകാൻ ഉദ്ദേശിച്ചിരുന്നില്ല. വാസ്തവത്തിൽ സമരാർജിതസ്വത്തിൽ (ഗനീമത്തുമുതലിൽ) ഹദ്റത്ത് അലിക്കും അവകാശമുണ്ടായിരുന്നു. പക്ഷേ, നബി(സ)തിരുമേനി നൽകിയില്ല. അവിടന്ന് ചോദിച്ചു: 'നിനക്ക് സേവകനെ കിട്ടുന്നതിനെക്കാൾ ഉത്തമമായത് പറഞ്ഞു തരട്ടയോ? നിങ്ങൾ കിടക്കാൻ പോകുമ്പോൾ 33 പ്രാവശ്യം സുബ്ഹാനല്ലാഹ്, 33 പ്രാവശ്യം അൽഹംദുലില്ലാഹ്, 34 പ്രാവശ്യം അല്ലാഹു അക്ബർ എന്ന്ചൊല്ലുക. ഇത് സ്വഹീഹ് മുസ്‌ലിമിലുള്ള നിവേദനമാണ്.(സ്വഹീഹ് മുസ്‌ലിം കിതാബു അദ്ദിക്റു വദ്ദുആ വത്തൗബത്തിഹീ, ഹദീഥ് നമ്പർ 6915, 6918)

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ), നബി(സ) തിരുമേനിയുടെ ചരിത്രത്തിൽ ഈ സംഭവത്തെ ഇങ്ങനെ വിവരിക്കുന്നു: ആദ്യം ബുഖാരിയെ ഉദ്ധരിച്ചുകൊണ്ട് ഹദീഥ് എഴുതിയിട്ടുണ്ട്. ഹദ്റത്ത് ഫാത്വിമ(റ) ആട്ടുകല്ലിൽ ആട്ടുന്നതുകൊണ്ട് പ്രയാസമുണ്ടെന്ന് പരാതിപ്പെട്ടു. ആയിടക്ക് നബി(സ)തിരുമേനിയുടെ കൈയിൽ കുറച്ച് അടിമകൾ വന്നിട്ടുണ്ടായിരുന്നു. ഹദ്റത്ത് ഫാത്വിമ, നബി(സ)തിരുമേനിയുടെ വീട്ടിൽ വന്നെങ്കിലും അങ്ങയെ കാണാൻ പറ്റിയില്ല. അതുകൊണ്ട് അവർ, ഹദ്റത്ത് ആഇശ(റ)യോട് ആഗമനോദ്ദേശ്യം പറഞ്ഞ് അവിടെ നിന്നു തിരിച്ചു പോയി. നബി(സ)തിരുമേനി വന്നപ്പോൾ ഹദ്റത്ത് ആഇശ, ഹദ്റത്ത് ഫാത്വിമ വന്ന കാര്യം പറഞ്ഞു. അങ്ങനെ നബി(സ)തിരുമേനി ഞങ്ങളുടെ അടുക്കൽവന്നു. ഞങ്ങൾ അപ്പോൾ കിടക്കയിൽ കിടന്നിരുന്നു. നബി(സ)തിരുമേനി വരുന്നതു കണ്ടപ്പോൾ ഞാൻ എഴുന്നേൽക്കാൻ ആഗ്രഹിച്ചു. പക്ഷേ, നബി(സ)തിരുമേനി പറഞ്ഞു: അവിടെതന്നെ കിടന്നുകൊള്ളുക. തുടർന്ന് ഞങ്ങൾക്കിടയിൽ ഇരുന്നു. എനിക്ക് നബി(സ)തിരുമേനിയുടെ കാലിന്റെ തണുപ്പ് നെഞ്ചിൽ അനുഭവപ്പെടുന്നുണ്ടായിരുന്നു. അവിടന്ന് ഇരുന്നശേഷം പറഞ്ഞു: 'നിങ്ങൾ ആവശ്യപ്പെട്ടതിനെക്കാളും ഉത്തമമായത് ഞാൻ നിങ്ങൾക്ക് പറഞ്ഞുതരട്ടയോ? അതായത് നിങ്ങൾ കിടക്കുമ്പോൾ, 34 തവണ അല്ലാഹു അക്ബർ, 33 തവണ സുബ്ഹാനല്ലാഹ്, 33 തവണ അൽഹംദുലില്ലാഹ് എന്നു ചൊല്ലുക. ഇത് നിങ്ങൾക്ക് ഭൃത്യനെ ലഭിക്കുന്നതിനേക്കാൾ ഉത്തമമാകുന്നു.'ഹദ്റത്ത് മുസ്‌ലിഹ്മൗഊദ്(റ) എഴുതുന്നു: ഈ സംഭവത്തിൽ നിന്ന്, നബി(സ) തിരുമേനി സ്വത്ത് വിതരണം ചെയ്യുന്നതിൽ എത്രമാത്രം സൂക്ഷ്മത പാലിച്ചിരുന്നുവെന്ന്

മനസിലാകുന്നുണ്ട്. ഹദ്റത്ത് ഫാത്വിമക്ക് ഭൃത്യനെ ആവശ്യമുണ്ടായിരുന്നു. ആട്ടുകല്ലിൽ ആട്ടുന്നതുകൊണ്ട് വിഷമമുണ്ടായിരുന്നു. എന്നിട്ടും നബി(സ)തിരുമേനി ഭൃത്യനെ നൽകിയില്ല. മറിച്ച് ദുആ ചെയ്യാൻ പറയുകയും അല്ലാഹുവിലേക്ക് ശ്രദ്ധ ക്ഷണിക്കുകയുമാണ് ചെയ്തത്. നബി(സ)തിരുമേനി ആഗ്രഹിച്ചിരുന്നുവെങ്കിൽ ഹദ്റത്ത് ഫാത്വിമക്ക് ഭൃത്യനെ നൽകാമായിരുന്നു. കാരണം സ്വത്ത് നബി(സ) തിരുമേനിയുടെ അടുക്കലാണ് വിതരണത്തിനെത്തുന്നത്. അതും സ്വഹാബികൾക്ക് വിതരണംചെയ്യാൻ വരുന്നതാണ്. ഹദ്റത്ത് അലിക്കും അതിൽ അവകാശമുണ്ടായിരുന്നു. ഹദ്റത്ത് ഫാത്വിമയും അതിൽ അവകാശിയായിരുന്നു. പക്ഷേ, നബി(സ)തിരുമേനി സൂക്ഷ്മത പാലിച്ചു. ആ സ്വത്ത് തന്റെ ബന്ധുമിത്രാദികൾക്ക് നൽകാൻ ആഗ്രഹിച്ചില്ല. കാരണം ഇതിൽനിന്ന് ജനങ്ങൾ പിന്നീട് മറ്റെന്തെങ്കിലും അർഥകൽപന നൽകി രാജാക്കന്മാർ പൊതുമുതൽ തങ്ങൾക്ക് അനുവദനീയമാണെന്ന് ഗണിക്കുകയും ചെയ്തേക്കാം. ആയതിനാൽ വിതരണത്തിനു വന്ന അടിമസ്ത്രീ-പുരുഷന്മാരെ നബി(സ)തിരുമേനി സൂക്ഷ്മത പാലിച്ചുകൊണ്ട് ഹദ്റത്ത് ഫാത്വിമക്ക് നൽകിയില്ല. ഇവിടെ ഒരു കാര്യംകൂടി സ്മർത്തവ്യമാണ്. അതായത് ഈ സ്വത്തിൽ അല്ലാഹു നബി(സ) തിരുമേനിക്കും കുടുംബത്തിനും വിഹിതം നിശ്ചയിച്ചിട്ടുണ്ട്. അതിൽനിന്ന് അവിടന്ന് ചെലവഴിച്ചിരുന്നു. തന്റെ ബന്ധുക്കൾക്കും നൽകിയിരുന്നു. തന്റെ വിഹിതമായി വരാത്തത് ഒരിക്കലും വിതരണം ചെയ്തിരുന്നില്ല. ബയ്തുൽമാൽ (പൊതുമുതൽ) ഇങ്ങനെ സംരക്ഷിക്കുന്ന ഏതെങ്കിലും ഭൗതികരാജാവിന്റെ മാതൃക സമർപ്പിക്കാൻ കഴിയുമോ? ഈ മാതൃക കാണാൻ കഴിയുന്നുവെങ്കിൽ അത് ഈ പരിശുദ്ധാത്മാവിന്റെ സേവകരിൽ മാത്രമേ കണ്ടെത്താനാവുകയുള്ളു. മറ്റു മതക്കാർക്ക് അതിനു മാതൃക കാണിക്കാൻ കഴിയില്ല.(സീറത്തുന്നബി(സ), അൻവാറുൽ ഉലൂം, വാള്യം 1, പേജ് 544-545).

ഹദ്റത്ത് അലി ബിൻ അബൂത്വാലിബ്(റ) പറയുന്നു: 'ഒരു രാത്രി നബി(സ)തിരുമേനി, തന്റെ മകൾ ഫാത്വിമയുടെ വീട്ടിലെത്തി ചോദിച്ചു: 'നിങ്ങൾ രണ്ടുപേരും നമസ്കരിക്കാറില്ലേ?' ഞാൻ പറഞ്ഞു: 'യാ റസൂലല്ലാഹ്(സ)! ഞങ്ങളുടെ ജീവൻ അല്ലാഹുവിന്റെ കൈകളിലാണ്. അവൻ ആഗ്രഹിക്കുമ്പോൾ ഞങ്ങളെ ഉണർത്തുകയും ഞങ്ങൾ എഴുന്നേൽക്കുകയും ചെയ്യുന്നു.' നബി(സ)തിരുമേനി അതിന് മറുപടിയൊന്നും പറഞ്ഞില്ല. തിരിച്ചുപോയി. അതായത് തഹജ്ജുദ് നമസ്കാരം നമസ്കരിക്കാറില്ലേ എന്നാണ് ഉദ്ദ്യേശിച്ചത്. ചോദിച്ചത് തഹജ്ജുദ് നമസ്കാരത്തെ കുറിച്ചായിരുന്നു. തഹജ്ജുദിന്റെ നേരത്ത് ഞങ്ങളുടെ കണ്ണുതുറന്നില്ലെങ്കിൽ അത് അല്ലാഹുവിന്റെ ഇച്ഛ! അല്ലാഹു ഇച്ഛിക്കുമ്പോൾ ഞങ്ങളെ ഉണർത്തുന്നു. ഞങ്ങളെ ഉണർത്തുമ്പോൾ ഞങ്ങൾ നമസ്കരിക്കുന്നു. നബി(സ)തിരുമേനി ഒരു തർക്കത്തിന് നിന്നില്ല; തിരിച്ചുപോയി. നബി(സ)തിരുമേനി തിരിച്ചുപോകുമ്പോൾ തന്റെ തുടയിൽ കൈ അടിച്ചുകൊണ്ട് ഇങ്ങനെ പറയുന്നതായി ഞാൻ കേട്ടു: *വ കാനൽ ഇൻസാനു അക്ഥറ ശയ്ഇൻ ജദലാ* അതായത് മനുഷ്യൻ ഏറ്റവുമധികം കുതർക്കിയാകുന്നു. (സ്വഹീഹ് ബുഖാരി, കിതാബുത്തഹജ്ജുദ്, ബാബു തഹ് രീളുന്നബിയ്യി(സ)അലാ ഖിയാമില്ലയ്ലി വന്നവാഫിലി......ഹദീഥ് നമ്പർ 1127)

ഹദ്റത്ത് മുസ്‌ലിഹ്മൗഊദ്(റ) ഈ സംഭവം വിവരിച്ചുകൊണ്ട് പറയുന്നു: 'ഒരിക്കൽ രാത്രിയിൽ നബി(സ)തിരുമേനി തന്റെ ജാമാതാവ് അലിയുടേയും മകൾ ഫാത്വിമയുടേയും വീട്ടിൽ പോയി. അവരോടു ചോദിച്ചു: നിങ്ങൾ തഹജ്ജുദ് നമസ്കരിക്കാറുണ്ടോ? അതായത് അർധരാത്രിക്കുശേഷം എഴുന്നേറ്റ് അനുഷ്ഠിക്കുന്ന നമസ്കാരം. ഹദ്റത്ത് അലി പറഞ്ഞു: 'യാ റസൂലല്ലാഹ്! നമസ്കരിക്കാൻ ശ്രമിക്കുന്നുണ്ട്. പക്ഷേ, ദൈവേച്ഛപ്രകാരം ഞങ്ങളുടെ കണ്ണുകൾ അടഞ്ഞു പോകുമ്പോൾ തഹജ്ജുദ് ബാക്കിയാകുന്നു.' നബി(സ)തിരുമേനി പറഞ്ഞു: 'എഴുന്നേറ്റ് തഹജ്ജുദ് നമസ്കരിക്കുക.' അങ്ങനെ അവിടെ നിന്നെഴുന്നേറ്റ് വീട്ടിലേക്ക് മടങ്ങി. പോകുമ്പോൾ വഴിയിൽവച്ച്, *വ കാനൽഇൻസാനു അക്ഥറ ശയ്ഇൻ ജദലാ* എന്ന് പറഞ്ഞുകൊണ്ടിരുന്നു. ഇത് വിശുദ്ധ ഖുർആനിലെ ഒരു ആയത്താകുന്നു. അതിന്റെ അർഥം ഇപ്രകാരമാണ്;മനുഷ്യൻ അധികവും തന്റെ തെറ്റ് സമ്മതിക്കുന്നതിൽ പരിഭ്രമിക്കുന്നു. വിവിധ രീതിയിലുള്ള തെളിവുകൾ നല്കി തന്റെ ന്യൂനത മറച്ചുവെക്കാൻ ശ്രമിക്കുന്നു. ഇതിന്റെ ഉദ്ദേശ്യമെന്നതായിരുന്നു, അതായത് ഹദ്റത്ത് അലിയും ഫാത്വിമയും തങ്ങളിൽനിന്ന് ചിലപ്പോഴൊക്കെ വീഴ്ച ഉണ്ടാകാറുണ്ടെന്ന് പറയുന്നതിനു പകരം, തങ്ങൾ ഉണരരുതെന്ന് അല്ലാഹു ഇച്ഛിക്കുമ്പോൾ തങ്ങൾ ഉറങ്ങുന്നുവെന്ന് പറഞ്ഞ് എന്തിനാണ് തങ്ങളുടെ വീഴ്ച അല്ലാഹുവിനോടു ചേർത്ത് പറഞ്ഞത്?'(ദീബാച്ച തഫ്സീറുൽ ഖുർആൻ, അൻവാറുൽഉലൂം വാള്യം 20, പേജ് 389-390)

ഈ സംഭവം കുറേക്കൂടി വിശദമാക്കിക്കൊണ്ട് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു: 'ഹദ്റത്ത് അലി ഒരു സന്ദർഭത്തിൽ നബി(സ) തിരുമേനിക്കു മറുപടി നൽകിയതിൽ വാഗ്വാദത്തിന്റേയും എതിരിടുന്നതിന്റേയും ശൈലി പ്രകടമായിരുന്നുവെന്ന് വ്യക്തമാകുന്നുണ്ട്. അപ്പോൾ നബി(സ)തിരുമേനി ദേഷ്യപ്പെടുകയോ നിരാശ പ്രകടിപ്പിക്കുകയോ ചെയ്യാതെ വളരെ മനോഹരമായ നീക്കമാണ് നടത്തിയത്. അതിൽനിന്ന് ഹദ്റത്ത് അലി തന്റെ ജീവിതാന്ത്യംവരെ അതിന്റെ മാധുര്യം നുകർന്നിട്ടുണ്ടാകും. അദ്ദേഹം അനുഭവിച്ച ആനന്ദം അദ്ദേഹത്തിന് മാത്രം അവകാശപ്പെട്ടതായിരുന്നു. ഇപ്പോഴും നബി(സ)തിരുമേനിയുടെ ആ അസന്തുഷ്ടി മനസ്സിലാക്കുമ്പോൾ ഓരോ സൂക്ഷ്മ ദൃക്കും അത്ഭുതപ്പെട്ട് പോകുന്നു. ഹദ്റത്ത് അലി കർമല്ലാഹുവജ്ഹഹൂ പറയുന്നു: 'ബുഖാരിയിലുള്ള നിവേദനമാണ്. നബി(സ)തിരുമേനി ഒരു രാത്രിയിൽ എന്റേയും നബി(സ)തിരുമേനിയുടെ മകൾ ഫാത്വിമത്തുസഹ്റായുടേയും അടുക്കൽവന്ന്, 'നിങ്ങൾ തഹജ്ജുദ് നമസ്കരിക്കാറില്ലേ?' എന്ന് ചോദിച്ചു: ഞാൻ പറഞ്ഞു: 'യാ റസൂലല്ലാഹ്! ഞങ്ങളുടെ ജീവൻ അല്ലാഹുവിന്റെ നിയന്ത്രണത്തിലാകുന്നു. അവൻ ആഗ്രഹിക്കുമ്പോൾ ഞങ്ങളെ ഉണർത്തുന്നു.' നബി(സ)തിരുമേനി ഇതുകേട്ട് തിരിച്ചുപോയി. എന്നോടൊന്നും പറഞ്ഞില്ല. തുടർന്ന് നബി(സ) തിരുമേനി പിന്തിരിഞ്ഞുനിന്ന് തന്റെ തുടയിൽ കൈകൊണ്ട് അടിച്ചുകൊണ്ട് പറഞ്ഞു: 'മനുഷ്യൻ ഏറ്റവുമധികം തർക്കിക്കുന്ന പ്രകൃതക്കാരനത്രെ. സുബ്ഹാനല്ലാഹ്! നബി(സ) തിരുമേനി ഈ മനോഹരമായ രീതിയിലൂടെ ഇങ്ങനെ മറുപടി പറയരുതെന്ന് ഹദ്റത്ത് അലിക്ക് മനസിലാക്കി കൊടുക്കുകയാണ്. മറ്റാരെങ്കിലും ആയിരുന്നുവെങ്കിൽ എന്റെ വിലയും നിലയും നോക്കുക. നിങ്ങൾ ഇങ്ങനെ മറുപടി പറയുന്നത് ശരിയാണോ? ഞാൻ പറയുന്നത് ഇങ്ങനെ തിരസ്കരിക്കുകയാണോ? അതല്ലെങ്കിൽ മനുഷ്യൻ നിർബന്ധിതനാണെന്ന് പറയുന്ന നിങ്ങളുടെ വാദം തെറ്റാണ്, മനുഷ്യന്റെ എല്ലാ കാര്യങ്ങളും അല്ലാഹുവിന്റെ നിയന്ത്രണത്തിൽത്തന്നെയാണുള്ളത്. അവൻ ആഗ്രഹിക്കുന്നതുപോലെ ചെയ്യിക്കുന്നു. നമസ്കരിക്കാൻ തൗഫീഖ് നൽകുകയോ നൽകാതിരിക്കുകയോ ചെയ്യുന്നു. നിർബന്ധിക്കുക എന്നത് വിശുദ്ധ ഖുർആനിലെ പാഠങ്ങൾക്ക് വിരുദ്ധമാണെന്ന് തർക്കിക്കാമായിരുന്നു. എന്നാൽ, നബി(സ)തിരുമേനി ഈ രണ്ടു മാർഗവും സ്വീകരിച്ചില്ല. അദ്ദേഹത്തോട് അനിഷ്ടം കാണിക്കുകയോ, തർക്കിച്ചുകൊണ്ട് ഹദ്റത്ത് അലിയുടെ വാക്കുകളിലെ പിഴവ് ബോധ്യപ്പെടുത്തുകയോ ചെയ്തില്ല. മറിച്ച് ഒരു ഭാഗത്തേക്ക് മാറി, അദ്ദേഹത്തിന്റെ മറുപടിയിൽ അത്ഭുതം പ്രകടിപ്പിക്കുകയാണുണ്ടായത്. അതായത് മനുഷ്യന്റെ നിലപാട് എത്രമാത്രം വിചിത്രമാണ്, എല്ലാ ഓരോ കാര്യത്തിലും ഏതെങ്കിലുംകാര്യം തനിക്ക് അനുകൂലമായി കണ്ടെത്തുകയും തർക്കിക്കാൻ തുടങ്ങുകയും ചെയ്യുന്നു. വാസ്തവത്തിൽ നബി(സ)തിരുമേനി ഇത്രമാത്രം പറഞ്ഞതുകൊണ്ടുള്ള പ്രയോജനത്തിന്റെ നൂറിലൊരംശം പോലും നൂറുക്കണക്കിന് തർക്കം കൊണ്ട് ഉണ്ടാക്കിയെടുക്കാൻ സാധ്യമല്ല. ഈ ഹദീഥിൽ നിന്ന് നമുക്ക് നിരവധി കാര്യങ്ങൾ മനസിലാക്കാൻ കഴിയുന്നുണ്ട്. നബി(സ)തിരുമേനിയുടെ ഉന്നത ധാർമിക ബോധത്തിന്റെ വിവിധ വശങ്ങളിലേക്ക് അത് വെളിച്ചം വീശുന്നുണ്ട്. ഇവിടെ അതേക്കുറിച്ച് പരാമർശിക്കുന്നത് ഉചിതമായിരിക്കുമെന്ന് കരുതുന്നു. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ് (റ) പറയുന്നു: 'ഒന്ന്, നബി(സ)തിരുമേനിക്ക് എത്രമാത്രം ധാർമികകാര്യങ്ങളിൽ ശ്രദ്ധയുണ്ടായിരുന്നു എന്ന് മനസ്സിലാകുന്നു. രാത്രി ചുറ്റി സഞ്ചരിച്ച് തന്റെ അടുത്ത ബന്ധുക്കളെ ശ്രദ്ധിക്കുന്നു. നിരവധി ആളുകൾ സ്വയം നല്ലവരായിട്ടുണ്ട്. ജനങ്ങൾക്ക് നന്മയെപ്പറ്റി ഉപദേശിക്കുകയും ചെയ്യുന്നു. എന്നാൽ, അവരുടെ വീടിന്റെ അവസ്ഥ പരിതാപകരമായിരിക്കും. തന്റെ വീട്ടുകാരെ സമുദ്ധരിക്കാനുള്ള ത്രാണി അവർക്കുണ്ടായിരിക്കില്ല. ഇതേക്കുറിച്ചാണ് വിളക്കിന് കീഴിൽ ഇരുട്ട് എന്ന ചൊല്ലുള്ളത്. അതാ

## തിരുനബിയുടെ തിരുമൊഴികൾ:

**ഹദ്റത്ത് അബൂ മർസദിൽ ഗനവിയ്യിൽനിന്ന് നിവേദനം. നബി(സ)തിരുമേനി പറഞ്ഞു:'നിങ്ങൾ ഖബ്റുകളിന്മേൽ ഇരിക്കുകയും അതിലേക്ക് തിരിഞ്ഞ് നമസ്കരിക്കുകയും ചെയ്യരുത്.' (മുസ്‌ലിം, ഹദീഥ് 499)**

**ത്വാലിബെ ദുആ:**
**P.Abdul Ameer**
**Sadr, Ahmadiyya Jama-ath Pathapiriyam, Kerala**

## തിരുനബിയുടെ തിരുമൊഴികൾ:

**ഹദ്റത്ത ജാബിർ ബിൻ അബ്ദില്ലാഹ്(റ)നിവേദനം. നബി(സ)തിരുമേനി പറഞ്ഞത് അദ്ദേഹം കേട്ടു:'അരുവികളും മഴയും മുഖേന വെള്ളം കിട്ടുന്നതിന് പത്തിലൊന്നും ഒട്ടകത്തെവച്ച് നനയ്ക്കുന്നതിന് പത്തിലൊന്നിന്റെ പകുതിയുമാകുന്നു(സക്കാത്ത്).'(മുസ്‌ലിം, ഹദീഥ് 503)**

**ത്വാലിബെ ദുആ:**
**K.Muhammad Safwan & Family**
**Ahmadiyya Jama-ath Kakkanad, Kerala**

യത് ദീപം ചുറ്റുപാടും വെളിച്ചം നൽകുന്നുവെങ്കിലും അതിനു താഴെ ഇരുട്ടായിരിക്കും. അതുപോലെ മറ്റുള്ളവർക്ക് സദുപദേശം നൽകുകയും തങ്ങളുടെ ഭവനത്തെ പറ്റി, തങ്ങളുടെ പ്രകാശത്തിൽനിന്ന് സ്വന്തം വീട്ടുകാർ എത്രമാത്രം പ്രയോജനമെടുക്കുന്നുവെന്ന കാര്യത്തിൽ ആശങ്കയില്ലാത്തവരുണ്ട്. എന്നാൽ, നബി(സ) തിരുമേനി താൻ ലോകത്തിനു നൽകാൻ ആഗ്രഹിക്കുന്ന വെളിച്ചത്തിൽനിന്ന് തന്റെ ബന്ധുമിത്രാദികൾ പ്രകാശമയമാകണമെന്ന് ആഗ്രഹിച്ചിരുന്നു. അതിനുവേണ്ടി നബി(സ)തിരുമേനി ബദ്ധശ്രദ്ധനായിരുന്നു. ഇക്കാര്യത്തിൽ അവരെ പരീക്ഷിക്കുകയും ബോധ്യപ്പെടുത്തുകയും ചെയ്തിരുന്നു. ബന്ധുജന ശിക്ഷണം ഒരു ഉന്നതമായ നൈപുണ്യമാകുന്നു. അത് നബി(സ)തിരുമേനിയിൽ ഇല്ലായിരുന്നുവെങ്കിൽ അക്കാര്യം നബി(സ)തിരുമേനിയുടെ ഉന്നത സ്വഭാവത്തിൽ വളരെവളരെ വിലയേറിയ ഒരു കാര്യത്തിന്റെ അഭാവമാകുമായിരുന്നു. രണ്ട്, താൻ ലോകത്തിനു മുന്നിൽ സമർപ്പിച്ച സന്ദേശത്തെ സംബന്ധിച്ച് നബി(സ)തിരുമേനിക്ക് പൂർണ ബോധ്യമുണ്ടായിരുന്നു. ഒരു നിമിഷ നേരത്തേക്കുപോലും അതിൽ സംശയമുണ്ടായിരുന്നില്ല. നഊദുബില്ലാഹ്, നബി(സ)തിരുമേനി ജനങ്ങളെ വിഡ്ഢികളാക്കാനും തന്റെ അധികാരം സ്ഥാപിക്കാനുമാണ് എല്ലാ പദ്ധതികളും ആവിഷ്കരിച്ചതെന്നും നബി(സ)തിരുമേനിക്ക് ദിവ്യവെളിപാടൊന്നും ഇല്ലായിരുന്നുവെന്നും ആക്ഷേപിക്കുന്നവരുണ്ട്. എന്നാൽ, നബി(സ)തിരുമേനിക്ക് തന്റെ ദൈവനിയോഗിത വാദത്തിൽ ഉറച്ച ബോധ്യമുണ്ടായിരുന്നു. അതിന് സമാനമായത് ലോകത്ത് കണ്ടെത്താൻ സാധ്യമല്ല. കാരണം ഒരുപക്ഷേ, ജനങ്ങൾ സ്വയം നാട്യങ്ങളുമായി തങ്ങളുടെ സത്യസാക്ഷ്യം തെളിയിക്കാൻ ശ്രമിക്കുന്നവരുണ്ടാകും. എന്നാൽ, രാത്രി സമയത്ത് ഒരാൾ തന്റെ മകളുടേയും ജാമാതാവിന്റേയും അടുത്തുപോയി നിർബന്ധമല്ലാത്ത, മറിച്ച് വിശ്വാസികൾ അർധരാത്രിയിൽ തങ്ങളുടെ അവസ്ഥയ്ക്ക് അനുസൃതമായി അനുഷ്ഠിക്കാൻ പറഞ്ഞ ആരാധന നടത്തുന്നുണ്ടോ എന്ന് അന്വേഷിക്കണമെന്ന് കരുതാൻ നിവൃത്തിയില്ല. ആ സമയത്തുതന്നെ മകളേയും ജാമാതാവിനേയും തഹജ്ജുദ് നമസ്കരിക്കാൻ പ്രേരിപ്പിക്കുന്നത്, ജനങ്ങൾ നടക്കണം എന്ന് ആഗ്രഹിക്കുന്ന തന്റെ അധ്യാപനത്തെ സംബന്ധിച്ച് പൂർണബോധ്യമുണ്ടെന്നതിന് തെളിവാകുന്നു. കാരണം കറ്റുകെട്ടി പറയുന്ന ഒരാൾ അതിലുള്ള അധ്യാപനങ്ങൾ അനുഷ്ഠിക്കുന്നതും ഒഴിവാക്കുന്നതും ഒരുപോലെയാണെന്ന് ബോധ്യമുണ്ടായിരിക്കേ, അയാൾ തന്റെ മകൾക്ക് ആരോരുമില്ലാത്ത സമയത്ത് അതേക്കുറിച്ച് അധ്യാപനം നൽകാൻ തരമില്ല. ഈ അധ്യാപനം അനുസരിച്ച് നടക്കാതെ സമ്പൂർണതകൾ കൈവരിക്കാൻ സാധ്യമല്ലെന്ന് ബോധ്യമാകാത്തിടത്തോളം അതേക്കുറിച്ച് പറയാൻ കഴിയില്ല. അതായത് അധ്യാപനമനുസരിച്ച് നടക്കുന്നതും നടക്കാതിരിക്കുന്നതും ഒരുപോലെയാണെങ്കിൽ രാത്രിയുടെ, ആരോരുമില്ലാത്ത നേരത്ത് ഉപദേശിക്കണമെങ്കിൽ ഈ അധ്യാപനം പ്രാവർത്തികമാക്കാതെ ഒരാൾക്ക് മതത്തിന്റെ ഉന്നതിയിലേക്ക് കയറാൻ കഴിയില്ലെന്നും അതിന്റെ പാഠങ്ങൾ നേടാൻ കഴിയില്ലെന്നും പരിപൂർണ്ണ ബോധ്യം വേണ്ടതാണ്. മൂന്ന്, അത് പറയാനാണ് ഞാൻ ഈ സംഭവം തിരഞ്ഞെടുത്തത്. നബി(സ)തിരുമേനി ഓരോ കാര്യവും മനസ്സിലാക്കിക്കൊടുക്കുന്നതിൽ സഹിഷ്ണുത കാണിച്ചിരുന്നു. വഴക്കുകൂടാതെ, സ്നേഹ വാത്സല്യത്തോടെ ആർക്കും അയാളുടെ തെറ്റ് ബോധ്യപ്പെടുത്തിക്കൊടുത്തിരുന്നു. ഈ സന്ദർഭത്തിൽ ഹദ്റത്ത് അലി, നബി(സ)തിരുമേനിയുടെ ചോദ്യത്തിന്, ഉറങ്ങുമ്പോൾ ഉണരുമെന്ന കാര്യത്തിൽ തങ്ങൾക്ക് എന്ത് നിയന്ത്രണമാണെന്ന നിലയ്ക്കാണ് മറുപടി നൽകുന്നത്. കാരണം ഉറങ്ങുമ്പോൾ മനുഷ്യന് തന്റെ കാര്യത്തിൽ ഒരു നിയന്ത്രണവുമില്ല. ഉറങ്ങിക്കഴിഞ്ഞാൽ ഇന്ന സമയമായെന്നും ഇന്ന ഇന്ന കാര്യങ്ങൾ ചെയ്യുമെന്നും അയാൾക്ക് എന്ത് ബോധമുണ്ടാകാനാണ്. അല്ലാഹു കണ്ണ് തുറന്ന് തന്നാൽ നമസ്കരിക്കും. അല്ലാത്തപക്ഷം നിർബന്ധിതാവസ്ഥയാകുന്നു. അക്കാലത്ത് അലാറം ക്ലോക്കുകളൊന്നും ഉണ്ടായിരുന്നില്ല. ഇതുകേട്ടപ്പോൾ നബി(സ)തിരുമേനി ആശ്ചര്യപ്പെടുകയാണ് ചെയ്തത്. നബി(സ)തിരുമേനിയുടെ ഹൃദയത്തിലെ ഈമാൻ കാരണം, തഹജ്ജുദ് സമയം കഴിഞ്ഞു പോവുകയും നബി(സ) തിരുമേനിക്ക് അറിയാതിരിക്കുകയും ചെയ്ത സന്ദർഭം ഉണ്ടായിട്ടില്ല. അതുകൊണ്ട് നബി(സ) തിരുമേനി മറുഭാഗത്തേക്ക് മുഖംതിരിച്ചുകൊണ്ട് ഇത്രമാത്രം പറഞ്ഞു: മനുഷ്യൻ കാര്യം അംഗീകരിക്കുകയല്ല. തർക്കിക്കുകയാണ് ചെയ്യുന്നത്. അതായത് നിങ്ങൾ മേലിൽ ശ്രമിക്കുകയാണ് വേണ്ടത്. അല്ലാതെ ഇങ്ങനെ മാറ്റി പറഞ്ഞ് സമയം നഷ്ടപ്പെടുത്തുകയല്ല. അതുകൊണ്ട് തന്നെ ഹദ്റത്ത് അലി കർമല്ലാഹുവജ്ഹഹൂ പറയുന്നു: 'ഞാൻ പിന്നീടൊരിക്കലും തഹജ്ജുദ് ഒഴിവാക്കിയിട്ടില്ല.'(സീറത്തുന്നബി(സ), അൻവാറുൽഉലൂം, വാള്യം 1 പേജ് 588–590)

ഈ അനുസ്മരണം തുടരുകയാണ്. ഇൻശാ അല്ലാഹ് തുടർന്നും ഉണ്ടായിരിക്കുന്നതാണ്.

ഇപ്പോൾ പാകിസ്താനിലെ അവസ്ഥ കൂടുതൽ സങ്കീർണമായിക്കൊണ്ടിരിക്കുകയാണ്. ചില സർക്കാർ ഉദ്യോഗസ്ഥന്മാർ മൗലവിമാരുടെ പിന്നിൽ നടന്ന്, അവരുമായി യോജിച്ച് തങ്ങളാലാവുംവിധം നമുക്ക് നഷ്ടമുണ്ടാക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുന്നു. അതുകൊണ്ട് പാകിസ്താനിലുള്ള അഹ്മദികളും മറ്റു സ്ഥലങ്ങളിലെ അഹ്മദികളും പ്രത്യേകം ദുആചെയ്യുക. അല്ലാഹു അവരെ സംരക്ഷിക്കുമാറാകട്ടെ. ശത്രുക്കളുടെ ശർറിൽനിന്ന് കാത്തുരക്ഷിക്കുമാറാകട്ടെ. ഇവർ ഉണ്ടാക്കുന്ന ഭീകരവും അപകടകരവുമായ പദ്ധതികളിൽനിന്ന് സുരക്ഷിതമാക്കുമാറാകട്ടെ. അവരെ പിടികൂടാൻ എത്രയുംവേഗം സംവിധാനം ഉണ്ടാക്കുമാറാകട്ടെ.

ഞാൻ ജുമുഅയ്ക്ക്ശേഷം ചില ജനാസാ ഗാഇബ് നമസ്കരിപ്പിക്കുന്നതാണ്. ഇനി പരേതാത്മക്കളെ ചുരുങ്ങിയ നിലയിൽ അനുസ്മരിക്കുന്നതാണ്. ആദ്യം ജനാബ് കമാന്റർ ചൗദ്ദരി മുഹമ്മദ് അസ്‌ലം സാഹിബ് കാനഡായുടെ അനുസ്മരണമാണ്. 2020 നവംബർ 20ന് അദ്ദേഗഹം വഫാത്തായി. ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ.

കമാന്റർ സാഹിബ് 1929 ൽ ഗുജറാൻവാലയിൽ ജനിച്ചു. ഗുജറാൻ വാലയിൽ നിന്നുതന്നെ ഒന്നാം സ്ഥാനത്തോടെ മെട്രിക് പാസായി. തുടർന്ന് തഅ്‌ലീമുൽഇസ്‌ലാം കോളേജി ലും ഗവൺമെന്റ് എഫ്.സി കോളേജി ലും എഫ്.എസ്.സി ചെയ്തു. ലാഹോർ ഗവൺമെന്റ് കോളേജിൽനിന്ന് ബി.എസ്.സി. എടുത്തു. പഞ്ചാബ് യൂണിവേഴ്സിറ്റിയിൽ ഡോക്ടർ അബ്ദുസ്സലാമിനു കീഴിൽ ഫിസിക്സിൽ എം.എസ്.സി ചെയ്യാൻ തൗഫീഖ് ലഭിച്ചിരുന്നു. 1948–ൽ ഫുർഖാൻ ഫോഴ്സിൽ ചേർന്നു. ആസാദ് കശ്മീരിൽ നിയമിതനായി. അവിടെ അദ്ദേഹത്തിന് കശ്മീർ യോദ്ധാവ് എന്ന സർട്ടിഫിക്കറ്റും ആസാദ്കശ്മീർ പതക്കവും നൽകിയിരുന്നു. 1955–ൽ പരേതൻ പാകിസ്താൻ നാവിക സേനയിൽ ചേർന്നു. പാകിസ്താൻ നേവൽ അക്കാഡമിയിൽ ഡയറക്ടർ, സ്റ്റഡീസ്കോഹാട്ടിൽ ഡെപ്യൂട്ടി പ്രസിഡൻറ് ഓഫ് ഇന്റർസർവീസസ് സെലക്ഷൻ ബോർഡ്, ഇസ്‌ലാമാബാദിലെ നേവൽ ഹെഡ്ക്വാർട്ടേഴ്സിൽ ഡെപ്യൂട്ടിഡയറക്ടർ, നേവൽ എഡ്യൂക്കേഷൻ സർവീസ് തുടങ്ങിയ കുഞ്ചിക സ്ഥാനങ്ങളിൽ സേവനം ചെയ്യാൻ അവസരം ലഭിച്ചിട്ടുണ്ട്. പരേതന് എഡ്യൂക്കേഷണൽ സെക്ടറിൽ നേവിയുടെ പുതിയ സ്കൂളും കോളേജും തുറക്കാനുള്ള ആസൂത്രണത്തിലും കൂടാതെ നേവൽ യൂണിവേഴ്സിറ്റി സ്ഥാപിക്കുന്നതിലും അടിസ്ഥാനപരമായ സേവനത്തിന് അവസരം കിട്ടിയിട്ടുണ്ട്.

പാകിസ്താൻ നേവിയിൽനിന്ന് റിട്ടയേർഡായ ശേഷം കാനഡയിലേക്ക് പോയി. ഒരു വർഷം ടൊറിന്റോ മിഷൻ ഹൗസിൽ വഖ്ഫെ ആർസി ചെയ്തു. അതു കഴിഞ്ഞ് 1993–ൽ റിട്ടയർമെന്റിനു ശേഷമുള്ള വഖ്ഫിന് അപേക്ഷിച്ചു. അത് ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ് അംഗീകരിച്ചു. ഇദ്ദേഹത്തിന്റെ സേവനം 28 വർഷം വ്യാപിച്ചുകിടക്കുന്നു. ഇതിന്നിടയിൽ പരേതന് ജായിദാദ് സെക്രട്ടറി, റിശ്തനാത്ത സെക്രട്ടറി, ഹോമിയോ ക്ലിനിക് സഹായി എന്നീ നിലകളിലും സേവനത്തിന് തൗഫീഖ് ലഭിച്ചിട്ടുണ്ട്.

പരേതൻ സൗഹൃദപ്രിയനും സൗമ്യഭാഷിയുമായിരുന്നു. എല്ലാവരോടും വാത്സല്യത്തോടെ പെരുമാറിയിരുന്നു. നമസ്കാരത്തിൽ ശുഷ്കാന്തിയും ഖിലാഫത്തിനോട് അളവറ്റ കൂറും സ്നേഹവുമുണ്ടായിരുന്നു. ജീവിതം വഖ്ഫ് ചെയ്തശേഷം തന്റെ എല്ലാ നിമിഷവും ജമാഅത്തീ സേവനത്തിൽ കഴിച്ചുകൂട്ടാൻ പരിശ്രമിച്ചിരുന്നു.

കഴിഞ്ഞ കുറച്ചുകാലമായി നല്ല സുഖമില്ലായിരുന്നു. സുഖമുണ്ടാകുമ്പോഴെല്ലാം മിഷൻ ഹൗസിൽ വന്നിരുന്നു. അവസാന ശ്വാസം വരേയും ദീനി സേവനത്തിൽ വ്യാപൃതനായിരുന്നു.

സന്തപ്തകുടുംബത്തിൽ ഭാര്യയും മൂന്ന് ആൺമക്കളുമുണ്ട്. അല്ലാഹു അദ്ദേഹത്തിന് മഗ്ഫിറത്തും റഹ്മത്തും നൽകുമാറാകട്ടെ. അദ്ദേഹത്തിന്റെ മക്കളും അദ്ദേഹത്തിന്റെ നന്മകൾ തുടരുമാറാകട്ടെ.

അദ്ദേഹത്തിന്റെ മരുമകൾ പറയുന്നു: വളരെ വാത്സല്യവും കരുണയുമുള്ള സുകൃതവാനായ വ്യക്തിത്വമായിരുന്നു. വളരെ വിശ്വസ്തയോടെ തന്റെ വഖ്ഫ് പൂർത്തിയാക്കി. മാതൃകായോഗ്യനായ പിതാവും ഭർത്താവുമായിരുന്നു. മരണത്തിനു മുമ്പേവരേയും തന്റെ മക്കളെ ജമാഅത്തിനോടും അല്ലാഹുവിനോടുമുള്ള ബന്ധത്തേയും നമസ്കാരത്തിൽ കൃത്യനിഷ്ഠ കാണിക്കേണ്ടതിന്റെ അനിവാര്യതയേയും പറ്റി ഉപദേശിച്ചിരുന്നു. ജീവിതം മുഴുവനും തഹജ്ജുദിലും മറ്റു നമസ്കാരങ്ങളിലും കൃത്യനിഷ്ഠത പുലർത്തിയിരുന്നു.

രണ്ടാമത്തെ ജനാസ നള്വാറത്ത് ഉൽയാ(റബ്വ)ഡ്രൈവർ ഖമർ അഹ്മദ് ശഫീഖ് സാഹിബിന്റെ ഭാര്യ ശാഹിന ഖമർ സഹിബയുടേതാണ്. ശാഹീന ഖമർ സാഹിബയും മകൻ ഥമർ അഹ്മദ് ഖമറും 2020 നവംബർ 12ന് ഉച്ചയ്ക്ക് ഒരു മണിക്ക് ഒരു റോഡപകടത്തിലാണ് മരണപ്പെട്ടത്. ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ. പരേതയ്ക്ക് 38 വയസ്സും മകന് 17 വയസുമായിരുന്നു. ശാഹീന ഖമർ സാഹിബയുടെ സന്തപ്ത കുടുംബത്തിൽ ഭർത്താവും രണ്ട് ആൺമക്കളും ഒരു മകളും ഇവർക്കു പുറമെ മൂന്നുസഹോദരന്മാരുമുണ്ട്.

അവരുടെ മകളെഴുതുന്നു: എന്റെ ഉമ്മ വളരെ

നല്ല സ്ത്രീയായിരുന്നു. എന്നോട് എപ്പോഴും നന്മ ഉപദേശിച്ചിരുന്നു. നന്മയിൽ ഉമ്മ എപ്പോഴും പ്രഥമസ്ഥാനത്തായിരുന്നു. എല്ലാ കാര്യവും ഞാനുമായി പങ്കുവെച്ചിരുന്നു. എന്റെ നല്ല സുഹൃത്തുമായിരുന്നു. പറയുന്നു: മാശാഅല്ലാഹ് അവർക്ക് ജമാഅത്തി സേവനങ്ങളോട് നല്ല പ്രതിപത്തിയായിരുന്നു. തന്റെ എല്ലാ കാര്യങ്ങളും എന്നോട് പറഞ്ഞിരുന്നു. രണ്ടാമത്തെ പ്രത്യേകത അവർക്ക് ജമാഅത്തിൽ സേവനത്തിൽ പ്രത്യേകം താല്പര്യമുണ്ടായിരുന്നു എന്നതാണ്. സേവനത്തിന് എപ്പോഴും തയ്യാറായിരുന്നു. അവരുടെ ഭർത്താവ് എഴുതുന്നു: വിദ്യഭ്യാസം കുറവായിരുന്നുവെങ്കിലും വീട് നല്ലപോലെ ശ്രദ്ധിക്കുകയും കുട്ടികൾക്ക് നല്ല ശിക്ഷണം നൽകുകയും ചെയ്തു.

ഇനി അവരുടെ മകൻ അതായത് ഖമർ അഹ്മദ് ശഫീഖ് സാഹിബിന്റെ മകൻ ഥമർ അഹ്മദ് ഖമറിനെ പറ്റിയുള്ള അനുസ്മരണമാണ്. മാതാവിനോടൊപ്പം അപകടത്തിൽ മരണപ്പെടുകയാണുണ്ടായത്. തഅ്ലീമുൽ ഇസ്‌ലാം കോളേജിൽ ഒന്നാംവർഷ വിദ്യാർഥിയായിരുന്നു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ വിദ്യാഭ്യാസത്തിൽ നല്ല മിടുക്കനായിരുന്നു. ഖുദ്ദാമിനോടൊപ്പം വളരെ സന്തോഷപൂർവ്വം ആവേശത്തോടെ ഡ്യൂട്ടികൾ ചെയ്തിരുന്നു. ജമാഅത്തീ സേവനത്തിൽ കർമനിരതനായിരുന്നു. സയീം എപ്പോൾ വിളിച്ചാലും എല്ലാജോലിയും ഉപേക്ഷിച്ച് ഉടനെ എത്തുമായിരുന്നു.

ഥമറിന്റെ പിതാവെഴുതുന്നു: ചിലപ്പോൾ ഞാൻ മൂന്നുനാല് ദിവസം തുടർച്ചയായി യാത്രയിലായിരിക്കും. അപ്പോൾ എന്നോട് പറയും, ഉപ്പാ! താങ്കൾ വീടിനെ കുറിച്ച് ഓർത്ത് ആശങ്കപ്പെടേണ്ട. കാര്യങ്ങളൊക്കെ ഞാൻ നോക്കി നടത്താം. താങ്കൾ സമാധാനത്തോടെ ഡ്യൂട്ടി നിർവഹിച്ചുകൊള്ളുക. വാസ്തവത്തിൽ ഇങ്ങനെ തന്നെയാണ് ചെയ്തിരുന്നതും. വളരെ ഉത്തരവാദിത്വ ബോധമുള്ള കുട്ടിയായിരുന്നു.

ഥമർ അഹ്മദ് ഖമറിന്റെ മൂത്ത സഹോദരി സംറീൻ എഴുതുന്നു: എന്റെ സഹോദരൻ വളരെ നല്ലവനായിരുന്നു. ദേഷ്യം വരുകയേഇല്ല. ഞാനെപ്പോഴെങ്കിലും ശകാരിച്ചാൽ പോലും ദേഷ്യപ്പെടുമായിരുന്നില്ല. കോപിച്ചിരുന്നില്ല. കുട്ടികളോടും സഹോദരീസഹോദരന്മാരോടും നല്ല സ്നേഹബന്ധമായിരുന്നു. മറ്റു ചെറിയ സഹോദരിസഹോദരന്മാരും ഇതുതന്നെയാണ് എഴുതിയിട്ടുള്ളത്.

പരേതന് അല്ലാഹു മഗ്ഫിറത്തും റഹ്മത്തും നൽകുമാറാകട്ടെ. കുടുംബത്തിനു മുഴുവനും ചെറിയ മക്കൾക്കും പിതാവിനും സ്വബ്റും മനക്കരുത്തും നൽകുമാറാകട്ടെ. അദ്ദേഹത്തിന്റെ മകനും ഭാര്യയുമാണ് മരണപ്പെട്ടിരിക്കുന്നത്.

അടുത്ത ജനാസ സയീദ അഫ്ളൽ ഘോഖർ സാഹിബയുടേതാണ്. ഇവർ മുഹമ്മദ് അഫ്ളൽ ഘോഖർ ശഹീദ് സാഹിബിന്റെ ഭാര്യയും അശ്റഫ് മുഹമ്മദ് ഘോഖർ ശഹീദ് സാഹിബിന്റെ മാതാവുമാകുന്നു. അവരുടെ ഭർത്താവും മകനും ശഹീദുമാരാണ്. ഇവർ 2020 സെപ്റ്റംബർ 12ന് കാനഡയിൽ വഫാത്തായി. ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ. ഭർത്താവിന്റേയും മകന്റേയും ശഹാദത്തിനുശേഷം അവർക്ക് വളരെ പ്രയാസം അനുഭവിക്കേണ്ടിവന്നിട്ടുണ്ട്. എന്നാൽ, അവർ എല്ലാ പ്രയാസങ്ങളും വളരെ ക്ഷമയോടും മനക്കരുത്തോടും കൂടി നേരിട്ടു. വളരെ അന്തസ്സോടെ ജീവിച്ചു. ഒരിക്കലും പരാതി പറഞ്ഞിട്ടില്ല. മൂന്നു പെൺമക്കളെ വിവാഹം കഴിപ്പിച്ചു. കഴിഞ്ഞ വർഷം അവർക്ക് മറ്റൊരു യുവാവായ മകൻ ആസിഫ് മഹ്മൂദ് ഘോഖറിന്റെ ആകസ്മിക മരണത്തിന്റെ വേദനയും സഹിക്കേണ്ടിവന്നു. അപ്പോഴും നല്ല ക്ഷമ കാണിച്ചു. വളരെ നല്ല ക്ഷമയുടെ മാതൃകയാണ് കാണിച്ചത്.

തന്റെ എല്ലാ ബന്ധുമിത്രാദികളോടും സ്നേഹപൂർവ്വം പെരുമാറിയിരുന്നു. അതിഥി സൽക്കാരപ്രിയയും സാധുസംരക്ഷകയായിരുന്നു. ഖിലാഫത്തിനോട് വിശ്വാസവും ആദരവും സ്നേഹവുമുണ്ടായിരുന്നു. ജമാഅത്തുപരമായ സാമ്പത്തിക ആഹ്വാനങ്ങളിൽ ആവേശത്തോടെ പങ്കെടുക്കുമായിരുന്നു. ജീവിതത്തിൽ മുഴുവനും തന്റെ മാതാപിതാക്കൾക്കും ശഹീദായ ഭർത്താവിനും മക്കൾക്കും കുടുംബത്തിലെ മറ്റു മഹത്തുക്കളുടേയും പേരിൽ സ്വദ്ഖ നൽകിയിരുന്നു.

അവരുടെ മാതാപിതാക്കളായ മിർസാ ഫള്ൽ കരീം സാഹിബും സ്വുഗ്റാബേഗം സാഹിബയും ഇസ്‌ലാം–അഹ്മദിയ്യത്തിന്റെ പ്രേമികളിൽപ്പെട്ടവരായിരുന്നു. ഇവർ മിർസാ മുജീബ് അഹ്മദ് സാഹിബ്, മിർസാ അഫ്ളൽ റഹ്മാൻ സാഹിബ് (ഈസ്റ്റ് ലണ്ടൻ) എന്നിവരുടെ മൂത്ത സഹോദരിയാണ്. മുബാറക്ക് ഘോഖർ സാഹിബ് ഓഫ് ലാഹോറിന്റെ മൂത്ത സഹോദരന്റെ ഭാര്യയും മുബാറക് സിദ്ദീഖ് സാഹിബിന്റെ മാതൃസഹോദരിയുമാണ്. പരേത അല്ലാഹുവിന്റെ അനുഗ്രഹത്താൽ മൂസ്വിയ ആയിരുന്നു. സന്തപ്ത കുടുംബത്തിൽ മകൻ ബിലാൽ അഹ്മദ് ഘോഖർ സാഹിബ്, മൂന്ന് പെൺമക്കൾ ത്വയ്യിബ ഖുറയ്ശി, ത്വാഹിറമജീദ്, ഥമീന ഘോഖർ എന്നിവരാണുള്ളത്.

അല്ലാഹു പരേതയുടെ പദവികൾ ഉയർത്തുകയും മഗ്ഫിറത്തും റഹ്മത്തും നൽകുകയും ചെയ്യുമാറാകട്ടെ. മക്കൾക്കും മാതാവിന്റെ നന്മകൾ തുടർന്നുകൊണ്ടുപോകുവാൻ സൗഭാഗ്യം നൽകുമാറാകട്ടെ.

(വിവർത്തകൻ:എച്ച്. ശംസുദ്ദീൻ, കാവശ്ശേരി, ടൈപ്പ് സെറ്റിംഗ്: ഹാശിംഅശ്റഫ്, ആലപ്പുഴ)


**നൂറുൽ ഇസ്‌ലാംവകുപ്പിന്റെ പ്രവർത്തന സമയം:**

രാവിലെ 9 മണിമുതൽ രാത്രി 11 മണിവരെ.
വെള്ളിയാഴ്ച ദിവസം അവധിയായിരിക്കും.

**1800 3010 2131**

ഈ ടോൾഫ്രീ നമ്പറിൽ വിളിച്ച് താങ്കൾക്ക് അഹ്മദിയ്യ ജമാഅത്തിനെക്കുറിച്ച് കാര്യങ്ങൾ മനസ്സിലാക്കാവുന്നതാണ്.


(പേജ് 1ൽനിന്ന്)

വും കുട്ടിയും വൃദ്ധനും എല്ലാവരും പ്രതിജ്ഞ ചെയ്യുക. അതിന് എല്ലാ ഓരോ അഹ്മദിക്കും അല്ലാഹു തൗഫീഖ് നല്കുമാറാകട്ടെ.

നമ്മുടെ സന്തോഷങ്ങൾ അത് നവവത്സരത്തിന്റെ ആരംഭത്തിലാവട്ടെ, അല്ലെങ്കിൽ പെരുന്നാളിന്റേതാവട്ടെ, യഥാർഥ സന്തോഷമുണ്ടാകുന്നത് ലോകത്തെല്ലായിടത്തും ഹദ്റത്ത് മുഹമ്മദു മുസ്തഫാ(സ) കൊണ്ടുവന്ന അല്ലാഹുവിന്റെ തൗഹീദിന്റെ പതാക പറത്തുന്നവരാകുമ്പോഴായിരിക്കും. മനുഷ്യത്വം മാനുഷികമായ മൂല്യങ്ങളെ തിരിച്ചറിയുന്നതായിത്തീരുമ്പോഴായിരിക്കും സന്തോഷങ്ങളുണ്ടാകുന്നത്. പരസ്പരമുള്ള വെറുപ്പുകൾ സ്നേഹങ്ങളിൽ മാറ്റപ്പെടുമ്പോഴായിരിക്കും. അല്ലാഹു ആ സ്നേഹത്തിന്റെ ദ്രവ്യങ്ങളും നമുക്ക് എത്രയുംവേഗം നല്കുമാറാകട്ടെ. അല്ലാഹുവിനോടും അവന്റെ ദാസരോടുമുള്ള കടമകൾ നിറവേറ്റുന്നതിൽ ശ്രദ്ധാലുക്കളാകാൻ അല്ലാഹു മുസ്‌ലിം ഉമ്മത്തിനും ബുദ്ധി നല്കുമാറാകട്ടെ. അല്ലാഹു എല്ലാ രാജ്യത്തും എല്ലാ അഹ്മദികളേയും തന്റെ സംരക്ഷണത്തിലും അഭയത്തിലും വെക്കുമാറാകട്ടെ. ഈ വർഷം എല്ലാ അഹ്മദികൾക്കും എല്ലാ മനുഷ്യർക്കും കാരുണ്യങ്ങളുടേയും അനുഗ്രഹങ്ങളുടേയും ഭൗതിക പദാർഥങ്ങളുമായി വരുന്ന വർഷമായിത്തീരട്ടെ. നമ്മളിൽനിന്നു കഴിഞ്ഞ വർഷമുണ്ടായതും അല്ലാഹുവിന്റെ വെറുപ്പിന് നിമിത്തമായതും ചില ഇനാമുകൾ ലഭിക്കുന്നതിന് തടസമായതുമായ വീഴ്ചകളിൽനിന്നും കുറവുകളിൽനിന്നും അല്ലാഹു നമ്മെ കാത്തുരക്ഷിക്കുകയും തന്റെ ഇനാമുകളുടേയും കൃപകളുടേയും അനന്തരാവകാശിയാക്കുകയും ചെയ്യുമാറാകട്ടെ. നമ്മൾ യഥാർഥ മുഅ്മിനായിത്തീരട്ടെ. അല്ലാഹു ഈ ദുആകൾ ചെയ്യുന്നതിനും നമുക്ക് തൗഫീഖ് നല്കുമാറാകട്ടെ.

## അമീറുൽ മുഅ്മിനീന് കത്തെഴുതുന്നവർക്കുള്ള അടിയന്തര വിളംബരം

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലായുടെ തിരുസന്നിധിയിൽ കത്തെഴുതുന്ന ജമാഅത്തിലെ എല്ലാ സ്ത്രീകളുടേയും പുരുഷന്മാരുടേയും അറിയിപ്പിന്നായി ഈ വിളംബരം ചെയ്യുകയാണ്:

“അവരുടെ എല്ലാ കത്തുകളും പതിവെന്നപോലെ ഹുദൂർ അൻവർ അയ്യദഹുല്ലായുടെ തിരുസന്നിധിയിൽ സമർപിക്കപ്പെട്ടുകൊണ്ടിരിക്കുന്നു. എന്നിരുന്നാലും കൊറോണ വൈറസ് കാരണത്താലുള്ള അവസ്ഥകൾകൊണ്ട് കത്തുകൾക്ക് മറുപടി എഴുതിക്കൊണ്ടിരുന്നവരിൽ കുറവു വന്നിരിക്കുന്നതിനാൽ ആ കത്തുകൾക്കെല്ലാം ഓരോരുത്തർക്കും മറുപടി നല്കുക എന്നത് അസംഭാവ്യമായിരിക്കുകയാണ്. ഹുദൂർ അൻവർ അയ്യദഹുല്ലാഹ് നിങ്ങളുടെ കത്തുകൾ വായിച്ച് നിങ്ങൾക്കുവേണ്ടി ദുആകൾ ചെയ്തുകൊണ്ടിരിക്കുന്നു. അല്ലാഹു കൃപയും കരുണയും ചൊരിയുമാറാകട്ടെ. ഈ പകർച്ചവ്യാധിയിൽനിന്നും മറ്റു വിപത്തുകളിൽ നിന്നും ബുദ്ധിമുട്ടുകളിൽ നിന്നും എല്ലാ ഓരോരുത്തരേയും കാത്തുരക്ഷിക്കുമാറാകട്ടെ. എല്ലാവരേയും തന്റെ സംരക്ഷണത്തിലും സമാധാനത്തിലും വെക്കുമാറാകട്ടെ. എപ്പോഴും അവന്റെ സ്നേഹദൃഷ്ടി നിങ്ങളുടെമേൽ പതിഞ്ഞുകൊണ്ടിരിക്കുമാറാകട്ടെ.

**(മുനീർ അഹ്മദ് ജാവേദ്, പ്രൈവറ്റ് സെക്രട്ടറി)**

### തിരുനബിയുടെ തിരുമൊഴികൾ:

**ഹദ്റത്ത് അബൂഹുറയ്റ(റ)നിവേദനം. നബി(സ)തിരുമേനി പറഞ്ഞു: ‘നിങ്ങളിലൊരാൾ തീക്കനലിന്മേൽ ഇരിക്കുകയും അതവന്റെ വസ്ത്രം കരിച്ച് തൊലിയിലേക്ക് പടരുകയും ചെയ്യുന്നതാണ് ഖബ്റിന്മേൽ ഇരിക്കുന്നതിനെക്കാൾ ഉത്തമം.’ (മുസ്‌ലിം, ഹദീഥ് 498)**

**ത്വാലിബെ ദുആ:**
**Rahman Shakeer & Family, Ahmadiyya Jama-ath Karulai, Kerala**

### തിരുനബിയുടെ തിരുമൊഴികൾ:

**ഹദ്റത്ത് അബൂ സയീദിൽ ഖുദ്രി(റ)നിവേദനം. അദ്ദേഹം പറഞ്ഞു: നബി(സ)തിരുമേനി പറഞ്ഞു: ‘അഞ്ച് വസ്ഖ് തികയുന്നതുവരെ ധാന്യത്തിലും ഈത്തപ്പഴത്തിലും സ്വദഖ(സക്കാത്ത്)ഇല്ല. അഞ്ച് ഒട്ടകത്തിൽ കുറഞ്ഞതിനും സ്വദഖയില്ല. അഞ്ച് ഊഖിയയിൽ കുറഞ്ഞ വെള്ളിക്കും സ്വദഖയില്ല.’ (മുസ്‌ലിം, ഹദീഥ് 502)**

**ത്വാലിബെ ദുആ:**
**P.P.Raheem & Family,Ahmadiyya Jama-ath Payangadi, Kerala**

# ഹദ്റത്ത് അമീറുൽ മുഅ്മിനീന്റെ ജർമൻ പര്യടനം. 2019-(ജൂലായ്)

വിവർത്തനം: അമീൻ മുഹമ്മദ് മാത്ര

### (2019 ജൂലായ് 6 ശനിയാഴ്ച)

(ഹുദൂറിന്റെ പ്രസംഗം തുടർച്ച....) ഒരിക്കൽ നബി(സ)തിരുമേനി ഒരു റൊട്ടിയുടെ മുകളിൽ ഈത്തപ്പഴം വെച്ച് കഴിക്കുകയായിരുന്നു. ഈത്തപ്പഴം റൊട്ടിയുടെ കറിയാണെന്ന് അവിടന്ന് പറയാറുണ്ടായിരുന്നു. അതിന്മേൽ നന്ദി പറയാറുണ്ടായിരുന്നു. അധികവും വിനാഗിരിയോ വെള്ളമോ ഉപയോഗിച്ചായിരുന്നു റൊട്ടി കഴിച്ചിരുന്നത്. അതിനും അല്ലാഹുവോട് നന്ദി പ്രകടിപ്പിച്ചിരുന്നു. ഇക്കാലഘട്ടത്തിൽ നമ്മിൽനിന്ന് അധികപേർക്കും ഉയർന്ന ഭക്ഷണം ലഭിച്ചാലും ആയിരം പരാതികളുന്നയിക്കുന്നതാണ്. ഭാര്യ നല്ല ഭക്ഷണം ഉണ്ടാക്കിയില്ലെന്നും പറഞ്ഞ് വീടുകളിൽ ചിലപ്പോൾ വഴക്കുകൾ ഉണ്ടാകാറുള്ളതും ഇതുകൊണ്ടാണ്.

ഹുദൂർ പറയുന്നു: മറ്റൊരു സ്വഭാവഗുണമാണ് അമാനത്തുകൾ നിർവേറ്റുകയും വാഗ്ദാനം പാലിക്കുകയും ചെയ്യുക എന്നത്. അല്ലാഹു പറയുന്നു: *വല്ലദീനഹും ലിഅമാനാത്തിഹും വ അഹ്ദിഹും റാഊൻ*(23:9) ആ സത്യവിശ്വാസികൾ തങ്ങളുടെ അമാനത്തുകളേയും കരാറുകളേയും പാലിക്കുന്നവരാണ്. ഒരു നിവേദനത്തിൽ വരുന്നത് ഇസ്‌ലാമിക സൈന്യം ഖയ്ബർ വളഞ്ഞപ്പോൾ അവിടത്തെ ഒരു യഹൂദ നേതാവിന്റെ മൃഗങ്ങളെ മേയ്ക്കുന്ന ഒരു ജോലിക്കാരൻ മൃഗങ്ങൾ സമേതം ഇസ്‌ലാമിക സൈന്യത്തിന്റെ പ്രദേശത്ത് വരികയും ഇസ്‌ലാം സ്വീകരിക്കുകയും ചെയ്തു. അയാൾ നബി(സ)തിരുമേനിയുടെ അടുക്കൽ വന്ന് പറഞ്ഞു: 'അല്ലാഹുവിന്റെ റസൂലേ, ഞാനിപ്പോൾ മുസ്‌ലിമായിരിക്കുകയാണ്. ഞാൻ മടങ്ങിപ്പോകാൻ ആഗ്രഹിക്കുന്നില്ല. മടങ്ങിപ്പോയാൽ എന്റെമേൽ ദ്രോഹം അവർ ദ്രോഹം ചെയ്യും. എന്റെയടുക്കലുള്ള ഈ ആട്ടിൻപറ്റത്തെ ഞാനെന്താണ് ചെയ്യേണ്ടത്? ഇത് ഒരു യഹൂദിയുടെ മൃഗങ്ങളാണ്. നബി(സ)തിരുമേനി പറഞ്ഞു: 'ഈ ആടുകളുടെ മുഖം കോട്ടക്ക് നേരേ തിരിച്ചു നിറുത്തി തെളിച്ചുവിടുക. അവ സ്വയം അതിന്റെ ഉടമയുടെ അടുക്കലെത്തിക്കൊള്ളും. ഇപ്രകാരംതന്നെ ചെയ്യപ്പെട്ടു. കോട്ടക്കാർ ആട്ടിൻപ്പറ്റത്തെ കൈപ്പറ്റുകയും ചെയ്തു. ഇതാണ് അമാനത്തുകളുടെ പാലനം. യുദ്ധത്തിന്റെ സാഹചര്യമാണ്, ശത്രുവിന്റെ സ്വത്ത് കൈയിൽ വന്നിരിക്കുകയാണ്. എന്നാൽ, ഇസ്‌ലാം സ്വീകരിച്ചവർക്ക് നബി(സ)തിരുമേനി നല്കിയ പ്രഥമ പാഠം അമാനത്തുകളുടേയും കരാറുകളുടേയും നിലവാരം ഉത്തമമായ നിലയിൽ കാത്തു സൂക്ഷിക്കുക എന്നതായിരുന്നു. ആ ധനത്തിൽ നിങ്ങൾക്കോ നമുക്കോ ഒരു അവകാശവുമില്ല. അതിന്റെ ഉടമസ്ഥന് അവയെ മടക്കി നല്കുക. ഇന്നത്തെ ലോകത്ത് അത്യന്താധുനിക സമൂഹത്തിലെവിടേയും യുദ്ധാവസ്സരത്തിൽ ഇത്തരത്തിലുള്ള ഒരു നിലവാരം കാത്തു സൂക്ഷിക്കുന്നതായി നിങ്ങൾക്ക് കാണാൻ കഴിയില്ല. ഇസ്‌ലാമിന്റെമേൽ ആക്ഷേപം ഉന്നയിക്കുന്നവരും അതിന്റെ അധ്യാപനങ്ങളെ വിമർശിക്കുന്നവരും തന്നെയാണ് ഇന്ന് ഏറ്റവുമധികം വഞ്ചന കാണിക്കുന്നത്.

ഹുദൂർ അയ്യദഹുല്ലാഹ് പറഞ്ഞു: കരാർ പാലനത്തിന്റെ കാര്യത്തിലും ഇതേ അവസ്ഥയാണ്. ശത്രക്കൾക്കു പോലും പറയേണ്ടി വന്നു, നബി(സ)തിരുമേനി കരാർ പാലിക്കുന്നതിൽ നിഷ്കർഷത കാണിച്ചിരുന്നുവെന്ന്. ഇന്നു വരെ ഈ വ്യക്തി ഒരുവിധ കരാർ ലംഘനവും തങ്ങളോട് നടത്തിയിട്ടില്ലെന്ന് ഹിർഖൽ ചക്രവർത്തിയുടെ ദർബാറിൽ അബൂസുഫ് യാൻ തുറന്നു സമ്മതിച്ചു. പിന്നീട് ഹുദയ്ബിയാ സന്ധി എഴുതുന്ന സമയത്ത് ഒരു വ്യക്തി ചങ്ങലയാൽ ബന്ധിതനായി വരുന്നു. അയാൾ മുസ്‌ലിമായതുകൊണ്ടാണ് അയാളെ ചങ്ങലയ്ക്കിട്ടത്. അയാൾ അഭയം തേടുന്നു. എന്നാൽ, അയാളുടെ മുസ്‌ലിമല്ലാത്ത പിതാവ് അവിടെയുണ്ടായിരുന്നു. അയാൾ ആ മഹാത്മാവിനോടു പറയുന്നു, 'ഇപ്പോൾ നമ്മൾ കരാർ ചെയ്തു കഴിഞ്ഞിരിക്കുകയാണ്. ഇനി ഞങ്ങളിൽനിന്നുമുള്ള ഒരാളും നിങ്ങളോടൊപ്പം പോകുകയില്ല. അതുകൊണ്ട്, താങ്കൾക്ക് ഇയാളെ ഒപ്പം കൊണ്ടു പോകാൻ സാധ്യമല്ല. താങ്കളുടെ അ ഭയത്തിൽ വരാൻ ഇവൻ യാചിച്ചാലും വേണ്ടില്ല. അയാൾ മുറവിളി കൂട്ടുന്നുണ്ട്, താൻ കാഫിറുകളിലേക്ക് തിരിച്ചയക്കപ്പെടുമോ; അവരെന്നെ ഉപദ്രവിക്കാൻ! അപ്പോൾ നബി(സ)തിരുമേനി പറയുന്നു: 'അതേ ഇപ്പോൾ ഉടമ്പടിയായിക്കഴിഞ്ഞിരിക്കുന്നു.' വാസ്തവത്തിൽ കരാർ എഴുതിക്കൊണ്ടിരിക്കുന്നതേയുള്ളു. നിബന്ധകൾ എഴുതിക്കഴിഞ്ഞിരുന്നു. പക്ഷേ, ഫൈനൽ ആയിരുന്നില്ല. നിബന്ധനകളിൽ ഒപ്പിടുന്നതിന്നു മുമ്പേ തന്നെ നബി(സ)തിരുമേനി പറഞ്ഞു: എഴുതപ്പെട്ടു കഴിഞ്ഞിരിക്കുന്നതിനാൽ ഈ വലിയ ഉദ്ദേശ്യത്തിനുവേണ്ടിയും ഈ ഉടമ്പടിക്കുവേണ്ടിയും താങ്കൾക്ക് ത്യാഗം ചെയ്യേണ്ടി വരും. എന്നാൽ, അതിനോടൊപ്പം തന്നെ അയാളോടു ഇങ്ങനേയും പറഞ്ഞു, അയാൾക്ക് സന്തോഷവാർത്തയും നല്കി: 'താങ്കൾ മടങ്ങിപ്പോകുക, കുറച്ചു നാളുകൂടി ക്ഷമിക്കുക, ദൈവം താങ്കൾക്ക് എളുപ്പത്തെ സൃഷ്ടിക്കുന്നതാണെന്ന ഞാൻ സന്തോഷവാർത്ത അറിയിക്കുന്നു. ഇന്ന് ഞാൻ ഈ കരാർ കാരണത്താൽ നിർബന്ധിതനാണ്. നമുക്ക് കരാർ ലംഘനം നടത്താൻ കഴിയില്ലെന്നും നബി(സ)തിരുമേനി തുടർന്ന് പറഞ്ഞു. ഇതായിരുന്നു നബി(സ)തിരുമേനിയുടെ കരാർ പാലനത്തിന്റെ നിലവാരം. ഇക്കാലഘട്ടത്തിലെ ഭൗതികരായ ഭരണകൂടങ്ങൾക്ക് ഇതിന്റെ സമീപത്തുപോലും എത്താൻ കഴിയുകയില്ല. ഇന്നൊരു കരാർ ഉണ്ടാക്കുന്നു. നാളെ അത് തകരുന്നു. എന്നാൽ, ഇതിനോടൊപ്പംതന്നെ കരാർപാലന കാര്യത്തിൽ നമ്മുടെ നിലവാരം എന്താണെന്ന് നമുക്ക് നമ്മെ വിലയിരുത്തേണ്ടതുകൂടിയുണ്ട്. ദൈനംദിന ജീവിതത്തിൽ നമുക്ക് നമ്മുടെ മാതൃകകളിലേക്ക് ദൃഷ്ടി പതിപ്പിക്കേണ്ടി വരും. കരാർപാലനകാര്യത്തിൽ നമ്മുടെ ഗാർഹികജീവിതത്തിലും മാതൃകകൾ കാണേണ്ടതുണ്ട്. നബി(സ)തിരുമേനി ഗാർഹിക ജീവിതത്തിലും കരാർപാലനത്തെ കുറിച്ച് ഊന്നിപ്പറഞ്ഞിരിക്കുന്നു. അവസാനനാളിൽ ഏറ്റവും വഞ്ചകരായി ഗണിക്കപ്പെടുന്നവർ സ്വന്തം ഭാര്യയുമായി വൈവാഹിക ബന്ധം പുലർത്തിയതിന്നു ശേഷം ആ ഭാര്യയുടെ രഹസ്യങ്ങൾ പുറത്ത് വെളിപ്പെടുത്തുന്നവരാണ്. ഇക്കാലഘട്ടത്തിൽ ഇത്തരത്തിലുള്ള നിന്ദ്യമായ പണി ചെയ്യുന്നവരേയും നമ്മൾ കാണുന്നുണ്ട്. ഇത് അങ്ങേയറ്റം അപമാനകരവും തരതാണതുമായ പ്രവൃത്തിയാണ്. ജനങ്ങളോട് പറയുക മാത്രമല്ല ഇവര് ചെയ്യുന്നത്. വാട്സ് ആപ്പ് വഴിയും ഇതര മാധ്യമങ്ങൾ മുഖേനയും അത് പ്രചരിപ്പിക്കുകയും ചെയ്യുന്നു. നിസ്സംശയം ഇവർ ഏറ്റവും വലിയ ചതിയന്മാരാണ്. അല്ലാഹു ഇതു വിലക്കിയിരിക്കുന്നു. ബന്ധം വേർപിരിഞ്ഞാലും ഇരുവർക്കുമിടയിലുള്ള ആ രഹസ്യം പുറത്തു വിടാൻ ഒരാൾക്കും അവകാശമില്ല. ഇത് ഏറ്റവും വലിയ വഞ്ചനയാണ്. അല്ലാഹുവിന്റെ പിടിത്തത്തിൽപെടുന്ന കാര്യമാണ്. അല്ലാഹു തീർച്ചയായും ഇതു സംബന്ധമായി ചോദിക്കുന്നതായിരിക്കും.

വിനയവും വളരെ വലിയൊരു സൽഗുണമാണ്. ഇതു സംബന്ധമായി അല്ലാഹു പറയുന്നു: *വ ഇബാദുർറഹ്മാനില്ലദീന യംശൂന അലൽ അർളി ഹൗനൻ വ ഇദാ ഖാത്വബഹുമുൽ ജാഹി ലൂന ഖാലൂ സലാമാ.*

പരമകാരുണികനായ അല്ലാഹുവിന്റെ ദാസന്മാർ ഭൂമിയിൽ ശാന്തരായി നടക്കുന്നവരാണ്. അവിവേകികൾ അവരുമായി നേരിട്ടാൽ, അവർ 'സമാധാനം' എന്നു പറഞ്ഞ് (ഒഴിഞ്ഞുമാറുന്നതാണ്). അവരോട് ഏറ്റുമുട്ടുന്നതിനു പകരം നിങ്ങൾക്ക് സമാധാനം ഉണ്ടാകട്ടെ എന്ന് പ്രാർഥിക്കുകയും അവിടെ നിന്ന് പിൻവാങ്ങുകയും ചെയ്യുന്നു. അനാവശ്യ വർത്തമാനങ്ങളിൽ മുഴുകുകയില്ല. ഇതു സംബന്ധിയായ നബി(സ)തിരുമേനിയുടെ മാതൃകയെന്താണ്? ഹദ്റത്ത് ഉമർ(റ) വിവരിക്കുന്നു: 'ഞാൻ നബി(സ)തിരുമേനി ഇങ്ങനെ പറയുന്നതായി കേട്ടു: 'മർയമിന്റെ മകൻ ഈസായോട് ചെയ്യുന്നതുപോലെ എന്നെ അതിരു കടന്ന് പുകഴ്ത്താതിരിക്കുക. ഞാൻ അല്ലാഹുവിന്റെ ദാസൻ മാത്രമാണ്. അല്ലാഹുവിന്റെ ദാസനെന്നും ദൂതനെന്നും മാത്രം പറയുക. ഹദ്റത്ത് വാഗ്ദത്ത മസീഹ്(അ) ഒരവസരത്തിൽ പറഞ്ഞു: 'നമ്മുടെ നബി കരീം(സ)നെക്കാൾ പൂർണ മനുഷ്യന്റെ മാതൃക ലോകത്ത് മറ്റൊരാൾക്കുമില്ല. ഭാവിയിൽ അവസാന കാലം വരെ ഉണ്ടാകുക സാധ്യവുമല്ല. നോക്കുക, ശക്തിമത്തായ അത്ഭുത ദൃഷ്ടാന്തങ്ങൾ ലഭിച്ചിട്ടും എന്നും ദാസത്വത്തിൽത്തന്നെ നിലകൊള്ളുകയും നിങ്ങളെ പോലുള്ള ഒരു മനുഷ്യൻ മാത്രമാണ് താനെന്ന് പ്രഖ്യാപിക്കുകയും ചെയ്യുന്നു. ഏതുവരെയെന്നാൽ മുസ്‌ലിമീങ്ങൾക്ക് പഠിപ്പിക്കപ്പെട്ട ദൈവിക ഏകത്വത്തിന്റെ കലിമയിലെ ഒരു ഭാഗത്ത് ആ ദാസത്വത്തിന്റെ പ്രഖ്യാപനത്തേയും അനിവാര്യമായും ഉൾപ്പെടുത്തി. ഇതു കൂടാതെ ഒരു മുസ്‌ലിമിന് മുസ്‌ലിം ആകുക സാധ്യമേയല്ല.'

ഗാർഹിക ജീവിതത്തിലും നബി(സ)തിരുമേനിയുടെ വിനയത്തിന്റെ അവസ്ഥ നോക്കുക. ഹദ്റത്ത് ആഇശ(റ) പറയുന്നു: നബി(സ)തിരുമേനി വീട്ടിൽ ഭാര്യമാരോടു ചേർന്ന് വീട്ടുജോലികളിൽ സഹായിച്ചിരുന്നു. വസ്ത്രം സ്വയം കഴുകിയിരുന്നു. അടിച്ചുവാരിയിരുന്നു. ഒട്ടകത്തെ സ്വയം കെട്ടിയിരുന്നു. വെള്ളം കൊണ്ടു വരുന്ന മൃഗങ്ങൾക്ക് തീറ്റ നല്കിയിരുന്നു. ആടിന്റെ പാല് കറന്നിരുന്നു. വ്യക്തിപരമായ കാര്യങ്ങൾ സ്വയം നിർവഹിച്ചിരുന്നു. ഭൃത്യരെക്കൊണ്ട് ജോലി ചെയ്യിച്ചിരുന്നുവെങ്കിലും അവരെ സഹായിച്ചിരുന്നു. ഏതുവരെ എന്നാൽ അവരോടൊപ്പം ചേർന്ന് ഗോതമ്പ് മാവ് കുഴച്ചിരുന്നു. ചന്തയിൽനിന്ന് സാധനങ്ങൾ വാങ്ങിച്ചു വന്നിരുന്നു.

നബി(സ)തിരുമേനി പറയുന്നു: നിങ്ങൾ നേരേയാകുക, നിങ്ങൾ നേരേയാകുക. ശരീഅത്തിനോട് അടുത്ത് കഴിയുക. രാവും പകലും രാത്രിയുടെ യാമങ്ങളിലും ആരാധന നിർവഹിക്കുക. മധ്യമനില സ്വീകരിക്കുക. എന്നാൽ, നിങ്ങളുടെ ലക്ഷ്യം പ്രാപിക്കുന്നതാണ്. ആരാധനാകർമങ്ങൾ നിർവഹിക്കുക. മധ്യമ വഴി തിരഞ്ഞെടുക്കുക. എല്ലാ കാര്യങ്ങളിലും മധ്യമനില അനിവാര്യമാണ്. ഭൗതികതയിൽ ലയിക്കാതിരിക്കുക. അനുവദനീയമായ നിലയിൽ ഭൗതികത സ്വീകരിച്ചുകൊള്ളാൻ അല്ലാഹു അനുവദിച്ചിട്ടുണ്ട്. എന്നാൽ, മധ്യമനില പുലർത്തേണ്ടത് അനിവാര്യമാണ്. അല്ലാഹുവിനെ മറന്നു കളയരുത്. അല്ലാഹുവിനോടുള്ള ആരാധനാ കടമ നിർവഹിക്കേണ്ട ഇടങ്ങളിൽ അതിലേക്ക് ശ്രദ്ധ നല്കുക. കച്ചവടം ചെയ്യുമ്പോൾ അതിലേക്കും ശ്രദ്ധചെലുത്തുക. അതിൽ നിർവഹിക്കേണ്ട കടമകൾ ചെയ്യാൻ ശ്രമിക്കുക. എന്നാൽ, ഭൗതികത ദൈവത്തിന്റെ അവകാശങ്ങൾക്കെതിരാകരുത്. ദീൻ എന്നും ഭൗതികതയുടെമേലായിരിക്കണമെന്ന് നബി(സ)തിരുമേനി വ്യക്തമാക്കിയിരിക്കുന്നു. അല്ലാഹുവിന്റെ കാരു

ണ്യവും അവന്റെ ഔദാര്യവും നിങ്ങൾക്ക് ലഭിക്കും. ഈ വാക്കിലൂടെ ഒരു ഭാഗത്ത് അവന്റെ വിനയം പ്രകടമാകുമ്പോൾ മറുഭാഗത്ത് അല്ലാഹുവിനോടുള്ള ഭയവും വ്യക്തമാണ്. എന്റെ അവസ്ഥ ഈ രൂപത്തിലാണെങ്കിൽ നിങ്ങൾക്കെത്രമാത്രം അല്ലാഹുവിനെ തൃപ്തിപ്പെടുത്താനും അവന്റെ ഔദാര്യം ആവശ്യപ്പെടാനും ബദ്ധശ്രദ്ധരാകേണ്ടി വരുമെന്നും നബി(സ)തിരുമേനി ഓർമപ്പെടുത്തുന്നു. അല്ലാഹുവിന്റെ കാരുണ്യവും ഔദാര്യവുമാണ് അവന്റെ സമ്മാനങ്ങൾക്ക് അനന്തരാവകാശിയാക്കുന്നത്. ഏതു മാർഗേണ സ്വീകര്യനാകുമെന്ന് നമുക്കറിയില്ല. അതുകൊണ്ട് അവന്റെ ഔദാര്യവും കാരുണ്യവും കരസ്ഥമാക്കാൻ സ്വന്തം ആരാധനകളിലേക്കും ഉദാത്തമായ സ്വഭാവങ്ങളിലേക്കും ദൃഷ്ടിപ്പതിപ്പിക്കേണ്ടി വരും.

ഹദ്റത്ത് മസീഹ് മൗഊദ്(അ) ഒരിടത്ത് നബി(സ) തിരുമേനിയുടെ സ്വഭാവമഹിമയെ കുറിച്ച് സ്മരിച്ചുകൊണ്ട് പറയുന്നു: ഹദ്റത്ത് ഖാത്തമുൽ അമ്പിയായെ കുറിച്ച് വിശുദ്ധ ഖുർആനിൽ സൂചിപ്പിച്ചിട്ടുള്ള സ്വഭാവ മഹിമകൾ ഹദ്റത്ത് മൂസായെക്കാൾ ആയിരം മടങ്ങ് അധികമാണ്. കാരണം, നബിമാരിൽ ചിതറികിടന്നിരുന്ന വിവിധ സ്വഭാവഗുണങ്ങൾ ഹദ്റത്ത് ഖാത്തമുൽ അമ്പിയായിൽ സമ്മേളിച്ചിരിക്കുന്നു. കൂടാതെ, നബി(സ) തിരുമേനിയെ കുറിച്ച് പറയുന്നു: *ഇന്നക്ക ല അലാ ഖുലുഖിൻ അളീം.* നിശ്ചയമായും നീ മഹത്തായ സ്വഭാവത്തിന്റുടമയാണ്. അളീം എവിടെ ഉപയോഗിച്ചാലും അറബി ഭാഷാ പ്രയോഗമനുസരിച്ച് പൂർണത അതിന്റെ കൊടുമുടിയിൽ എത്തുമ്പോൾ എന്ന അർഥത്തിലാണ് വരുന്നത്.

ഹദ്റത്ത് മസീഹ് മൗഊദ്(അ) തുടരുന്നു: ഈ മഹത്വമാർന്ന പ്രവാചകൻ ലോകത്ത് വന്നില്ലായിരുന്നുവെങ്കിൽ മുമ്പേ വന്ന ചെറിയ പ്രവാചകന്മാരായ യൂനുസ്, അയ്യൂബ്, മർയമിന്റെ മകൻ മസീഹ്, മലാക്കി, യഹ്‌യ, സക്രിയ്യ തുടങ്ങിയവരുടെ സത്യതക്ക് നമ്മുടെ കൈയിൽ ഒരുവിധ തെളിവും ഉണ്ടാകുമായിരുന്നില്ല; ഇവരെല്ലാം സ്വീകൃതരും ആദരണീയരും അല്ലാഹുവിന് പ്രിയപ്പെട്ടവരും ആയിരുന്നു എന്നത് ശരിയാണെങ്കിലും. ഇവരും ലോകത്ത് സത്യവാന്മാർ എന്ന് ഗണിക്കപ്പെടുന്നത് നബി(സ)തിരുമേനിയുടെ ഔദാര്യമാണ്. *അല്ലാഹുമ്മ സ്വല്ലി വസല്ലിം വ ബാരിക് അലയ്ഹി വ ആലിഹി വ അസ്ഹാബിഹി അജ്മഈൻ വ ആഖിറു ദഅ്‌വാനാ അനിൽഹംദു ലില്ലാഹി റബ്ബിൽ ആലമീൻ.*

ഒടുവിൽ ഹുദൂർ അൻവർ അയ്യദഹുല്ലാഹ് പറഞ്ഞു: ആ പരിപൂർണ നബിയുടെ സമൂഹത്തിൽ വന്നതിന്റെ കടമകൾ നിർവഹിക്കുന്നതിന്നു അല്ലാഹു നമ്മെ തുണയ്ക്കുമാറാകട്ടെ. ആ സുന്ദരവും പ്രകാശിതവുമായ മുഖകമലത്തെ ലോകത്തിന്നു മുമ്പിൽ സമർപ്പിച്ചുകൊണ്ട് ലോകത്തിലെ അന്ധകാരത്തെ നീക്കുന്നവരാക്കി നമ്മെ മാറ്റുമാറാകട്ടെ. അല്ലാഹു അതിന്ന് അവസരം ഒരുക്കിത്തരുമാറാകട്ടെ. ആമീൻ.

തുടർന്ന് ഹുദൂർ അൻവർ ദുആയ്ക്ക് നേതൃത്വം നല്കി. ശേഷം ഹുദൂർ പറഞ്ഞു: ഈ വർഷം ജൽസാ സാലാന ജർമനിയുടെ മൊത്തത്തിലുള്ള ഹാജർനില 42729 ആണ്. ഇതിൽ 20924 സ്ത്രീകളും 20706 പുരുഷന്മാരും ഉൾപ്പെടുന്നു. ഇവരെക്കൂടാതെ 1099 ഇതര അതിഥികളും പങ്കെടുത്തു. 102 രാജ്യങ്ങളിൽ നിന്നുള്ള പ്രതിനിധികൾ ജൽസയുടെ ഭാഗമായി. 4025 അതിഥികളാണ് ഈ ഗണത്തിൽപ്പെടുന്നത്. കാനഡ ജമാഅത്തിന്റെ ജൽസാസാലാനയെ പരാമർശിച്ചുകൊണ്ട് ഹുദൂർ പറഞ്ഞു: കാനഡ ജൽസാസാലാനയിൽ 18572 പേർ പങ്കെടുത്തു. 27 രാജ്യങ്ങളിൽനിന്നുള്ള പ്രതിനിധികൾ ജൽസയുടെ ഭാഗമായി. അതിനുശേഷം വിവിധ സംഘങ്ങൾ പദ്യങ്ങളും ആലപിച്ചു. ആദ്യത്തെ സംഘഗാനം ജർമൻ ഭാഷയിൽ ആയിരുന്നു.തുടർന്ന് ആഫ്രിക്കൻ പ്രതിനിധികൾ സ്വതസിദ്ധമായ ശൈലിയിൽ പ്രോഗ്രാം സമർപ്പിച്ചു. അറബി ഭാഷയിൽ അറബ് ദേശത്തുനിന്നു വന്നവർ പദ്യങ്ങൾ അവതരിപ്പിച്ചപ്പോൾ ജാമിഅ അഹ്മദിയ്യ ജർമനിയിലെ വിദ്യാർഥികളുടെ ഊഴമായിരുന്നു അടുത്തത്. അവർ ഉറുദുവിൽ പദ്യം ആലപിച്ചു. സ്പാനിഷ് ഭാഷയിൽ സ്പെയ്നിൽനിന്നു വന്നവർ പ്രാർഥനാ ഗാനം ആലപിച്ചു. മസിഡോണിയൻ പ്രതിനിധികൾ മാസിഡോണിയനിൽ ആലാപനം നടത്തിയപ്പോൾ അൽബേനിയൻ പ്രതിനിധികൾ അൽബേനിയൻ ഭാഷയിലാണ് പദ്യം ആലപിച്ചത്. ഒടുവിൽ ഖുദ്ദാമുൽ അഹ്മദിയ്യാ സംഘം ഉർദുവിൽ പദ്യം ആലപിച്ചു. ഈ സമയങ്ങളിൽ വളരെ നല്ല ആത്മീയാന്തരീക്ഷമായിരുന്നു ജൽസാ ഗാഹിൽ കാണപ്പെട്ടത്. ഈ പരിപാടി അവസാനിച്ചതും ജമാഅത്ത് സഹോദരന്മാർ വളരെ ആവേശത്തോടെ മുദ്രാവാക്യങ്ങൾ മുഴക്കി. ഇത് സമാപന നിമിഷങ്ങളായിരുന്നു. ഹൃദയങ്ങൾ അനുരാഗത്തിന്റേയും കൂറിന്റേയും സമർപ്പണത്തിന്റേയും വികാരങ്ങളാൽ നിർഭരമായിരുന്നു.

ഈ അന്തരീക്ഷത്തിൽ ഹുദൂർ കൈയ്യുയർത്തി എല്ലാവരോടുമായി 'അസ്സലാമുഅലയ്ക്കും' എന്നും 'ഖുദാ ഹാഫിള്' എന്നും പറഞ്ഞു. മുദ്രാവാക്യങ്ങളുടെ അകമ്പടിയിൽ ഹുസൂർ ജൽസാ ഗാഹിന്റെ പുറത്തേക്ക് വരികയും താമസസ്ഥലത്തേക്ക് മടങ്ങുകയും ചെയ്തു.

**നവഅഹ്മദി സ്ത്രീകളുടെ കൂടിക്കാഴ്ച:**

07.20–ന് ഹുദൂർ അൻവർ പുതുതായി ബയ്അത്ത് ചെയ്ത അഹ്മദി സ്ത്രീകളെ കണ്ടു. 21 സ്ത്രീകളും 6 കുട്ടികളും ഇതിൽപ്പെടുന്നു. ഇവർ ജർമനി, പാക്കിസ്താൻ, ഫലസ്തീൻ, ആസ്ട്രിയ, അഫ്ഘാനിസ്താൻ, എസ്റ്റോണിയ, സിറിയ എന്നീ രാജ്യങ്ങളിൽനിന്ന് വന്നവരാണ്. ഇവരില് 7 പേർ ഇന്ന് ബയ്അത്ത് ചെയ്തവരാണ്.

ഒരു വനിത ജൽസാസാലാനക്ക് അനുഗ്രഹാശിസ്സു നേർന്നു. അപ്പോൾ ഹുദൂർ അൻവർ പറഞ്ഞു: നിങ്ങൾക്കെല്ലാവർക്കും ജൽസ അനുഗൃഹീതമായിരിക്കട്ടെ. ഇവരെല്ലാവരും പുതു അഹ്മദീ വനിതകളാണോ അതോ കൂടുതൽ നാളുകളായി അഹ്മദിയ്യത്ത് സ്വീകരിച്ചവരാണോ?

അഡീഷണൽ സെക്രട്ടറി തർബിയ്യത്ത് ബറായേ നൗമുബായിആത്ത് പറഞ്ഞു: ഇവരിൽ അധികപേരും ഈ വർഷം ബയ്അത്ത് ചെയ്തവരാണ്.

ഹുദൂർ അൻവർ ചോദിച്ചതനുസരിച്ച് ഒരു വനിത പറഞ്ഞു: ഞാൻ ഫലസ്തീനിൽ നിന്നാണ് വന്നത്. എനിക്ക് ഇംഗ്ലീഷ് കൂടുതലായി അറിയില്ല. എങ്കിലും എസ്റ്റോണിയായിൽ നിന്നു വന്ന എന്റെ സഹോദരി തർജമ ചെയ്യാൻ ഒപ്പമുണ്ട്.

ഹുദൂർ അൻവർ ചോദിച്ചപ്പോൾ ഒരു വനിത പറഞ്ഞു: എനിക്ക് 18 വയസ്സുണ്ട്. ഇന്നാണ് ഞാൻ ബയ്അത്ത് ചെയതത്. എന്റെ ഉമ്മയും ഉമ്മാമയും കുറച്ച് മുമ്പേയാണ് ബയ്അത്ത് ചെയതത്.

ഹുദൂർ അൻവർ: 'അല്ലാഹു നിങ്ങളോടൊപ്പം ഉണ്ടായിരിക്കുമാറാകട്ടെ.'

ഒരു പുതു അഹ്മദി വനിതയോട് ഹുദൂർ അൻവർ: നിങ്ങൾ ജർമനിയിലാണോ താമസിക്കുന്നത്?

പുതു അഹ്മദി വനിത: ഒരു വർഷം എട്ടു മാസം മുമ്പേയാണ് ജർമനിയിലെത്തിയത്. ഇപ്പോൾ ഫ്രാങ്ഫർട്ടിലാണ് താമസിക്കുന്നത്. ഭർത്താവിന്റെ അനുമതിയില്ലാതെയാണ് ഞാൻ ജലസയിൽ പങ്കെടുത്തത്. ഹുദൂർ എനിക്കുവേണ്ടി ദുആ ചെയ്യണം.

ഹുദൂർ അൻവർ: ദുആ ചെയ്യുക, ക്ഷമിക്കുക, അല്ലാഹു അനുഗ്രഹിക്കും.

ഹുദൂർ ചോദിച്ചപ്പോൾ സെക്രട്ടറി നൗമുബായിആത്ത് ഒരു പുതു അഹ്മദിയെ സംബന്ധിച്ച് പറഞ്ഞു: അവർക്ക് 19 വയസ്സുണ്ട്. അവർ സ്വന്തം മാതാപിതാക്കളുടെ ഇഷ്ടത്തിനു വിരുദ്ധമായാണ് ബയ്അത്ത് ചെയ്തത്. മാതാപിതാക്കളോടൊപ്പമല്ല അവർ താമസിച്ചു വരുന്നത്. ഇപ്പോൾ Practical Training നേടി വരുന്നു.

എസ്റ്റോണിയായിൽ നിന്നു വന്ന ഒരു വനിത പറയുന്നു: ഹുദൂർ എന്റെ ചെറു പ്രായത്തിലുള്ള കുട്ടികൾക്ക് സ്നേഹം നല്കിയാലും.

അപ്പോൾ ഹുദൂർ വാത്സല്യപൂർവം ആ ഭാഗ്യവാന്മാരായ കുട്ടികളെ തന്റെ മടിയിലേക്കെടുത്തു. ചോക്ലേറ്റും നല്കി. കൂടാതെ മറ്റു കുട്ടികൾക്കും ചോക്ലേറ്റ് നല്കി.

മറ്റൊരു പുതു അഹ്മദി വനിത ഹുദൂറിനോട് തന്റെ മക്കൾക്കുവേണ്ടിയും ചോക്ലേറ്റിനു വേണ്ടി അപേക്ഷിച്ചു. അവർക്കും ഹുദൂർ ചോക്ലേറ്റ് നല്കി.

ഇക്ണോമിക്സ് വിദ്യാഭ്യാസം നേടി കൊണ്ടിരിക്കുന്ന ഒരു പുതു അഹ്മദി വനിത തന്റെ ഉന്നത പഠനത്തിനായി ഹുദൂറിനോട് മാർഗദർശനം തേടി.

ഹുദൂർ അൻവർ: നിങ്ങൾക്ക് എളുപ്പമായതെന്താണോ ആ ഫീൽഡിലേക്ക് പോകാവുന്നതാണ്.

ഒരു അനഹ്മദി വനിതയുടെ ചോദ്യം ഹുദൂറിന്റെ മുന്നിൽ സമർപ്പിച്ചു. ഇവർ സിറിയൻകാരിയാണ്. ഇവർ തന്റെ മകളെ ഒരഹ്മദി യുവാവിന് വിവാഹം കഴിച്ചു കൊടുക്കാൻ ആഗ്രഹിക്കുന്നു.

ഹുദൂർ അൻവർ: ദുആ ചെയ്തിട്ട് ചെയ്യുക. വിവാഹ ബന്ധവുമായി ബന്ധപ്പെട്ട ചർച്ച നടക്കുമ്പോഴെ ഇതിന്റെ മറുപടി നല്കുകയുള്ളൂ. വ്യവസ്ഥാപിതമായി വിവാഹ ബന്ധത്തിനുള്ള നിർദ്ദേശം വരുമ്പോഴേ അനുമതി നല്കുകയുള്ളൂ. ഇപ്പോൾ നിർദ്ദേശമേ ആയിട്ടില്ലല്ലോ?

പാക്കിസ്താനിൽനിന്നു വന്ന ഒരു വനിത: കുറച്ചു നാളുകൾക്കു മുമ്പേയാണ് ഞാൻ ബയ്അത്ത് ചെയ്തത്. 5 മക്കളുണ്ട്. ഭർത്താവ് മുമ്പേ അഹ്മദിയാണ്. എന്റെ ഭർത്താവിനു വണ്ടി ദുആ ചെയ്യാൻ ഹുദൂറിനോട് വിനയത്തോടെ അപേക്ഷിക്കുകയാണ്.

പാക്കിസ്താനിലെ റാവൽപിണ്ടിയിൽനിന്നു വന്ന ഒരുവനിത: 15 വർഷം മുമ്പേ പാക്കിസ്താനിൽ നിന്നുകൊണ്ട് ബയ്അത്തു ചെയ്യുക എനിക്ക് സാധ്യമായിരുന്നില്ല. എന്റെ പഠനം തുടരാനാണ് അന്ന് നിർദ്ദേശം ലഭിച്ചത്. ഞാൻ കഠിനാധ്വാനം ചെയ്യുകുകയും ടെക്നോളജിയുടെ രംഗത്ത് എനിക്ക് ഗോൾഡ് മെഡൽ ലഭിച്ചു. ഈ വിജയത്തിൽ ഒരു ദിവസം മുമ്പേ എനിക്ക് ഹുദൂറിൽനിന്ന് അവാർഡ് ലഭിച്ചു. എന്റെ മാതാപിതാക്കൾ അഹ്മദിയ്യത്ത് സ്വീകരിക്കാൻവേണ്ടി ഹുദൂറിനോട് ദുആക്കപേക്ഷിക്കുന്നു.

ഒരു വനിത: നഫ്സിന്റെ സ്വേച്ഛയിന്മേൽ മരണം വരുന്നതിലേക്ക് നയിക്കുന്ന ഏതെങ്കിലും പ്രവർത്തി പറഞ്ഞു തരുമോ?

ഹുദൂർ അൻവർ: അഞ്ചു നേര നമസ്കാരം നിർവഹിക്കുക. അല്ലാഹുവും അവന്റെ ദൂതനും എന്തെല്ലാം പറഞ്ഞിട്ടുണ്ടോ അതനുസരിച്ച് പ്രവർത്തിക്കുക.

ഒരു വനിത: ഞാൻ ജർമനിയിൽനിന്നാണ് വരുന്നത്. അഫ്ഘാൻകാരിയാണ്. ഹുദൂറിന്റെ ഖുത്ബ പതിവായി കേൾക്കുന്നു. ഞാനൊരു സ്വപ്നം കണ്ടു. ജൽസയിൽ പങ്കെടുക്കാൻവേണ്ടി എന്റെ കുടുംബത്തോടൊപ്പം ഞാൻ യാത്ര ചെയ്യുന്നു. എന്നാൽ എനിക്കുമാത്രമേ ജൽസയിൽ വരാൻ കഴിഞ്ഞുള്ളൂ. കുടുംബത്തിന് വഴിയിൽ അപകടം ഉണ്ടാകുന്നു.

ഹുദൂർ അൻവർ: സ്വദഖ നല്കുക, ദുആ ചെയ്യുക.

അറബ് ദേശവുമായി ബന്ധമുള്ള ഒരു വനിത: ഹുദൂർ ഞാനൊരു സ്വപ്നം കണ്ടു. ഞാനെന്റെ തല ഹുദൂറിന്റെ മടിയിൽവെച്ചിരിക്കുന്നു. കാലിൽ പിടിച്ചിരിക്കുന്നു.

ഹുദൂർ അൻവർ: നിങ്ങൾ ദീനിലേക്ക് ശ്രദ്ധ നല്കേണ്ടതാണ്. വിവാഹത്തെ കുറിച്ച് ഹുദൂർ അന്വേഷിച്ചപ്പോൾ അവർ പറഞ്ഞു: എന്റെ ത്വലാഖ് കഴിഞ്ഞു. ഒരു മകനുണ്ട്.

ഹുദൂർ അൻവർ:ഇതിന്റെ അർഥം നിങ്ങൾക്ക് അല്ലാഹു കൂടുതൽ നല്ല അവസ്ഥ ഉണ്ടാക്കി തരും. അല്ലാഹു നിങ്ങൾക്ക് വളരെ നല്ല സംവിധാനം ഒരുക്കി തരുമാറാകട്ടെ. ദീനിലേക്കും തഹജ്ജുദ്, നമസ്കാരങ്ങളിലേക്കും ശ്രദ്ധ നല്കുക. അല്ലാഹു നിങ്ങൾക്ക് എളുപ്പത്തെ ഒരുക്കി തരുമാറാകട്ടെ.

**(തുടരും)**

EDITOR
H.Shamsuddin

Sub Editor : Mohammad Ismaeel
Mobile : 91 9446656123
e-mail : badarkerla@gmail.com

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

ബദ്ർ വീക്കിലി Weekly **BADAR** Qadian
ഖാദിയാൻ
Distt. Gurdaspur (Pb.) INDIA Qadian - 143516

POSTAL REG NO GDP- 44/2020-2022 Vol-6 Thursday 21 January 2021 Issue-3

MANAGER
Sheik Mujahid

Mobile: 91 9913379255
e-mail : managerbadrqnd@gmail.com
website : www.alislam.org/badr

**ANNUAL SUBSCRIPTION** : Rs. 500/- (Per Issue : Rs. 9/-) (**WEIGHT** - 20-50 gms/issue)

**(പേജ് 2ൽനിന്ന്)**

വും ഉപയോഗശൂന്യവുമാണെന്ന് തെളിവുകൾ നിരത്തി സമർഥിച്ചു. അപ്പോൾപ്പിന്നെ ദോഷപ്രവണമായ കാരണത്താൽ ക്രിസ്ത്യാനികളുടെ ദേഷ്യം ഉണ്ടാകേണ്ടതു തന്നെയായിരുന്നു. അതിനാൽ അവർ എത്രയൊക്കെ കെട്ടിച്ചമച്ചു പറഞ്ഞാലും അത് കുറവായിരിക്കും.'(ചശ്മയെ മസീഹി, റൂഹാനീ ഖസാഇൻ വാള്യം 20, പേജ് 343)

സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: 'പാതിരിമാരുടെ........നെഞ്ചിൽ ഇസ്‌ലാം തന്നെയാണ് കല്ലായിട്ടുള്ളത്. മറ്റു എല്ലാ മതങ്ങളും അവരുടെ പക്കൽ പൗരുഷമില്ലാത്തതാണ്. ഹിന്ദുക്കളും ക്രിസ്തുമതം സ്വീകരിച്ച് ഇസ്‌ലാമിനെത്തന്നെ ഖണ്ഡിച്ച് ഗ്രന്ഥങ്ങളെഴുതാൻ തുടങ്ങിയിരിക്കുന്നു. രാമചന്ദറും ഠാകുർദാസും ഇസ്‌ലാമിനെ ഖണ്ഡിച്ച് തങ്ങളുടെ സകല ശക്തിയും ചെലുത്തി ഗ്രന്ഥമെഴുതി. കാര്യമെന്താണെന്നാൽ ഇസ്‌ലാം മുഖേനതന്നെയായിരിക്കും അവരുടെ നാശമെന്ന് അവരുടെ കോൺഷൻസ് വിളിച്ചോതുന്നു. അതിന്റെ ഭയം സ്വാഭാവികമായും പതിക്കുകയാണ്. അവ മുഖേനയാണ് നാശമുണ്ടാകുന്നത്. പൂച്ചയെ കാണുമ്പോൾ കോഴിക്കുഞ്ഞ് ചിലയ്ക്കാൻ തുടങ്ങുന്നതുപോലെ വിവിധ മതാനുയായികൾ പൊതുവേയും ക്രിസ്ത്യാനികൾ പ്രത്യേകിച്ചും ഇസ്‌ലാമിനെ ഖണ്ഡിക്കാൻ ശക്തി ചെലുത്തുകയാണ്. ഇതിനുകാരണം അവർക്ക് ദൃഢമായും അറിയാം. എന്നല്ല നിരർഥമായ മതങ്ങളെയെല്ലാം ധൂളീകരിച്ചിടുന്ന മതം ഇസ്‌ലാം മാത്രമാണെന്ന് അവരുടെ ഉള്ളിന്റെയുള്ളിൽ അവരുടെ മനസ്സ് അവരോടു പറയുകയും ചെയ്യുന്നുണ്ട്.'(മൽഫൂദാത്ത് വാള്യം 1, പേജ് 110. പ്രസാധകർ ഖാദിയാൻ 2003)

ഇത്തരക്കാരെപ്പോലുള്ളവരും ഇസ്‌ലാമിൽനിന്ന് മുർത്തദ്ദായിപോയി പാതിരിമാരായവരും നബി(സ)തിരുമേനിയെ ചീത്ത പറയുന്നതും അതിന്റെമേൽ ആക്രമണം നടത്തുന്നതും അവരുടെ ദൃഷ്ടിയിൽ ഇസ്‌ലാം കീഴടക്കാൻപറ്റാത്തൊരു കോട്ടയാണെന്ന ഒരു കാരണം മാത്രമല്ല. മറിച്ച് മറ്റൊരു കാരണവും കൂടിയുണ്ട്. അതിതാണ് ഇപ്രകാരം ഇസ്‌ലാമിൽനിന്ന് മുർത്തദ്ദായിപ്പോയി പാതിരിമായവർ ബ്രിട്ടീഷുകാരായ പാതിരിമാരെ സന്തോഷിപ്പിക്കാനാഗ്രഹിക്കുന്നു. അവരുടെ മുമ്പിൽ ഇസ്‌ലാമിനോടുള്ള അവരുടെ വെറുപ്പും ക്രിസ്തുമതത്തോടുള്ള സ്നേഹവും പ്രകടിപ്പിക്കുകയും ചെയ്യുന്നു. നഊദു ബില്ലാഹ് മിൻ ദാലിക്. സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു: ക്രിസ്ത്യൻ പള്ളികളിൽ വിശപ്പുകാരണത്താൽ പോകുന്നവർ സമ്മേളിക്കുകയും ഇവരെല്ലാവരും അവരുടെ പണത്തോടുള്ള ആർത്തിയിലും അവരുടെ ഉന്നതിയിലും ആകർഷ്ടരാകുകയും ചെയ്തു. പിന്നീട് അവർ സൃഷ്ടികളിൽ ഉത്തമനായ നബി(സ)തിരുമേനിക്കെതിരെ കഠിനമായ വാക്യങ്ങൾ ഉപയോഗിച്ച് അവരെ സുഖിപ്പിക്കുകയും പുതിയ പുതിയ തരത്തിലുള്ള നിന്ദ്യതകളും പുതിയ പുതിയ കണ്ടുപിടിത്തങ്ങളും ആക്ഷേപങ്ങളും അവർക്കുവേണ്ടി ഉണ്ടാക്കുകയും ചെയ്തു; ഇസ്‌ലാമിൽനിന്ന് വേർപെട്ട തങ്ങൾ ക്രിസ്തുമതത്തിൽ ഉറച്ചുനില്ക്കുമെന്ന് അവർക്കു കാണിച്ചുകൊടുക്കാൻ! അപമര്യാദപരമായ അത്തരം കാര്യങ്ങൾകൊണ്ട് അവരുടെ പ്രത്യേക സുഹൃത്തുക്കളായിത്തീരാൻ! അവരുടെ മധ്യവർത്തിത്വത്തിലൂടെ തങ്ങളുടെ ആവശ്യങ്ങൾ പൂർത്തിയാക്കാൻ!അവരുടെ കണ്ണുകളിൽ തങ്ങളെ ഭക്തരും സാത്വികരുമാക്കികാണിക്കാനും.(നൂറുൽഹഖ് അൽഹിസ്സ്വത്തിൽഊലാ റൂഹാനീ ഖസാഇൻ വാള്യം 6, പേജ് 47)

സയ്യിദുനാ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) അവർക്ക് ഒരു സദുപദേശം കൊടുത്തുകൊണ്ട് പറഞ്ഞു: 'എനിക്ക് അത്ഭുതം തോന്നുകയാണ്. ഇവർ വിദ്യാസമ്പന്നരാണെന്നും സംസ്കാരത്തിന്റെ വാദക്കാരാണെന്നും പറഞ്ഞുകൊണ്ട് കോടിക്കണക്കിന് മനുഷ്യരുടെ നേതാവിനുമേൽ സാങ്കല്പികമായ കാര്യങ്ങളുടെ അടിസ്ഥാനത്തിൽ എങ്ങനെയാണ് ആക്രമണം നടത്തുന്നത്. വാസ്തവത്തിൽ അവരുടെ സ്വഭാവങ്ങൾ എത്രമാത്രം അധഃപതിച്ചതും നീചവുമാണെന്നാൽ ആളുകൾ അതുകണ്ട് ലജ്ജിക്കുന്നു. അവരുടെ ഈ പ്രവർത്തനം ഭരണമുള്ളതുകൊണ്ടുമാത്രമാണ്. മുസ്‌ലിമീങ്ങൾ ലോകത്ത് ഭരണാധികാരികളായിരിക്കുമ്പോൾ ഇക്കാലത്ത് ക്രിസ്ത്യാനികൾക്കെതിരിൽ മുസ്‌ലിമീങ്ങളുടെ ശോഷിച്ച അവസ്ഥയെക്കാളും ശോഷിച്ചതായിരുന്നു അക്കാലത്ത് അവരുടേത്. എന്നിട്ടും അവർക്ക് നാണവുമുണ്ടാകുന്നില്ല. അക്കാലത്തും മുസ്‌ലിമീങ്ങൾ നസ്റേത്തുകാരനായ യേശുവിന്നെതിരിൽ കഠിനമായ പദങ്ങളൊന്നും ഉപയോഗിച്ചിരുന്നില്ല. മുസ്‌ലിമീങ്ങൾ ആയിരം വർഷംവരെ ക്രൈസ്തവരാജ്യങ്ങളിൽ ഭരണം നടത്തിഅവരെ നയിച്ച് ഏതൊരു ആദരവ് പ്രകടിപ്പിച്ചുവോ ക്രിസ്ത്യാനികൾ 300 വർഷത്തെ ഭരണത്തിൽ ഇത്രമാത്രം അഹങ്കാരികളാകാതിരുന്നെങ്കിൽ! ഈ നബിമാരുടെ നേതാവിനുമേൽ ഇപ്രകാരം മൃഗങ്ങളെപ്പോലെ ആക്രമിക്കാതിരിക്കുകയും മുസ്‌ലിമീങ്ങളുടെ ആ ഔദാര്യങ്ങൾ അല്പം ശ്രദ്ധിക്കുകയും ചെയ്തിരുന്നെങ്കിൽ. അവർ യേശുവിന്നെതിരിൽ ഒരിക്കലും അക്രമപരമായ ചുവടു ഉയർത്തിയിരുന്നില്ല. ക്രൈസ്തവർ നബി(സ)തിരുമേനിക്കെതിരിൽ പറഞ്ഞതിനെക്കാൾ കൂടുതൽ മുസ്‌ലിമീങ്ങൾക്ക് പറയാൻ കഴിയുമായിരുന്നു. അതിനുള്ള അവകാശവും അവർക്കുണ്ടായിരുന്നു.'(തഫ്സീറെ കബീർ വാള്യം 1 പേജ് 253)

വരും ലക്കങ്ങളിൽ ഞങ്ങൾ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ നിർദേശങ്ങളുടെ വെളിച്ചത്തിൽ ഇസ്‌ലാമിനെപ്പോലുള്ള പരിശുദ്ധ മതത്തെ ഉപേക്ഷിച്ച് എന്തിനാണ് മുസ്‌ലിം ഉലമാ ക്രൈസ്തവമതത്തിന്റെ മടിത്തട്ടിൽ പോയിരുന്നത് എന്നതിനെ സംബന്ധിച്ച് വെളിച്ചം വീശുന്നതായിരിക്കും. സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സമ്മാനം പ്രഖ്യാപിച്ചുകൊണ്ടുള്ള വെല്ലുവിളിയും വിശദീകരിക്കുന്നതായിരിക്കും.(മൻസ്വൂർ അഹ്മദ് മസ്റൂർ)

## ബദ്ർ ആഴ്ചപ്പതിപ്പ് സ്വയം വായിക്കുക; തങ്ങളുടെ സുഹൃത്തുക്കൾക്കുവേണ്ടി വരിക്കാരാകുക.

സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലാഹുത്തആലാ ബിനസ്വ്രിഹിൽ അസീസ് ബദ്ർ ആഴ്ചപ്പതിപ്പിന്റെ സ്പെഷ്യൽ പതിപ്പിലേക്ക് സന്ദേശം അയച്ചുകൊണ്ട് പറഞ്ഞു: ജമാഅത്തംഗങ്ങളുടെ ആത്മീയ പരിഷ്കരണത്തിനും അഭിവൃദ്ധിക്കുംവേണ്ടിയാണ് ബദ്ർ ആഴ്ചപ്പതിപ്പ് ആരംഭിച്ചിട്ടുള്ളതെന്ന് അതിന്റെ പ്രവർത്തകരും വായനക്കാരും എപ്പോഴും ഓർക്കേണ്ടതാണ്. നമ്മുടെ പൂർവിക മഹാത്മാക്കൾ പ്രതികൂലാവസ്ഥയിലും അത് തുടർന്നുകൊണ്ടുവരാൻ ആത്മാർഥമായി ശ്രമിച്ചു. അവരുടെ ദുആകളുടേയും തെളിമയാർന്ന ശ്രമങ്ങളുടേയും അനുഗ്രഹത്താൽ ഇന്നുവരെ അത് നടന്നുവരുന്നു. ഇക്കാര്യം വിളിച്ചോതുന്നത് ഏറ്റവും കൂടുതൽ അഹ്മദികൾ അത് വായിക്കണമെന്നും പ്രയോജനപ്പെടുത്തണമെന്നുമാണ്. അല്ലാഹു അവന്റെ കൃപകൊണ്ട് ഭാരതത്തിലെ അഹ്മദികൾക്ക് മറ്റു ലോകഅഹ്മദികളെ അപേക്ഷിച്ച് പ്രത്യേകമായും ഇത് വായിക്കാനും ഇതുമായി ബന്ധപ്പെട്ട അനുഗ്രഹങ്ങളിൽനിന്ന് ഫലമെടുക്കാനും സൗഭാഗ്യം പ്രദാനം ചെയ്യുമാറാകട്ടെ. ആമീൻ.

സയ്യിദുനാ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽഖാമിസിന്റെ (അയ്യദഹുല്ലാഹ്) സുപ്രധാനവും ഉൾക്കാഴ്ചാഭരിതവുമായ മേൽനിർദേശത്തിന്റെ വെളിച്ചത്തിൽ, ഓരോ വീട്ടിലും ബദ്ർ ആഴ്ചപ്പതിപ്പിന്റെ വായന നടപ്പിൽ വരുത്തേണ്ടത് അനിവാര്യമാണെന്ന് ഭാരതത്തിലെ ജമാഅത്തംഗങ്ങളെ ഓർമിപ്പിക്കുകയാണ്. ഇതിൽ വിശുദ്ധഖുർആൻ, തിരുഹദീഥ്, ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉപദേശനിർദ്ദേശങ്ങൾക്കു പുറമെ ഖലീഫത്തുൽ മസീഹിന്റെ ജുമുഅ ഖുത്വ്ബകളും പ്രഭാഷണങ്ങളും അതുപോലെതന്നെ അവിടന്ന് വിവിധരാജ്യങ്ങളിൽ നടത്തുന്ന പര്യടനങ്ങളുടെ ഹൃദ്യ വും ഈമാൻ ദൃഢീകരിക്കുന്നതുമായ റിപ്പോർട്ടുകളും കൃത്യമായി പ്രസിദ്ധീകരിച്ചുവരുന്നു. ഇതു വായിക്കേണ്ടത് ഓരോ അഹ്മദിക്കും നിർബന്ധമാണ്. ദൈവകൃപയാൽ ഇപ്പോൾ ഈ ആഴ്ചപ്പ തിപ്പ് ഹിന്ദി, ബംഗ്ല, തമിൾ, തെലുങ്ക്, മലയാളം, ഒഡിയ ഭാഷകളിൽ പ്രസിദ്ധീകരിച്ചുവരുന്നു. ഇതുവരെ വരിക്കാരായിട്ടില്ലാത്ത അഹ്മദികൾ, വരിക്കാരാകുകയും സ്വയം വായിക്കുകയും കുട്ടികളേ യും വീട്ടിലെ മറ്റുള്ളവരേയും വായിക്കാൻ പ്രേരിപ്പിക്കുകയും ചെയ്യേണ്ടതാണ്. ബദ്ർ ആഴ്ചപ്പതിപ്പ് ലഭ്യമാകുന്നതിനേയും വരിസംഖ്യ നല്കുന്നതിനേയും സംബന്ധിച്ച് എന്തെങ്കിലും പരാതിയുണ്ടെങ്കിൽ താഴെ കാണുന്ന നമ്പറുകളിൽ ബന്ധപ്പെടുക. +911872224757, +919417020616, managerbadrqnd@gmail.com

## തിരുനബിയുടെ തിരുമൊഴികൾ:

**ഹദ്റത്ത് അബൂദർറിൽ(റ)നിന്ന് നിവേദനം. അദ്ദേഹം പറഞ്ഞു:' നബി(സ)തിരുമേനിയോടു ആരോ ചോദിച്ചു:'നന്മ പ്രവർത്തിക്കുകയും അതിനെ ചൊല്ലി ആളുകൾ പ്രശംസിക്കുകയും ചെയ്യുന്ന ഒരാളെ കുറിച്ച് അങ്ങ് എന്തു പറയുന്നു?' അവിടന്ന് പറഞ്ഞു:'അതു വിശ്വാസിക്ക് ലഭിക്കാനിരിക്കുന്ന സന്തോഷത്തിന്റെ മുന്നോടിയാകുന്നു.' (മുസ്‌ലിം, ഹദീഥ് 500)**

**ത്വാലിബെ ദുആ**
**K.Muhammad Shareef &Family,Ahmadiyya Jama-ath Vaniyambalam, Kerala**

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press. Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin